അധികാരം ജനങ്ങളിലേക്ക്





# കപ്പൂർ ഗ്രാമ പഞ്ചായത്ത്

# വികസന രേഖ

98-3

# കപ്പൂർ

## ഗ്രാമപഞ്ചായത്ത്
## വാർഡ് മാപ്പ്



മുഖചിത്രം : മുസ്തഫ, ആറുമുഖൻ

D.T.P. Intimate Graphics, Cherplassery

മുദ്രണം: ആൽഫാഗ്രാഫിക്സ്, ഷൊർണൂർ

# ഉള്ളടക്കം


I. പ്രാധമിക മേഖല

1. കൃഷിയും ജലസേചനവും.

2. മൃഗസംരക്ഷണവും മത്സ്യബന്ധനവും.

II. ദ്വിതീയ മേഖല

1. വ്യവസായം.

2. ഊർജ്ജം.

3. ഗതാഗതം.

4. മാർക്കറ്റ്.

5. ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും.

III. തൃതീയ മേഖല.

1. വിദ്യാഭ്യാസം.

2. പൊതുജനാരോഗ്യം.

3. കുടിവെള്ളം.

4. സംസ്കാരം.

5. വനിതാക്ഷേമം.

6. സഹകരണ സംഘം.

7. പട്ടിക ജാതി പട്ടിക വർഗ്ഗം.

8. വിഭവ സമാഹരണം.

# മുൻ പഞ്ചായത്ത് ഭാരവാഹികൾ



M.S.KUNJHUNNI
Ex. President
1964-67



C.H.MOHAMMED
Ex.President
1967-79
Vice.President '64-'67



P. ABOOBAKKAR
Vice.President
'67-'79



M.CHANDRAN
President
'79-'85



V.MOHAMMED
Vice.President
'79-'85



K.UMMER
Vice. President
'87-'95



K.GOVINDANKUTTY MENON
President
'87-'95

# നിലവിലുള്ള ഗ്രാമ പഞ്ചായത്ത് ബോർഡ്



K.MOOSAKUTTY
President



T.H.SHOUKKATHALI
Vise.president



M.LALITHA
Chair person
Standing Commitee



V.CHINNAMMU
Ward no .1



V.P.BHASKARAN
Ward no. 2



M.VASUDEVAN
Ward no. 3



M.K.RATNAKUMARI
Ward no.5



K.HAMZA
Ward no.7



K.P. BALACHANDRAN
Ward no. 8



MARIYUMMA.K
Ward no. 9



P.IBRAHIM KUTTY
Ward no.11



K.P.RAJAGOPALAN
Secretary



**P.MAMMY KUTTY**
**Sanding Committe Chairman**
**Palakkad Dist.**



P.E.ABDULSALAM
BLOCK PANCHAYAT MEMBER
Thrithala Block
Kappoor



P.SAROJINI
Block Panchayat Member
Thrithala Block
Anakkara



നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടം അവുക്കാദർ കുട്ടിനഹ ഉൽഘാടനം ചെയ്യുന്നു.



പുനരർപ്പണ ദിനത്തിലെ ശ്രമദാനം



ഏററവും നല്ല വിവിധ കൃഷിക്കാരെ ആദരിക്കൽ



കർഷക സംഘം

## ആമുഖം

ഒന്നര ശതാബ്ദക്കാലം കോളോണിയിൽ ഭരണത്തിൻ കീഴിലായിരുന്നഭാരതം 1947 ആഗസ്ററ് 15ന് സ്വാതന്ത്ര്യത്തിൻെറ പ്രകാശത്തിലേയ്ക്ക് മിഴിതുറന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം അധികാരം കയ്യാളിയ കരങ്ങൾ മാറിയെങ്കിലും ഭരണ വികസന രംഗങ്ങളിലെ പുരോഗതി രാഷ്ട്രപിതാവിൻെറ പ്രതീക്ഷയ്ക്കൊത്ത് ഉയരുകയുണ്ടായില്ല. ഗ്രാമപഞ്ചായത്ത് എന്ന അടിസ്ഥാന സങ്കൽപം പോലും നാൽപ്പത്തിയേഴ് വർഷങ്ങൾക്കുശേഷമാണ് നടപ്പിലാക്കാനായത്. അധികാരവും ആസൂത്രണവും മുകളിൽ നിന്ന് താഴോട്ടൊഴുകിയപ്പോൾ തകർന്നുപോയത് ജനാഭിലാഷങ്ങളാണ്.

തീരുമാനത്തിലോ നിർവ്വഹണത്തിലോ ഇതുവരെ സാധാരണക്കാരൻെറ ചിന്തയ്ക്കോ താത്പര്യങ്ങൾക്കോ സ്ഥാനമുണ്ടായിരുന്നില്ല. ആസൂത്രണ പ്രക്രിയകൾ താഴെ നിന്ന് മുകളിലേയ്ക്ക് ആകുമ്പോഴേ വികസന പ്രവർത്തനങ്ങൾ സാർഥമാകൂ. കേരളത്തിൽ രൂപം നൽകിയിട്ടുള്ള ജനകീയാസൂത്ര പ്രസ്ഥാനം അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശാമാററം നൽകിയ ആസൂട്ടതണ പദ്ധതി ആവിഷ്ക്കരിക്കുന്നു. ആസൂത്രണ വികസന പ്രവർത്തനങ്ങളിൽ ഭിന്നതകൾക്കതീതമായ ഐക്യത്തിൻെറ മേഖലകൾ സൃഷ്ടിക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നുറപ്പാണ്.

കേരള സർക്കാർ ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചിരിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതി നമ്മുടെ സംസ്ഥാനത്തിൻെറ വികസന ചരിത്രത്തിൽ ഒരു നാഴിക കല്ലായിത്തീരും . അധികാരവും സമ്പത്തും പഞ്ചായത്തുകൾക്ക് നൽകപ്പെടുമ്പോൾ ജനതാത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന ഒരു പുത്തൻ വികസന സംസ്കാരത്തിന് നാം നന്ദി കുറിക്കുകയാണ്. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം കേരള സർക്കാറിൻെറ ചില പദ്ധതികൾ, കേന്ദ്ര സർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്ന് ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, ജനകീയ സംഭാവനകൾ തുടങ്ങി വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ നിരവധിയുണ്ടെങ്കിലും ഇവയുടെ ഗുണഫലങ്ങൾ സാധാരണക്കാര നിലേക്കെത്തുന്നില്ല. നമ്മുടെ സംസ്ഥാനവും ഗ്രാമപഞ്ചായത്തുകളും അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർ ണ്ണമല്ലെങ്കിലും തൃപ്തികരമായൊരു പരിഹാരം കാണുവാൻ പുതിയ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജന പങ്കാളിത്തം സജീവമാകുമ്പോൾ, പ്രവർത്തനങ്ങൾ സുതാര്യമാകുമ്പോൾ നിലവിലുള്ളതും ഏറെറടുക്കുവാൻ പോകുന്നതുമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകും. അഴിമതിയുടെ കൈവഴികൾ ഇതോടെ അടഞ്ഞുപോകുകയും ചെയ്യും.

പൊൻ ചിങ്ങപുലരിയിൽ ഉൽഘാടനം ചെയ്യപ്പെട്ട ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായ പ്രവർത്തനങ്ങൾ കപ്പൂർ പഞ്ചായത്തിലാരംഭിച്ചത് . കർഷക ദിനാചരണത്തോടെയായരിന്നു. തുടർന്ന് 1996 സെപ്തംബർ 21_ാം തിയ്യതി നടത്തിയ പഞ്ചായത്ത് വികസന സെമിനാർ പൗരമുഖ്യരുടേയും വിവിധ സംഘടനാ പ്രതിനിധികളുടെയും സജീവ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ട മാർഗ്ഗരേഖക്ക് ഈ സെമിനാർ രൂപം നൽകി.

ഗാന്ധിജയന്തിയോടനുബന്ധിച്ച് പഞ്ചായത്തിലെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമ സഭകൾ ചേർന്നു. ഓരോ ഗ്രാമസഭയും ജനപങ്കാളിത്വം കൊണ്ടും ക്രിയാത്മകമായ ചർച്ചകൾ കൊണ്ടും ശ്രദ്ധിക്കപ്പെട്ടു. ഈ ഗ്രാമ സഭകളിൽ നിന്നാണ് പഞ്ചായത്തു വികസന സമിതികളിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തത്.

ത്യാഗോജ്ജ്വലമായ പ്രവർത്തന പാരമ്പര്യത്തിൽ നിന്ന് ഊർജ്ജം ഉൾകൊണ്ടുകൊണ്ട് ഐക്യബോധത്തിൻെറയും സേവനസന്നദ്ധതയുടെയും അടിത്തറ പാകികൊണ്ട് "ഒമ്പതാം പദ്ധതി, ജനകീയ പദ്ധതി" എന്ന ആശയം സാക്ഷാത്കരിക്കുന്നതിന് തോളോടു തോൾ ചേർന്ന് നമ്മുക്ക് മുന്നേറാം.

# പഞ്ചായത്ത് പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | കപൂർ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | കപൂർ |
| ബ്ലോക്ക് പഞ്ചായത്ത് | തൃത്താല |
| താലൂക്ക് | ഒററപ്പാലം |
| അസംബ്ലി മണ്ഡലം | തൃത്താല |
| ജില്ല | പാലക്കാട് |
| വിസ്തീർണ്ണം | 23.52 ച. കിലോമീററർ . |
| ജനസംഖ്യ | 28777 |
| പുരുഷൻമാർ | 14287 |
| സ്ത്രീകൾ | 14490 |
| ജനസാന്ദ്രത | 1224/ച.കി.മീററർ |
| സാക്ഷരർ | 21398 |
| വാർഡുകൾ | 11 |
| പ്രസിഡൻറിൻെറ പേര് | കെ. മൂസകുട്ടി |
| വൈസ് പ്രസിഡൻറിൻെറ പേര് | സി. എച്ച്. ഷൗക്കത്തലി |
| സ്ററാൻറിങ്ങ് കമ്മിററി ചെയർപേൾസൺ | എം. ലളിത |

# സാമൂഹിക സാംസ്കാരിക ചരിത്രം

"കപ്പൂർ" എന്ന സ്ഥാനനാമത്തെ കുറിച്ച് പല കേട്ടറിവുകളുമുണ്ടെങ്കലും പ്രാചീന സാംസ്കാരവുമായി ബന്ധപ്പെട്ടാണ് ഈ പേര് വന്നതെന്ന് കരുതേണ്ടിയിരിക്കുന്നു. ശിലായുഗത്തിൻെറ സ്മരണകളുണർത്തുന്ന ഗുഹകൾ, ശിലാലിഖിതങ്ങൾ, നന്നങ്ങാടികൾ തുടങ്ങിയവ ഈ ഗ്രാമത്തിൻെറ പൗരാണിക സംസ്കാരത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ഈ ഗ്രാമത്തിൻെറ സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള അന്വേഷണം "മാവറയിലുള്ള" അപ്പത്തും കുന്നിലേക്കും മഹാപണ്ഡിതനായിരുന്ന അപ്പത്ത് അടിതിരി യെപ്പോലുള്ളലരിലേക്കും ചെന്നെത്തുന്നു. ഗ്രാമത്തിൻെറ വിവിധ ഭാഗങ്ങളിലായി കാണപ്പെടുന്ന ചില ക്ഷേത്രങ്ങൾ നമ്മെ പ്രാചീന സാംസ്കാരവുമായി ബന്ധിപ്പിക്കുന്ന കണ്ണികളാണ്. ശതാബ്ധങ്ങൾക്ക് മുമ്പുതന്നെ സ്ഥആപിക്കപ്പെട്ട മുസ്ലീം ദേവാലയങ്ങളും ഈ ഗ്രാമത്തിൻെറ സാംസ്കാരിക സമ്പന്നതയുടേയും മതമൈത്രിയുടെയും നിർദ്ദേശനങ്ങളായി നിലകൊള്ളുന്നു.

ദേശീയ പ്രസ്ഥാനത്തിൽ മമ്മുക്കുള്ള പങ്കാളിത്തം വിലയിരുത്തുമ്പോൾ സർവ്വശീ നെല്ലേക്കാട്ട് വെഴൂർ വാരിയത്ത് ശൂലപണി വാര്യർ, വാക്കുളങ്ങര മുഹമ്മദ്, തോണ്ടലിൽ മൂസക്കുട്ടി, കെ.പി. മാധവമേനോൻ, എൻ.വി. രാമവാര്യർ, പി.വൈ. ഹമീദ് തുടങ്ങിയവരുടെ സംഭാവനകൾ ചിരസ്മരണീയമാണ്. പുതിയ തലമുറക്ക് ആവേശം നൽകികൊണ്ട് സ്വാനുഭവങ്ങൾ പങ്കുവെക്കാൻ സ്വാതന്ത്ര്യ സമരം സേനാനിയായ ശ്രീ. അഹമ്മത്ത് കാരൂത്തും, ഐ.എൻ.എയിൽ സേവനമനുഷ്ഠിച്ച ശ്രീ. ഐ. ശങ്കരമേനോനും ഇന്നും നമ്മോടൊപ്പമുണ്ട്.

കപ്പൂർ പഞ്ചായത്ത് രൂപം കൊണ്ടത് 1962 ലാണെങ്കിലും ആദ്യത്തെ പഞ്ചായത്ത് ബോർഡ് നിലവിൽ വന്നത് 1964 ജനുവരി മാസത്തിലാണ്. അത് പഞ്ചായത്താഫീസ് കാഞ്ഞിരത്താണിയിലെ വാടകകെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് പഞ്ചായത്താസ്ഥാനം കുമരനല്ലൂരിലെക്ക് മാററി. ഇന്ന് കാണുന്ന പഞ്ചായത്താഫീസ് 1968ൽ അന്നത്തെ തദ്ദേശ സ്വയഭരണ വകുപ്പ് മന്ത്രി ശ്രീ. അവുക്കാദർ കൂട്ടി നഹ ഉൽഘാടനം ചെയ്തു.

ഏഴു വാർഡുകളാണ് ആദ്യ പഞ്ചായത്തിലുണ്ടായിരുന്നത്. ഇതിൽ 4_ാം വാർഡ് ദ്വയാംഗ (SC) മണ്ഡലമായിരുന്നു. ഇതിന് പുറമെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു വനിതാ പ്രതിനിധിയും പഞ്ചായത്ത് ബോർഡിൽ ഉൾപെ 5ട്ടിരുന്നു.പ്രഥമ

പഞ്ചായത്ത് ബോർഡ് : (1964 _ 1979)

ശ്രീ. എം.എസ്. കുഞ്ഞുണ്ണി (പ്രസിഡൻറ്)

ശ്രീ. സി. എച്ച് മുഹമ്മദ്. (വൈസ് പ്രസിഡൻറ്)

ശ്രീ. അച്ചുതൻ നമ്പ്യാർ

ശ്രീ. മൂർക്കോത്ത് നാരാ7ണൻ

ശ്രീ. അഹമ്മദ് കാരുത്ത്

ശ്രീ. പള്ളത്ത് അബൂബക്കർ

ശ്രീ. കെ.കെ. വിശ്വനാഥമേനോൻ

ശ്രീ. ടി.പി. കോർമ്മൻ

ശ്രീമതി. ടി. എൻ. പത്മിനി

ശ്രീ. എം.എസ് കുഞ്ഞുണ്ണി അന്നത്തെ ഗതാഗത വകുപ്പു മന്ത്രിയുടെ പ്രൈവെററ് സെക്രട്ടറി ആയതിനെ തുടർന്ന് മേമ്പർ സ്ഥാനം രാജിവെക്കുകയും ശ്രീ. സി.എച്ച. മുഹമ്മദ് പ്രസിഡൻറായും പള്ളത്ത് അബൂബക്കർ വൈസ് പ്രസിഡൻറായും സ്ഥാനമേൽക്കുകയും ചെയ്തു. പിന്നീട് നടന്ന തെരഞ്ഞെടുപ്പുകളിൽ ശ്രീ. എം. ബാലകൃഷ്ണമേനോനും രണ്ടാം വാർഡിൽ നിന്നുള്ള മെമ്പരുടെ നിർണ്ണായത്തെ തുടർന്ന് ശ്രീ. വി.എം. മുരളീധരമേനോനും പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വനിതാ പ്രതിനിധിയുടെ രാജിയെ തുടർന്ന് ശ്രമതി. കാർത്തിയായിനി ബോർഡിലേക്ക് നാമ നിർദ്ദേശം ചെയ്യപ്പെട്ടു.

തുടർന്നുള്ള പഞ്ചായത്തു ബോർഡുകൾ: 1979_1984)

ശ്രീ. എം. ചന്ദ്രൻ (പ്രസിഡൻറ്)

ശ്രീ വി. മുഹമ്മദ് (വൈസ് പ്രസിഡൻറ്)

ശ്രീ. കെ. ഗോവിന്ദൻകുട്ടി മേനോൻ

ശ്രീ. കെ. എം. ബാലകൃഷ്ണമേനോൻ

ശ്രീ. വി.പി. ചക്കൻ

ശ്രീ. സി.എച്ച്. ഷൗക്കത്തലി

ശ്രീ. പി. പ്രഭാകരമേനോൻ

ശ്രീ. അക്കിത്തം ജയരാമൻ

ശ്രീമതി. വി. ചിന്നമ്മു

1984 മുതൽ 1987 വരെ അഡ്മിനിസ്ററെർ ഭരണം

1987_1996

ശ്രീ. കെ. ഗോവിന്ദൻകുട്ടി മേനോൻ (പ്രസിഡൻറ്)

ശ്രീ. കെ. ഉമ്മർ (വൈസ് പ്രസിഡൻറ്)

ശ്രീ. എ. നാരായണൻ

ശ്രീ. മൂർക്കത്ത് നാരായണൻ

ശ്രീ. എം. ഭാസ്ക്കരൻ

ശ്രീ. കെ. പി. ശ്രീധരൻ

ശ്രീ. കെ. വി. താമി

ശ്രീ. എൻ.വി. മൊയ്തീൻ കുട്ടി

ശ്രീമതി സി. സൗദാമിനി

ശ്രീമതി കെ. പി. കമലാക്ഷി.

ഏകാധ്യാപക വിദ്യാലയങ്ങളും കുടിപ്പള്ളികൂടങ്ങളുമാണ് ഔപചാരിക വിദ്യാഭ്യാസത്തിന് ഈ പഞ്ചായത്തിൽ നന്ദി കുറിച്ചത്. ഈ പഞ്ചായത്തിൽ ആദ്യമായി ഒരു ബോർഡ് എലിമെൻററി സ്കൂൾ പ്രവർത്തനമാരംഭിച്ചതി കുമരനല്ലൂരിലാണ്. കുമരനല്ലൂരിൽ തന്നെ 1929ൽ ഒരു ബോർഡ് ഹൈസ്കൂളും സ്ഥാപിക്കപ്പെട്ടു. കുമരനല്ലൂരിലെ ഗ്രാമീണ വാലനശാലക്ക് നൂറ് വർഷത്തെ പ്രവർത്തന പാരമ്പര്യം അവകാശപ്പെടാനുണ്ട്.

രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലെ പ്രമുഖരുടെ ഒരു നിരതന്നെ ഈ പഞ്ചായത്തിൻെറ സംഭാവനയായിട്ടുണ്ട്. ദേശീയ അന്തർദേശീയ രംഗങ്ങളിൽ പേരും പെരുമയുമാർജ്ജിച്ച മഹാകവി അക്കിത്തം പ്രതിരോധ വകുപ്പ് സെക്രട്ടറിയയിരുന്ന ശ്രീ. കെ.വി.എ. മേനോൻ IAS, ശ്രീ.കെ.പി.യു മേനോൻ IAS, ശ്രീ. ജസ്ററിസ്, പിററി. രാമൻനായർ, ശ്രീ. ജസ്ററിസ് പി.സി. ബാലകൃഷ്ണമേനോൻ, ശ്രീ. ജസ്ററിസ് വി.പി. രാധാകൃഷ്ണമേനോൻ ലോക പ്രശസ്ത കൃഷി ശാസ്ത്രജ്ഞൻ ഡോ. അഹമ്മദ് ബാവഷ, പ്രസിദ്ധ ചിത്രകാരനായ അക്കിത്തം നാരായണൻ തുടങ്ങിയവർ ഈ ഗ്രാമത്തിൻെറ സന്തതികളാണ്. കൂടാതെ ഇന്ന് വിവിധ മേഖലകളിൽ പ്രവർത്തന നിരധരായിരിക്കുന്ന അനേകം യുവ പ്രതിഭകളെ പേരെടുത്തു പറയാതെ തന്നെ ഈ ഗ്രാമം സാഭിമാനം സ്മരിക്കുന്നു.

# ഭൂപ്രകൃതി, ജന പ്രകൃതി, ജല പ്രകൃതി

## ഭൂപ്രകൃതി

പാലക്കാട് ജില്ലയുടെ പടഞ്ഞാറെ അറ്റത്താണ് കപ്പൂർ ഗ്രാമ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

അതിരുകൾ: കിഴക്ക് പട്ടിത്തറ, ചാലിശ്ശേരി പഞ്ചായത്തുകൾ

തെക്ക്: ചാലിശ്ശേരി പഞ്ചായത്തും മലപ്പുറം ജില്ലയും

പടിഞ്ഞാറ്: മലപ്പുറം ജില്ലയും ആനക്കര പഞ്ചായത്തും

വടക്ക്: ആനക്കര പഞ്ചായത്ത്

23.52 ച.കി. മീററർ വിസ്തീർണ്ണമുള്ള കപ്പൂർ ഗ്രാമപഞ്ചായത്തിനെ ഭൂപ്രകൃതി അനു സരിച്ച് നാലായിത്തിരിക്കാം.

1. കുന്നിൽ മണ്ടയിലെ സമതല പ്രദേശം
2. ചരിവ് പ്രദേശം
3. സമതല പ്രദേശം
4. വയൽ പ്രദേശം

ആകെ ഭൂവിസ്തൃതിയുടെ 10% കുന്നിൻമണ്ടയിലെ സമതല പ്രദേശവും 30% ചരിവ് പ്രദേശവും 35% സമതല പ്രദേശവും 25% വയലുമാണ്.

പറക്കുളം കുന്ന് നരിമാളൻ കുന്ന്, കുരുടി കുന്ന്, കണിക്കര കുന്ന്, മക്കാട് കുന്ന്, വട്ടകുന്ന്, മുള്ളൻകുന്ന്, ഇരുമ്പൻകുന്ന്, മയിലാടി കുന്ന്, ഞാറകുന്ന് എന്നിവയും മററനേകം ചെറിയ കുന്നുകളും പഞ്ചായത്തിലുണ്ട്.

ചരിവു പ്രദേശങ്ങളിൽ തെങ്ങാണ് പ്രധാന കൃഷി. ഇടവളയായി കുരുമുളകും, ചുരുങ്ങിയ തോതിൽ റബ്ബറും ഈ പ്രദേശത്ത് കൃഷി ചെയ്യുന്നു.

കപ്പൂർ പാടം, മാവറപാടം, കോരല്ലൂർ പാടം, കൊള്ളനൂർ പാടം, കല്ലടത്തൂർ പാടം, വെള്ളാളൂർ പാടം, ചേക്കോട് പാടം എന്നിങ്ങനെ വയൽ പ്രദേശങ്ങൾ അറിയപ്പെടുന്നു. വയലുകളിൽ കൂടുതലും ഇരുപൂനിലങ്ങളാണ്. സമതല പ്രദേശങ്ങളിൽ കവുങ്ങും തെങ്ങും ഇടവിളയായി വാഴ കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് പച്ചകറികൾ ചുരുങ്ങി തോതിൽ ഇഞ്ചി, മഞ്ഞൾ, വെററില എന്നിവയും കൃഷി ചെയ്യുന്നു.

## ജനപ്രകൃതി

കപ്പൂർ ഗ്രാമപഞ്ചായത്തിൽ 11 വാർഡുകളാണ് ഉള്ളത്. 5500 അധികം കുടുംബങ്ങളിലായി 28,777 പേർ താമസിക്കുന്നതായാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 14,287 പുരുഷൻമാരും 14,490 സ്ത്രീകളുമാണ്. ഇവരിൽ അയ്യായിരത്തിലധികം 5 വയസ്സിന് താഴെയുള്ള കുട്ടികളാണ്. ജന സംഖ്യയിൽ 90% സാക്ഷരരാണ്. 13.52%പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്നു. വിദ്യാഭ്യാസ രംഗത്ത് പാലക്കാട് ജില്ലയിൽ മുന്നോക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാണ് കപ്പൂർ. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവ് പഠന നിലവാരത്തിൽ കാണാൻ കഴിയുന്നില്ല. വിദ്യാർത്ഥികളിൽ 1/3 ഭാഗം വേണ്ടത്ര സാക്ഷരത ആർജിച്ചിട്ടില്ല. അഭ്യസ്ഥവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ് ഒരു പ്രശ്നമായി തീർന്നിട്ടുണ്ട്. ഏതും തൊഴിലും മാന്യമാണെന്നു ധാരണയിലേക്ക് എത്താൻ കഴിയാത്തത് തൊഴിലില്ലായ്മക്ക് ഒരു കാരണമാണെന്ന് സംശയക്കേണ്ടിയിരിക്കുന്നു.

ജനങ്ങളുടെ പ്രധാന തൊഴിൽ മേഖല ഇന്ന് തളർച്ചയെ നേരിടുകയാണ്. ഇതു തൊഴിലവസരങ്ങൾ ഉൽപാദന ക്ഷമത എന്നിവ കുറയ്ക്കുന്നു. കാർഷിക രംഗം ആദായകരമല്ലാതായിതീർന്നതാണ് ഇതിന് ഒരു പ്രധാന കാരണം. കൃഷിയിടങ്ങളും കിടപ്പാടങ്ങളും വിൽപ്പന വസ്തുവായി രൂപം പ്രാപിച്ചവരുന്നു. കാർഷക തോഴിലാളികൾ കെട്ടിട നിർമ്മാണ രംഗത്തേക്ക് കടന്നുകയററം നടത്തികൊണ്ടിരിക്കുന്നു. പുതിയ തലമുറയിൽനിന്നും കർഷകവൃത്തിയിൽ ഏർപ്പെടുന്നവരുടെ എണ്ണം ചുരുങ്ങി വരുകയാണ്. ഉൽപാദന രംഗത്ത് മാന്ദ്യവും ഉപഭോഗ രംഗത്തെ വർദ്ധനവു് തൊഴിലില്ലായ്മയും സാമ്പത്തിക കേന്ദ്രീകരണവും ഒരു കടുത്ത പ്രതിസന്ധിയിലേയ്ക്ക് നമ്മെ നയിക്കുക തന്നെ ചെയ്യും. മാനവശേഷിയെ ഗുണകരമായി ഉപയോഗപ്പെടുത്തി മാത്രമെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയൂ.

## ജല പ്രകൃതി

വർഷത്തിൽ ഏകദേശം 300 സെ.മീററിൽ അധികം മഴ ലഭിക്കുന്നുണ്ടെങ്കലും ജലസംരക്ഷണത്തിനുള്ള സാദ്ധ്യതകൾ വിരളമായതുകൊണ്ട് കുടിവെള്ളക്ഷാമം ഈ പ്രദേശത്തിൻെറ ഒരു പ്രമുഖ പ്രശ്നമാണ്. കുന്നിൻ പ്രദേശങ്ങൾ തട്ടുകളായി തിരിക്കുകയും ജല സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യേണ്ടത് ജല സംരക്ഷണത്തിന് അനിവാര്യമാണ്.

## പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

| കുളത്തിൻെറ പേര് | വാർഡ് |
|---|---|
| എലിയത്ര കുളം | 1 |
| പെരിങ്കന്നൂർ കുളം | 1 |
| തേൻകുറുശ്ശി കുളം | 1 |
| വാറം കുളം | 1 |
| തുമ്പിലചോല | 1 |
| ശിവക്ഷേത്ര കുളം | 2 |
| എരിണിക്കൽ കുളം | 3 |
| എരിഞ്ഞിലാവ് കുളം | 3 |
| പുത്തൻ കുളം | 4 |
| പുതിയ കുളം | 4 |
| പാറപുറത്ത് പഞ്ചായത്ത് കുളം | 4 |
| കണ്ടച്ചിറ കുളം | 6 |
| കാഞ്ഞിരകുളം | 6 |
| പൂണലിൽ കുളം | 6 |
| ചോല കുളം | 7 |
| പെരിയ കുളം | 8. |
| എരിഞ്ഞിപ്രകുളം | 8 |
| തുറകുളം | 9 |
| കുളാടികുളം | 9 |
| പൂതനി കുളം | 10 |
| ഇച്ചാത്തൻ കുളം | 10 |
| പാലക്കുളം | 11 |
| വക്കാട്ടു കുളം | 11 |

പഞ്ചായത്തിലെ പകുതിയിലധികം പ്രദേശങ്ങളിലും കടുത്ത കുടിവെള്ളക്ഷാമം നേരിടുന്നു. മാർച്ച് ഏപ്രിൽ, മെയ്യ് മാസങ്ങളിലാണ് ഏററവും കൂടുതൽ ജലക്ഷാമം നേരിടുന്നത്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കണ്ണാന്തളികുന്ന് കോലാത്തുപറമ്പ് നരിവാളൻ കുന്ന് കിഴാക്കു കുന്ന് എന്നീ പ്രദേശങ്ങളിൽ വർഷകാലത്തു ഒഴിച്ച് കുടിവെള്ളക്ഷാമം പരിഗണിക്കേണ്ടിയിരിക്കുന്നു.

# I

# പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും.
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും.

## 1.1 കൃഷിയും ജലസേചനവും

ഭാരതത്തിൻെറ ഭൂരിഭാഗം ജനങ്ങളും ഗ്രാമീണരാണ്. കൃഷി അനുബന്ധ മേഖല യുമായി ബന്ധപ്പെട്ടതാണ് ഗ്രാമീണരുടെ പ്രധാന തൊഴിൽ. ഇക്കാരണത്താലാണ് രാഷ്ട്രപിതാവ് ഗ്രാമങ്ങളെ സ്വയം പര്യാപ്ത മാക്കാൻ ഗ്രാമ സ്വരാജിനെപററിയും പഞ്ചായ ത്തുരാജിനെപററിയും സ്വാതന്ത്ര്യ സമരകാലത്തുതന്നെ ചിന്തിച്ചു തുടങ്ങിയത്.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ കർഷക പ്രസ്ഥാനം വഹിച്ച പങ്ക് വളരെ വലുതാണ്. ഈ പശ്ചാതലത്തിൽ നിന്നുകൊണ്ട് സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭാരതത്തിൽ പ്രത്യേകിച്ച് നമ്മുടെ സംസ്ഥാന ത്തിൽ കർഷക പ്രസ്ഥാനത്തെ പററിയും ഗ്രാമീണ കർഷകരുടെ ജീവിത രീതികളിലും കൃഷി സമ്പ്രദായങ്ങളിലും വന്നുചേർന്നു കൊണ്ടിരിക്കുന്ന മാററങ്ങളെ പററിയും ചർച്ചചെയ്യുന്നത് ഗുണകരമാകും പ്രത്യേകിച്ച് ഇന്നത്തെ തലമുറയ്ക്ക് പഴയ കർഷകരുടെ ചരിത്ര അറിയുന്നത് പ്രയോജനകരമാണ്.

നമ്മുടെ സംസ്ഥാന രൂപീകരണം 1956 നവംബർ ഒന്നിനായിരുന്നല്ലോ കേരള സംസ്ഥാന പിറവിക്കു ശേഷം 40 വർഷം നാം പിന്നിട്ടിരിക്കുന്നു. സ്വാതന്ത്ര്യം കിട്ടിയ സമയത്ത് കേരളം തിരുവിതാംകൂർ കൊച്ചി മലമ്പാർ എന്നീ മൂന്നു മേഖലകളായാണ കിടന്നിരുന്നത്. മലബാർ ബ്രിട്ടീഷ്ക്കാർ നേരിട്ട് ഭരിച്ച പ്രദേശം കൊച്ചിയും തിരുവ്താംകൂറും നാടുരാജ്യങ്ങളും അവയുടെ നിയന്ത്രണം ബ്രിട്ടീഷുകാർക്കുമായിരുന്നു.

സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഭൂമി ഭൂരിപക്ഷവും ദേവസ്വം ബ്രഹ്മസ്വം എന്നീ തലങ്ങളിലായിരുന്നു. ദേവസ്വം ദേവൻെറ ജൻമവും ബ്രഹ്മസ്വം നമ്പൂതിരിമാരുടെ ജൻമവും. ഫലത്തിൽ ഭൂരിഭാഗം ഭൂമിയുടെയും ഉടമസ്ഥത നമ്പൂതിരിമാർക്കായിരുന്നു. ബ്രാഹ്മണൻമാർ ഭൂമി പാട്ടത്തിന് കൃഷിക്കാരെ ഏൽപ്പിച്ചിരുന്നു. ചിലതരം ഭൂമി കാണത്തിന് ഇടത്തരം പ്രഭുക്കൻ മാരെ ഏൽപ്പിച്ചിരുന്നു. ഈ പ്രഭുക്കൾ കാണത്തിന് ലഭിച്ച ഭൂമി വീണ്ടും പാട്ടത്തിന് യഥാർത്ഥ കൃഷിക്കാരെ ഏൽപ്പിച്ചു. ഇങ്ങനെ ജൻമികുടിയാൻ ബന്ധം നിലവിൽ വന്നു. ചില പ്രത്യേക ഇടങ്ങളിൽ കാണകുടിയൻ എന്ന മൂഞ്ചാമതൊരു തലവും ഉണ്ടായിരുന്നു. കുടിയാൻ, പാട്ടകുടിയാൻ എന്നിവർക്കുതാഴെ കർഷക തൊഴിലാളി വിഭാഗമായിരുന്നു. കുടിയാൻ പാട്ടകുടിയാൻ കർഷകതൊഴിലാളി വിഭാഗങ്ങൾ നിത്യദാരിദ്ര്യത്തിലായിരുന്നു ജീവിച്ചു പോന്നിരുന്നത്. പാട്ടംകൊടുത്ത മുടിഞ്ഞകൃഷിക്കാരും ജോലിചെയ്തിട്ടും പട്ടിണികിടക്കുന്ന കർഷക തൊഴിലാളികളും സുഖഭോഗങ്ങളിൽ മുഴുകി കഴിഞ്ഞ ജൻമി വർഗ്ഗവുമാണ് അക്കാലത്ത് കാർഷിക രംഗത്ത് ഉണ്ടായിരുന്നത്. ഒഴിപ്പിക്കൽ ഭീക്ഷണി കൃഷിക്കാരനെ വിടാതെ പിൻതുടരുകളും ചെയ്തു. സ്വാതന്ത്ര്യം ലഭിച്ച ശേഷവും നമ്മുടെ കാർഷിക രംഗത്തിൻെറ ഒരു ഏകദേശ രേഖാചിത്രമാണിത്.

സ്വാതന്ത്ര്യ സമരത്തോട് ബന്ധപ്പെട്ട് രൂപം പ്രാപിച്ച കർഷകപ്രസ്ഥാനം ശക്തി പ്രാപിച്ച് മര്യാദ പാട്ടത്തിനു വേണ്ടിയും ഭൂമി ഒഴിപ്പിക്കലിനെതിരായി കേരളത്തിൽ അങ്ങോളമിങ്ങോളം നിരവധി പോരാട്ടങ്ങൾ നടത്തി. ഈ സമരമുഖങ്ങളിൽ കൊടുങ്കാററിൻെറ ശക്തിയോടെ ജനകീയ മുന്നേററങ്ങൾ രൂപം പ്രാപിച്ചു.

1957ൽ അധികാരത്തിൽ വന്ന ഗവൺമെൻറിൻെറ ഫലപ്രദമായ ഇടപെടൽ മൂലം കുടികിടപ്പവകാശം ലഭ്യമായി. 1967ൽ അധികാരത്തിലേറിയ സർക്കാർ കൃഷിഭൂമിയിൽ കൃഷിക്കാരന് ജൻമാവകാശം നൽകുന്ന വിവാദാത്മകമായ നിയമനിർമ്മാണം കേരള സംസ്ഥാനത്ത് നടത്തി. ഇതിൻെറ ഫലമായി 1970 ജനുവരി 1ന് കേരളസംസ്ഥാനത്ത് ഇന്ത്യാരാജ്യത്തിൻെറ ചരിത്രത്തിലാദ്യമായി ഭൂപരിഷ്കരണം നടപ്പിലായി.

ഈ ചരിത്ര പശ്ചാത്തലത്തിൽ നമ്മുടെ പഞ്ചായത്തിൻെറ ചരിത്രം പരിശോധിക്കുന്നത് നല്ലതായിരിക്കും. യഥാർത്ഥ കർഷകൻ കൃഷി ഭൂമിയുടെ ഉടമകളായി മാറിയ അനുകൂല പരിതസ്ഥിതി ചൂഷണം ചെയ്യാൻ കർഷകനു കഴിഞ്ഞു. ഭൂമിയുടെ യജമാനൻമാരായി മാറിയ കർഷകർ ആവേശത്തോടെ കൃഷിയെ സമീപിച്ചു. നെല്ലിന് ഏതാണ്ട് നല്ലവിലയും കർഷകതൊഴിലാളിയുടെ ചുരുങ്ങിയ കൂലി നിരക്കും കർഷകൻെറ സാമ്പത്തിക ഭദ്രതയ്ക്ക് സഹായകരമായി. ഉദാഹരണത്തിന് ഒരു പറ (15 ഇടങ്ങഴി) നെല്ലിൻെറ വില 30 രൂപയും പുരുഷത്തൊഴിലാളിയുടെ കൂലി 4 രൂപയും എന്ന സ്ഥിതി കർഷകൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി.

നിത്യ ദാരിദ്രം ഏററു വാങ്ങാൻ വിധിക്കപ്പെട്ടിരുന്ന കർഷകൻെറ ജീവിത നിലവാരത്തിൽ ഉണ്ടായ ഉയർച്ചയിൽനിന്ന് അവൻെറ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം നേടാനും സർക്കാർ മേഖലയിലും സ്വാകാര്യ മേഖലയിലും ഉദ്യോഗസ്തരാകാനും ഭൂമിവിററോ, പണയം വച്ചോ, വിദേശ രാജ്യങ്ങളിൽ ജോലി തേടി പോകാനും അവസരം ലഭിച്ചു. ഈ വ്യതിയാനം നമ്മുടെ കാർഷിക സംസ്കാരത്തെ തെല്ലൊന്ന് മാററിമറിക്കുക തന്നെ ചെയ്തു. ടെറസ് വീടും വാഹനങ്ങളും ഷോപ്പിംങ്ങ് കോംപ്ലക്സും ആർഭാട വസ്തുക്കളും സമ്പാദിക്കാൻ പണം ചിലവഴിക്കുന്ന ഒരു പുത്തൻ സംസ്കാരവും ആപുത്തൻ സംസ്കാരത്തിൽ നിന്ന് രൂപം കൊള്ളുന്ന മത്സര ബുദ്ധിയും നാം ആവാഹിച്ചെടുത്തു. പണത്തിൻെറ ലഭ്യത ഉപഭോഗവസ്തുക്കൾ വാങ്ങികൂട്ടുന്ന നാടായി നമ്മുടെ സംസ്ഥാനത്തെ മാററി.

ഗൾഫ് പണം നാട്ടിൽ അരങ്ങു തകർക്കാൻ തുടങ്ങിയതോടെ കഠിനാധ്വാനം ചെയ്തിരുന്ന കർഷകർ അലസനായി മാറുകയാണ് ചെയ്തത്. കൃഷിയുടെ ഉൽപ്പാദനം കുറയുകയും കൃഷിചിലവ് വർദ്ധിക്കുകയും ചെയ്തു ഭൂമി മൂലധന നിക്ഷേപത്തിന് ഉപാധിയായി മാറിയപ്പോൾ ഒരു വിഭാഗം കൃഷിഭൂമി വിററ് ബാങ്കിൽ നിക്ഷേപിച്ച് പലിശകൊണ്ട് ജീവിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. കൃഷി ഭൂമിയിൽ മണിമാളികകൾ ഉയർന്നു. കർഷക തൊഴിലാളികൾ നിർമ്മാണ തൊഴിലാളികളായി മാറി. കൃഷി മുഖ്യ തൊഴിലായി ജീവിക്കുന്നവരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു. അന്തസിൻെറ പ്രതീകമായി കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം മാറികഴിഞ്ഞ ഒരവസ്ഥ വിശേഷത്താണ് കേരളത്തിലെ ഇപ്പോഴത്തെ അവസ്ഥ.

ഗൾഫ് പണത്തേയും ആന്ധ്രയിൽ നിന്ന് വരുന്ന അരിയേയും തമിഴ് നാട്ടിൻെറ പച്ചക്കറിയേയും ആശ്രയിച്ച് ജീവിക്കുന്ന ഒരു സമൂഹമായി നാം മാറികഴിഞ്ഞിരിക്കുന്നു. എക്കാലവും ഇതിനെ ആശ്രയിച്ച് നമ്മുക്കു കഴിയാൻ സാധിക്കുമോ? സ്ഥായിയല്ലാത്ത ഈ നിലവിലുള്ള സ്രോതസ്സുകളിൽ പ്രതീക്ഷയർപ്പിക്കുന്ന നാം നിത്യദാരിദ്ര്യം ഏററുവാങ്ങുകയായിരിക്കും ചെയ്യുന്നത്.

നമ്മുക്കാവശ്യമായ ഭക്ഷ്യധാന്യങ്ങളും പച്ചക്കറിയും നമ്മുടെ അദ്ധ്വാനശേഷി ഉപയോഗപ്പെടുത്തി നാം സംഘടിപ്പിച്ച് വരാനിരിക്കുന്ന ദുരന്തത്തെ മുന്നിൽ കണ്ട് പ്രതിസന്ധികളെ മുറിച്ചുകടക്കാൻ എന്തുചെയ്യാൻ കഴിയുമെന്ന് നാം ആലോചിക്കേണ്ടിയിരിക്കുന്നു. പാലക്കാട് ജില്ലയുടെ ഏററവും പടിഞ്ഞാറെ ഭാഗത്തേ കിടക്കുന്ന ഈ കപ്പൂർ പഞ്ചായത്ത് മലപ്പുറം ജില്ലയോട് തൊട്ടുരുമിയാണ് കിടക്കുന്നത്. കിഴക്കു പടിഞ്ഞാറെ മൂന്നുകിലോമീററർ വീതിയും തെക്കുവടക്ക് 11 കി.മി. നീളവുമുള്ള പഞ്ചായത്തിൽ 11 വാർഡുകൾ സ്ഥിതി ചെയ്യുന്നുണ്ട്. പ്രധാന കൃഷി നെല്ലുതന്നെയാണ്. തെങ്ങ്, കവുങ്ങ്, വാഴ മരച്ചീനി, ഇഞ്ചി, കുരുമുളക്, കശുമാവ്, മഞ്ഞൾ, പച്ചകറി, എന്നിവയാണ് മററുകൃഷികൾ. അപൂർവ്വമായി റബ്ബറും കണ്ടുവരുന്നു. കുന്നുകൾ, ചെരുവുകൾ, പാടശേഖരം എന്നീ ക്രമത്തിലാണ് ഭൂമിയുടെ കിടപ്പ്. വടക്കുഭാഗം ഉയർന്ന് തെക്കുപടഞ്ഞാറോഡ് ചെരിഞ്ഞു കിടക്കുന്ന ഒരു ഭൂപ്രകൃതിയാണ് നമ്മുക്കുള്ളത്. എല്ലാവാർഡുകളിലും ഒരു കുന്ന് എന്ന നിലയെങ്കിലും ഉണ്ട്. കുന്നിൻ മുകളിൽ നിന്ന് ഒഴുകി വരുന്ന മഴവെള്ളം പാടത്തെത്തുമ്പോൾ കൈതോടായി വലിയ തോടുകളായി മാറുന്നു. റവന്യൂ രേഖകൾ അനുസരിച്ച് പ്രധാനപ്പെട്ട ഒമ്പത് തോടുകളുണ്ട് ഇവയിൽ ഒരു തോട് വടക്കോട്ട് ഒഴുകി ആനക്കര പഞ്ചായത്തിലൂടെ ഭാരതപ്പുഴയിലെത്തുന്നു. മററു തോടുകൾ തെക്കു പടിഞ്ഞാറോട്ട് ഒഴുകി മലപ്പുറം ജില്ലയിൽ പ്രവേശിച്ച് ബിയം കായലിലും കാട്ടകമ്പാൽ കായലിലും ചെന്ന് ചേരുന്നു.

## നെൽകൃഷി

പഞ്ചായത്തിൻെറ ആകെ ഭൂവിസ്തീർണ്ണം 5784.5 ഏക്കറാണ്. ഇതിൽ നെൽകൃഷിചെയ്യുന്നത് 1519.89 ഏക്കർമാത്രാണ്. നെൽകൃഷിയുടെ വിസ്തീർണ്ണം വർഷം തോറും കുറഞ്ഞു വരുകയാണ്. നെൽ വയലുകൾ നികത്തി വീടുവയ്ക്കുന്നതും തെങ്ങ് കൃഷിചെയ്യുന്നതുമാണ് ഇതിനു കാരണം.

രണ്ടുവിളകൾ കൃഷിചെയ്യാൻ അനുയോജ്യമാണ്. ഭൂരിപക്ഷം നെൽവയലുകളെങ്കിലും ഒരു 'വിളമാത്രം വിത്തിറങ്ങുന്ന രീതിയാണ് ഇന്നുപല കർഷകരും അനുവർത്തിക്കുന്നത്. മുണ്ടകൻ വിളക്ക് ശരാശരി 10 മേനി വിളവും വിരിപ്പ് കൃഷിക്ക് 5 മേനി വിളവും പ്രതീക്ഷിക്കാം. പഞ്ചായത്തിൽ 14 പാടശേഖരസമിതികൾ പ്രവർത്തിക്കുന്നു. എല്ലാ പാടശേഖര സമിതിയുടെയും പ്രവർത്തനം കുററമററതാണെന്ന് പറയാൻ കഴിയില്ല. അത്യുൽപാദനശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുന്ന കർഷകർ കുറവാണ്.

പാട്ടവ്യവസ്ഥ ഇല്ലാതാക്കുകയും നായർത്തറവാടുകളിലെ മരുമക്കത്തായ സമ്പ്രദായം ഇല്ലാതാക്കുകയും ചെയ്ത സാഹചര്യവും ചെറിയ കുടുംബങ്ങൾ എന്ന ആശയത്തിൻെറ പ്രചാരം വർദ്ധിച്ചതിൻെറ സാഹചര്യവും ഭൂമി തുത്തുകളായി മുറിച്ചുകൊണ്ടിരിക്കുന്നു.

നില ഉഴുതാൻ ട്രാക്ടറും പവർ ട്രില്ലറും മിക്കകർഷകരും ഉപയോഗിക്കുന്നുണ്ടെങ്കിലും ഞാറു നടൽ കററമെതിക്കൽ എന്നിവയ്ക്ക് മനുഷ്യാധ്വാനം തന്നെയാണ് വ്യാപകമായി

ഉപയോഗിക്കുന്നത്. അപൂർവ്വം ചില വീടുകളിൽ മെതിയെന്ത്രം ഉപയോഗിക്കുന്നുണ്ട്.

ഒരു വിത്തുമാത്രം വിത്തിറക്കുകയും ഭൂമി തരിസ്സിടുകയും ചെയ്യുന്ന പ്രവണത കാരണം കർഷക തൊഴിലാളികളുടെ തൊഴില വസരങ്ങൾ കുറഞ്ഞുവരുന്നു. കർഷക തൊഴിലാളികൾ അന്യമേഖലകളിൽ ചേക്കേറുകയും കൃഷിപണി അറയുന്ന തൊഴിലാളികളുടെ സംഖ്യ കുറഞ്ഞുവരുകയാണ് ചെയ്യുന്നത്. കർഷക തൊഴിലാളികളായ പുരുഷൻമാർക്ക് 100 രൂപമുതൽ 110 രൂപവരെ കൂലി നിലനിൽക്കുന്നു. സ്ത്രീ തൊഴിലാളികൾക്ക് 50 രൂപമുതൽ 60 രൂപവരെയാണ് കൂലി നിരക്ക്.

തൊട്ടടുത്ത പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഭാരത പുഴയിൽ നിന്ന് അനധികൃതമായി മണൽ വാരികൊണ്ടിരിക്കുന്നതിനായി ജല വിതരണം 4 മുതൽ 5 മീററർ വരെയാണ് താഴ്ന്നിരിക്കുന്നത്. ഇക്കാരണത്താൽ പഞ്ചായത്തിലെ കിണറുകളിലേയും കുളങ്ങളിലേയും ജല വിതരണം വളരെ താഴ്ന്നുകൊണ്ടരിക്കുന്നു. ജലസേചനത്തിന് ജല ദൗർലഭ്യം നേരിടുകയാണ്.

തെങ്ങ്: പഞ്ചായത്തിലെ രണ്ടാമത്തെ വിളയാണ് തെങ്ങ്. താരതമ്യേന വിസ്തീർണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. തെങ്ങ് കൃഷിചെയ്യുന്നതിന് കുന്നിൻ ചെരുവകളിലും കുന്നിൻ മണ്ടയിലും തെങ്ങുകൃഷി ചെയ്യുന്നുണ്ടെങ്കിലും ഉൽപാദന ക്ഷമതയിൽ വർദ്ധനവ് വളരെ പരിമിതമാണ്. മണ്ണിൻെറ ഘടനയ്ക്ക് അനുയോജ്യമായ ഇനം തെങ്ങിൻ തൈകൾ ശാസ്ത്രീയമായി കൃഷിചെയ്യുന്ന രീതിയല്ല. അതാവർത്തിക്കുന്നത് എന്നത് പ്രധാന ദൂഷ്യമാണ്. ശാസ്ത്രീയമായി തെങ്ങ് കൃഷി ചെയ്യുന്നവർ 100ൽ താഴെയാണ്. ജൻമി വ്യവസ്ഥയുടെ തകർച്ച ദീർഘകാല വിളയിലേക്ക് കർഷകരെ ആകർഷിച്ച ഘടകമാണ്.

കാററുവീഴ്ച മണ്ടചീയൽ തുടങ്ങിയ തെങ്ങിനെ ബാധിക്കുന്ന രോഗം ചിലയിടങ്ങളിൽ കാണപ്പെടുന്നു. ഭൂരിഭാഗത്തിനും ജലസേചനത്തിന് കഴിയുന്നില്ല. പച്ചില വളം മററു ജൈവവളങ്ങൾ വേണ്ടത്ര ഉപയോഗിക്കുന്നില്ല. രാസവളത്തിൻെറ ക്രമാതീതമായ വിലക്കയററം അത് പ്രയോഗിക്കാൻ പ്രയാസം ഉണ്ടാകുന്നു. തെങ്ങ് കയററ തൊഴിലാളികൾക്ക് ദൗർലഭ്യമുണ്ട്.

പഞ്ചായത്ത് കേന്ദ്രീകരിച്ച് കേര വികസനസമിതി പ്രവർത്തിക്കുന്നു. ഇപ്പോൾ നിലവിലുള്ള നിയമം അനുസരിച്ച് നാമമാത്ര കർഷകരെ ഈ സമിതിയിൽ അംഗമാക്കാൻ കഴിയില്ല. പ്രവർത്തനം തൃപ്തികരമാണെന്ന് പറയാൻ കഴിയില്ല.

പഞ്ചായത്തിൽ തെങ്ങുകളുടെ എണ്ണത്തിനുണ്ടായ വർദ്ധനവും ഉൽപാദന വർദ്ധനവാക്കി മാററാൻ കഴിഞ്ഞിട്ടില്ല.

കവുങ്ങ്:

പഞ്ചായത്തിലെ പ്രധാന കൃഷിയിൽ ഒന്നാണ് കവുങ്ങ് കൃഷി. നിരവധി കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം ഈ കൃഷി തന്നെയാണ്. ശാസ്ത്രീയമായി പരീക്ഷിക്കപ്പെടുന്ന നിരവധി കവുങ്ങിൻ തോട്ടങ്ങൾ ഈ പഞ്ചായത്തിൽ കാണാൻ കഴിയും. മററ് വിളകളെ അ്പേക്ഷിച്ച് സാമാന്യം ഭേദപ്പെട്ട വില ലഭിക്കുന്ന വിളയാണ് അടക്ക.

ജല ലഭ്യതയുടെ ദൗർലഭ്യം കടുത്ത

വരൾച്ചയിലേക്ക് ഈ കൃഷയെ ചെന്ന് എത്തിച്ചിരിക്കുന്നു. മോട്ടോർ എഞ്ചിൻ എന്നിവ ഉപയോഗിച്ചാണ് കവുങ്ങിൻ തോട്ടങ്ങളിൽ ജല സേചനം നടത്തുന്നത്.

തുലാം വച്ച തേക്കും കാളതേക്കും ഇന്ന് അന്യംനിന്ന് പോയിരിക്കുന്നു. മഴക്കാലത്ത് മഹാളി രോഗം വ്യാപകമായി കണ്ടുവരുന്നു. സംസ്കരിച്ച അടക്കയുടെ ന്യായ വില ലഭിച്ചുവരുന്ന വിപണന കേന്ദ്രങ്ങൾ ഇല്ല. ഇക്കാരണത്താൽ കടുത്ത ചൂഷണത്തിന് വിധേയരാവുന്നരാണ് കാവുങ്ങ് കൃഷിക്കാർ.

വാഴകൃഷി:

പഞ്ചായത്തിലെ നാലാമത്തെ പ്രധാന കൃഷിയാണ് വാഴ കൃഷി. കവുങ്ങിൻ തോപ്പുകളിലും തെങ്ങിൻ തോപ്പുകളിലും ഇടവിളവായി വാഴ കൃഷി ചെയ്യുന്നു. പാടശേഖരങ്ങളിലും വാഴകൃഷി നടത്തിവരുന്നുണ്ട്. നെൽകൃഷിയെ അപേക്ഷിച്ച് ഇത് ലാഭകരമാണ്. പച്ചില വളം മററു ജൈവവളങ്ങൾ എന്നിവയുടെ കുറവ് രാസവസ്തു വിലക്കയററം, വാഴക്ക് കണ്ടുവരുന്ന അസുഖങ്ങൾ, കാററ് വളർച്ച വിപണന കേന്ദ്രത്തിൻെറ കുറവ് എന്നിവ വാഴ കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

പച്ചക്കറി കൃഷി:

മുണ്ടകൻ കൊയ്തു പാടത്ത് പച്ചക്കറി കൃഷിചെയ്യുന്ന സംവിധാനമാണ് ഇന്ന് നിലവിലുള്ളത്. പക്ഷെ ഈ സംവിധാനത്തിന് അടുത്തകാലത്ത് മാററം വന്നിരിക്കുന്നു. ഭീമമായ ഒരു സംഖ്യ അന്യസംസ്ഥാനത്തേക്ക് പച്ചക്കറി ഉപഭാഗത്തിൻെറ പേരിൽ ഒഴുകി വരുന്നു.

ഓരോ വാർഡിലും പച്ചക്കറി കൃഷി സഹകരണ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയാൽ തമിഴ്നാട്ടിലേക്ക് ഒഴുകുന്ന കോടിക്കണക്കിനുരൂപ സംരക്ഷിക്കാൻ കഴിയും ചേക്കോട് ഭാവനാ വായനശാല അനുയേജ്യമായ സ്ഥലം ഒരുക്കികൊടുത്താൽ മാതൃകാ പച്ചക്കറിത്തോട്ടം നിർമ്മിക്കാൻ മുന്നോട്ടു വന്നിട്ടുണ്ട്. ക്ലബുകളേയും മഹിളാ സമാജങ്ങളേയും സന്നദ്ധസംഘടനകളെയും ഹൈസ്കൂൾ വിദ്യാർത്ഥികളെയും തൊഴിൽ രഹിതരേയും ഈ വഴിക്ക് തിരിച്ചുവിട്ടാൽ ഉൽപാദന രംഗത്ത് കുതിച്ചുചാട്ടം നടത്താൻ കഴിയും.

മരച്ചീനി

മരച്ചീനി കൃഷിക്ക് അനുയോജ്യമായ നിരവധി സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. ആഗോള പ്രസിദ്ധനായ ഒരു കൃഷി ശാസ്ത്രജ്ഞൻ മരച്ചീനി കൃഷി രംഗത്ത് വിപണിയല്ലാത്തതിൻെറ പ്രശ്നം ചൂണ്ടിക്കാണിക്കുകയുണ്ടായി. ശാസ്ത്രീയമായി കൃഷിചെയ്ത നാലേക്കർ കൃഷിഭൂമിയിലെ വിളവ് ഒരു രൂപ 66 പൈസക്ക് വില്ക്കേണ്ടിവന്നതിനാൽ 17000 രൂപ നഷ്ടം വരുകയുണ്ടായെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. നമ്മുടെ പഞ്ചായത്തിൽ തന്നെ മരച്ചീനി സംസ്കരണ സംവിധാനമുണ്ടെങ്കിൽ വിപണിയലെ വിലയിൽ വരുന്ന മാന്ദ്യം പരിഹരിക്കാൻ കഴിയും.

ഇതിന് പുറമെ കശുമാവ്, കുരുമുളക്, ഇഞ്ചി, വെററില, മുതിര, അപൂർവ്വമായി റബ്ബറും ഈ പഞ്ചായത്തിൽ കൃഷിചെയ്യപ്പെടുന്നു. ഒരു മാതൃകാ വിലകിട്ടുമെങ്കിൽ കൃഷി രംഗത്തേക്ക് പുത്തൻ

തലമുറയെ കൊണ്ടുവരാൻ കഴിയും.

| വിള | വിസ്തീർണ്ണം | മൊത്ത ഉൽപാദനം | ഉൽപ്പാദന ക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 375 ഹെ | 686. MT | 1750 KG |
| നെല്ല് (രണ്ടാം വിള) | 450 ഹെ | 810 MT | 200 0Kg |
| നെല്ല് (മൂന്നാം വിള) | -- | -- | -- |
| പയർ | 12 ഹെ | 9600 KG | 800 Kg |
| എള്ള് | -- | -- | -- |
| പച്ചക്കറി | 8 ഹെ | 6400Kg | 800KG |
| തെങ്ങ് | 425 ഹെ | 2,55.000 എണ്ണം | 6000 |
| വാഴ | 20 ഹെ | 405 MT | 2250 Kg |
| മരച്ചീനി | 10 ഹെ | 40 MT | 4000Kg |
| കുരുമുളക് | 30 ഹെ | 180 00KG | 60Kg |
| പ്ലാവ് | -- | -- | -- |
| കശുമാവ് | 80 ഹെ | 76.8 MT | 960 KG |
| മാവ് | -- | -- | -- |
| റബ്ബർ | -- | -- | -- |
| കവുങ്ങ് | 80 ഹെ | 1,92,00,000 | 2,40,000 |

ഉൽപാദന ക്ഷമത സംസ്ഥാന ശരാശരിക്ക് താഴെയാണ്. ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള 3176 പേരും 1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ ഭൂമിയുള്ളവരാണ്. 264 പേർ 2 ഹെക്ടറിന് മുകളിൽ ഭൂമിയുള്ളവരാണ്.

ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
| --- | --- |
| നിലം | 1519.89 |
| ഏക്കർപുരയിടം | 4147.22 ഏക്കർ |
| പുറംപോക്ക് | |
| കൃഷിയോഗ്യതരിശ് | 65.38 ഏക്കർ |
| കൃഷിയോഗ്യമല്ലാത്തത് | 54.37.5 ഏക്കർ |
| ആകെ | 5784.5 ഏക്കർ |

### ജലസേചന സാദ്ധ്യതകൾ

പ്രധാന വിളകളായ നെല്ലിനും കവുങ്ങിനും ആവശ്യമായ ജലസേചനത്തിന് പരമ്പരാഗത സ്രോതസ്സുകളായ കുളങ്ങളേയും കിണറുകളേയുമാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ കൃഷിക്ക് ജലസേചനത്തിന് ഉപയോഗുക്കുന്ന പ്രധാന കുളങ്ങൾ താഴെ പറയുന്നവയാണ്.

ഒന്നാം വാർഡിൽ എലിയത്ര കുളം, വേറിങ്കനൂർ കുളം, തേങ്കറുശ്ശി കുളം, പോട്ടു കുളം, പാറകൂളം, തുമ്പിലചോല തുടങ്ങിയവയാണ് പ്രധാന കുളങ്ങൾ.പഞ്ചായത്തിൻേറ മൂന്നിലൊന്ന് പ്രാദേശം ഉൾകൊള്ളുന്നതാണ് ഒന്നാം വാർഡ്. ഈ കുളങ്ങൾ അററകുററ പണികൾ നടത്തിയാൽ ജലസേചനത്തിന് ആവശ്യമായ വെള്ളം ലഭ്യമാകും. രണ്ടാം വാർഡിൽ വെള്ളാളൂർ ശിവക്ഷേത്ര കുളം, എരിണിക്കൽ കുളം, എരിണിലാവ് കുളം എന്നിവയാണ് പ്രധാനപ്പെട്ടവ. മൂന്നാം വാർഡിലും ഈ കുളത്തിലെ വെള്ളം ഉപയോഗിക്കാൻ കഴിയും. നാലാം വാർഡിൽ പുത്തൻ കുളം, JRY പദ്ധതിയിൽ പുതുതായി കുഴിച്ച കുളം, പാറപുറം പഞ്ചായത്തുകുളം, എന്നിവയും അഞ്ചാം വാർഡിൽ യത്തിംഖാനക്കടുത്തുള്ള പോതു കിണർ മാത്രമെ ഉള്ളു. ആറാം വാർഡിൽ പൂനൂലി കുളം, കിഴക്കേ പാടത്തുള്ള പഞ്ചായത്തു കുളം, കണ്ടൻചിറ കുളം, കാഞ്ഞിര കുണ്ട് കുളം, എന്നിവയും ഏഴാം വാർഡിലെ ചോലകുള്ം, എട്ടാം വാർഡിലെ ചോലകുളം, പെരിയം കുളം, എരിഞ്ഞപ്രകുളം, എന്നിവയും ഒമ്പതാം വാർഡിൽ തുറകുളം, കൊളാടി കുളം, എന്നിവയും പത്താം വാർഡിൽ ഇച്ചാത്തൻ കുളം , പൂതനി കുളം എന്നിവയും പതിനോന്നാം വാർഡിൽ പാലകൂളം കൂളക്കാട് കുളം, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കുളങ്ങൾ. ഈ കുളങ്ങളെ കേന്ദ്രീകരിച്ചാണ് പഞ്ചായത്തിലെ നേൽകൃഷി. ഇവയെ മണ്ണ് നീക്കി അററകുററ പണികൾ ചെയ്ത് സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഇത് പോലെ കുളങ്ങളിൽ നിന്ന് ഒഴുകിവരുന്ന ജലം താഴോട്ടു വാർന്ന് പോകുന്നതും മഴക്കാലത്ത് കുന്നിൻ മുകളിൽ നിന്നും വരുന്ന മഴവെള്ളവും ഒഴുകി പോകുന്ന പ്രധാന തോടുകൾ താഴെ പറയുന്നവയാണ്.

1. കല്ലടത്തൂർ _ ചേക്കോട്, വെരിങ്കനൂർ _ ചേക്കോട് തോട്
2. കുണ്ടുക്കാട് _ നയ്യൂർ തോട്
3. ചരലിക്കൽ _ നീലിയാട് വലികെട്ടിയ പാടം തൊട്
4. മാവറ _ കുമരനെല്ലൂർ പാടം തോട്
5. കൊള്ളനൂർ പാടം തോട്
6. എറവക്കാട് പാടം തോട്
7. അമേററിക്കര പാടം തോട്
8. കീരിത്തോട്
9. കപ്പൂർ പാടം തോട്

എന്നിവയാണ് പ്രധാനതൊടുകൾ. ഈ തോടുകളിൽ ചേരുന്ന നിലവധി ചെറിയ ശാഖകൾ വേറേയുമുണ്ട്.

കൃഷിക്ക് ആവശ്യമുള്ളപ്പോൾ വെള്ളം ലഭിക്കാനും ആവശ്യമില്ലാത്തപ്പോൾ വെള്ളം ശേഖരിച്ചു നിർത്താനും ഈ തോടുകൾക്ക് കഴിയേണ്ടതാണ്. പക്ഷെ മഴക്കാലത്തു പെയ്യുന്ന മഴവെള്ളം മണ്ണോടുകൂടി ഭാരതപുഴയിലും ബിയം കായലിലും കടകമ്പാൽ കായലിലും എത്തിക്കുക എന്നതാണ് ഇന്നു തൊടുകൾ ചെയ്തു വരുന്ന കർമ്മം. നമ്മുക്ക് ഈ തോടുകളെ ശാസ്ത്രീയമായി പരിഷ്കരിക്കാൻ കഴിയണം. തോടുകൾ അത്യാവശ്യം അററകുററ പണികൾ ചെയ്ത് ഇരുവശവും കെട്ടി സംരക്ഷിക്കാൻ നടപടികൾ ആവശ്യമാണ്. ജല ദൗർലഭ്യമുള്ള പാടങ്ങളിൽ ജല നിരപ്പും വയൽ നിരപ്പിനേക്കാൾ ഉയർത്തിനിർത്താൻ കഴിയണം.

ഇപ്പോൾ പഞ്ചായത്തിലുള്ള ഒമ്പതു തോടുകളും സ്വാഭാവികമായും രൂപം കൊള്ളുന്നത് കുന്നുകളിൽ നിന്നാണ്. ഒമ്പത് നീർമറി പ്രദേശങ്ങളെങ്കിലും ഉണ്ടായിരിക്കണം. വാർഡിന് ഒന്ന് എന്ന രൂപത്തിലെങ്കിലും നിർമറി പ്രദേശങ്ങൾ കണ്ടെത്തി അത്രയും ജലം കുന്നുകളിൽതടഞ്ഞു നിർത്താൻ കഴിഞ്ഞാൽ വേനൽകാലത്ത് അനുഭവിക്കുന്ന വരൾച്ച ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും.

കിണറുകൾ

സ്വകാര്യ വകുപ്പുകളിൽ കിണറുകളിൽ നിന്നാണ് കവുങ്ങുകൾക്ക് ജലസേചനം ചെയ്തുവരുന്നത്. ഭാരതപുഴയുടെ ജലവിതാനത്തിൽ വന്ന താഴ്ച്ചയുടെ ഫലമായി കിണറുകളുടെ ജലവിധാനവും താഴോട്ടു പോയിരിക്കുന്ന സ്ഥിതിയെ മറിക്കടക്കാൻ ഭാരത പുഴയിൽ തടയിണകൾ സൃഷ്ടിച്ച് ജല വിതാനം ഉയർത്താൻ കഴിയണം.

ഭൂഗർഭ ജലശേഷി ഉപയോഗിക്കാൻ വ്യാപകമായി കുഴൽ കിണറുകൾ വരേണ്ടിയിരിക്കുന്നു.

ജൈവ സമ്പത്ത്.

കൃഷിക്ക് യഥേഷ്ടം ഉപയോഗിക്കാനുള്ള പച്ചില വളത്തിൻെറ ലഭ്യതയിൽ ദൗർലഭ്യമുണ്ട്. പഞ്ചായത്തിൽ അവശേഷിക്കുന്ന പുറംപോക്കിൽ മരങ്ങൾ വെച്ച് പാടത്തിൻെറ വരമ്പുകളിൽ ശീമകൊന്ന വെച്ച് പിടിപ്പിച്ചും മുണ്ടകൾ കോയ്തിനു ശേഷം ഡയിഞ്ച, കൊഴിഞ്ഞിൽ എന്നിവ വിതച്ചും കമ്പോസ്ററ് വളം നിർമ്മിച്ചും വ്യാപകമായി പശുക്കളെ വളർത്തിയും നമ്മുക്ക് നിലവിലുള്ള ഈ ദൗർലഭ്യം മറികടക്കാൻ കഴിയുമെന്നു തോന്നുന്നു.

കുമരനെല്ലൂര് സഹകരണ ബാങ്കും പടിഞ്ഞങ്ങാടിയലെ സ്വകാര്യ ഏജൻസിയുമാണ് ഇവിടെ രാസവസ്തു വിൽപന കേന്ദ്രങ്ങളായി നിലനിൽകുന്നത്.

ഫാം റോഡുകളുടെ ദീർഘമായ പട്ടിക തന്നെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. നിലവിലുള്ള പാടശേഖരസമിതികളുമായിരുന്നാലോചിച്ച് ഇവക്ക് മുൻഗണനാ. ക്രമം നിശ്ചിയിക്കേണ്ടതാണ്.

കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് നാളികേരം, അടക്ക, പച്ചക്കറികൾ, തുടങ്ങിയവ വിൽപ്പനയ്ക്ക്കേന്ദ്രങ്ങൾ ഇല്ലാത്ത അവസ്ഥയുണ്ട്. അതിന് നടപടികൾ ആവശ്യമാണ്.

പ്രശ്നങ്ങൾ

1. ഭൂമി തുണ്ടുതുണ്ടുകളായി തിരിചിരിക്കുന്നതിനാൽ കർഷിക ചിലവ് കൂടുന്നു.
2. ചല പ്രദേശങ്ങളിൽ മണ്ണിൻെറ ഫലപുഷ്ടിക്കുറവാണ്
3. നെൽകൃഷി പ്രായേണ നഷ്ടമാണ്.
4. കൃഷി ഭൂമി തരിശിടുന്നു
5. മണ്ണൊലിപ്പ് ചില പ്രദേശങ്ങളിൽ ശക്ത മാണ്.
6. പാടങ്ങൾ നികത്തപ്പെടുന്നു.
7. കീടബാധ
8. നല്ല നടിയൽ വിത്തുകളുടെ ലഭ്യതക്കുറവ്
9. ജൈവ വള ദൗർലഭ്യം
10. കർഷകതൊഴിലാളികളെ അവശ്യമുള്ള സമയത്ത് ലഭിക്കുന്നില്ല.
11. ആവശ്യമായ യന്ത്ര ഉപകരണങ്ങൾ ലഭ്യമല്ല.
12. ഉൽപ്പന്നങ്ങങ്ങളുടെ വിലക്കുറവ് വിപണ കേന്ദ്രങ്ങൾ ഇല്ല.
13. വായപാ കൗകര്യം ലഭിക്കുന്നില്ല.
14. ഉല്പന്ന സംസ്കരണത്തിന് സൗകര്യമില്ല.
15. ജല സേചന സൗകര്യത്തിൻെറ കുറവ്
16. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വള പ്രയോഗം നടത്തുന്നത്.
17. കൃഷിഭവനിൽ നിന്നുള്ള സേവനം തൃപ്തിങ്കരമല്ല.
18. പുതിയ തലമുറ കൃഷിയിൽ താത്പര്യം കാണിക്കുന്നില്ല.
19. കൃഷിക്കാർ പരമ്പരാഗത സാങ്കേതിക വിദ്യയിൽ തന്നെ കൃഷി തുടരുന്നു.

## സാദ്ധ്യതകൾ

1. ഗ്രൂപ്പ് ഫാമിംങ്ങ് സമിതികൾ ഇടപ്പെട്ട് പാടശേഖരാടിസ്ഥാനത്തിൽ ഒരുതരം വിത്തു കൃഷി ഇറക്കാൻ മുൻകൈയെടുക്കണം. കൂട്ട് കൃഷി നടപ്പിലാക്കിയാൽ ചലിവ് ഗണ്യമായി കുറയ്ക്കാൻ കഴിയും.

2. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ജന പങ്കാളിത്തതോടെ നടപ്പിലാക്കാൻ ശ്രമിക്കുക. ബോധ വൽക്കരണം നടത്തുക.

3. ഉല്പാദനം കൂട്ടി നഷ്ടം ഒഴിവാക്കണം. ഞാറാടി ഒരു പാടശേഖരത്തു ഒന്നോ രണ്ടോ സ്ഥലത്തായി ഒരുക്കുക.

4. ആവശ്യസമയത്തു ജലശേഖര സൗകര്യമുണ്ടാക്കണം.

5. ഭാരതപുഴയിൽ തടയണ ഉണ്ടാക്കിയാൽ ജല ദൗർലഭ്യം പരിധിവരെ പരിഹരിക്കാൻ കഴിയും.

6. നീലിയാടിൽ വടക്കുനിന്ന് എത്തുന്ന (ചിരലിങ്ങൽ നീലിയാട്) ആനക്കര പഞ്ചായത്തിലൂടെ കുമ്പിടി ലിഫ്ററ് ഇറഗേഷൻ മേഖലയിലേക്ക് എത്തിക്കാൻ കഴിഞ്ഞാൽ അതിലൂടെ പഞ്ചായത്തിലെക്ക് വെള്ളം എത്തിക്കാൻ കഴിയും.

7. തരിശിടുന്ന കൃഷി ഭൂമികൾ ജനകീയ സമിതികൾ ഏററടുത്ത് കൃഷി ഇറക്കണം.

8. നിർമറി പദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തണം.

വാർഡിൽ ഒന്ന് എന്ന തോതിൽ നീർമറി

പദ്ധതികൾ ഏറ്റെടുത്താൽ സമതലങ്ങളിൽ കവുങ്ങും ചെരിവുകളിൽ തെങ്ങും കുന്നിൻ മുകളിൽ കശുമാവ് കപ്പ, റബ്ബർ എന്നിങ്ങനെ വിളക്രമം പാലിച്ചാൽ മണ്ണൊലിപ്പ് തടയുന്നതിനും കിണറുകളിലും കുളങ്ങളിലും ജല ലഭ്യത വർദ്ധിപ്പിക്കാനും സാധിക്കും.

9. പാടങ്ങൾ നികത്തുന്നതിന് എതിരെ നിയമ നടപടികളും സാമൂഹ്യ സമർദ്ദങ്ങളും വേണം.

10. പരമ്പരാഗത കൃഷി രീതി അവലംബിച്ച് ഒരു പരിധി വരെ കീടബാധ തടയാം.

11. പഞ്ചായത്തിൽ കൽർഷിക നേഴ്സറി ആരംഭിച്ച് നല്ലയിനം തൈകൾ ഉപയോഗിക്കുന്ന രീതി പ്രാബല്യത്തിൽ വരുത്താം.

12. പുറമ്പോക്കിൽ പച്ചില കൃഷി ചെയ്തും മുണ്ടകൻ പാടങ്ങളിൽ ഡെയ്ഞ്ച, കൊഴിഞ്ഞിൽ കൃഷി ചെയ്തും ജൈവ സമ്പത്ത് വർദ്ധിപ്പിക്കാം.

13. തൊഴിൽ സേനക്ക് രൂപം നൽകാം. കൃഷിക്കാരന്റെ അദ്ധ്വാനശേഷി ഉപയോഗപ്പെടുത്തണം.

14. പായ്പാ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ലളിത വൽക്കരിക്കുകയും വേണം. കൂടുതൽ കാർഷിക സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കാം.

15. പുതിയ ജലസേചന സൗകര്യം ആരംഭിക്കണം. കുളം, കിണർ, ഭൂഗർഭജലം എന്നിവ ചൂഷണം ചെയ്യാൻ സൗകര്യമുണ്ടാകണം.

16. മണ്ണ് പരിശോധന സംവിധാനം വേണം. ബോധവൽക്കരണം വേണം

17. കൃഷിഭവനിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണം.

18. യഥാസമയം വിള, വളം കീടനാശിനി, എന്നിവ ലഭിക്കാത്ത അവസ്ഥയുണ്ട് അവ മാറണം. ഈ പഞ്ചായത്തിൽ വിള ഇറക്കുന്ന സമയം ജില്ലാ കൃഷി ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തി യഥാസമയം സഹായം ലഭ്യമാക്കണം.

19. പുത്തൻ തലമുറക്ക്, കൃഷി ലാഭകരാക്കുന്ന അവസ്ഥ ബോധ്യപ്പെടുത്തി ആകർഷിക്കണം.

20. നിലവിലുള്ള പൊതു കുളങ്ങളിൽ മോട്ടോർ സ്ഥാപിക്കണം.

21. കർഷകർക്ക് കവുങ്ങ് തെങ്ങ് ജലസേചനത്തിന് മോട്ടോർ കിണർ എന്നിവ സബ്സീഡിയോടെ നൽകണം.

22. പഴയ കൃഷിരീതികൾ പ്രയമായവരിൽ നിന്ന് മനസ്സിലാക്കണം.

23. കൃഷി ഇൻഷ്യൂറൻസ് പദ്ധതി വിപുലപ്പെടുത്തണം.

24. തോടുകൾക്കിടയിൽ ചീപ്പുകൾ പണിയണം.

25. വിള ഉൽപൽപാദന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ആരംഭിക്കണം.

26. ഔഷധ സസ്യ കൃഷി വ്യാപിപ്പിക്കാൻ സംവിധാനം വേണം.

27. സൗജന്യ വന വൽക്കരണം നടത്തണം.

28 കൃഷിയിൽ മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനങ്ങളും പ്രേത്സാഹനങ്ങളും നൽകി കൃഷിതൊഴിലിലേക്ക് ആളുകളെ ആകർഷിക്കാം.

### കാർഷിക വികസന മേഖല

കൃഷി ഭവന് കീഴിലുള്ള കേര വികസന സമിതി, റബ്ബർ വികസന സമിതി, കുരുമുളക് വികസന സമിതി, കവുങ്ങ് വികസന സമിതി,

എന്നിവ വാർഡടിസ്ഥാനത്തിൽ നടത്തുന്നവ ഏകോപിപ്പിച്ച് പ്രവർത്തിപ്പിച്ചാൽ കൂടുതൽ ഗുണം ചെയ്യും. പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായി കൃഷിയിൽ താത്പര്യമുള്ളവരുടെ പ്രതിനിധികൾ കൃഷി വിദ്ഗധർ വിവിധ കർഷക സംഘം പ്രതിനിധികൾ പഞ്ചായത്ത് മെമ്പർമാർ സഹകരണ സ്ഥാപനത്തിലെ പ്രസിഡൻറുമാർ കൃഷി ആഫീസർ എന്നിവരടങ്ങുന്ന കൃഷി വികസന സമിതി നിലവിൽ വരണം.

ഇതിനു താഴെ വാർഡ് മെമ്പർ അദ്ധ്യക്ഷനായി വാർഡ് വികസന സമിതികൾ നിലവിൽ വരണം. ഇതിന് പുറമെ ആവശ്യമെങ്കിൽ മേഖല സമിതികൾ രൂപീകരിക്കാം. പ്രാദേശിയ കൃഷി വിഷയങ്ങൾ ചർച്ച ചെയ്തു ഇടപ്പെടൽ ഉണ്ടാക്കി മുന്നോട്ട് പോകാൻ ഈ സംവിധാനം ഗുണം ചെയ്യുമെന്ന് വിശ്വാസിക്കുന്നു.

# മൃഗ സംരക്ഷണവും
# മത്സ്യ ബന്ധനവും

# 1 _2 മൃഗ സംരക്ഷണവും മത്സ്യബന്ധനവും

## ആമുഖം

ക്രിസ്തുവർഷം ഒമ്പത് പത്ത് എന്നീ നൂററാണ്ടുകളിൽ തന്നെ കേരളത്തിലെ ചിരപ്രതിഷ്ഠാപിതങ്ങളായി മാറികഴിഞ്ഞ പരമ്പരാഗത ഗ്രാമങ്ങൾ കൃഷിവ്യാപനത്തിലും മൃസംരക്ഷണത്തിലും അതീവ ശുഷ്കാന്തി പ്രകടിപ്പിച്ചിരുന്നു. കൊയ്തുൽസവങ്ങളിലെ എഴുന്നള്ളിപ്പും, കളവേല, മേയുന്ന കന്നുകാലികൾക്ക് ജലം പകർന്നിരുന്ന കരിങ്കൽതൊട്ടികൾ മുണ്ടൻ കലാശമെന്ന അനുഷ്ടാനം ഇവ കപ്പൂരിലെ ഗതകാല മൃഗ സംരക്ഷണ മേഖലയിലേക്ക് വെളിച്ചം പകരുന്ന ഉറവകളാണ്. പാൽ ഉൽപാദിപ്പിക്കുന്നതിനും കാർഷിക വൃത്തിയലെ പ്രയത്നം പങ്കിടുന്നതിനും ജൈവവളങ്ങളുടെ സ്രോതസ്സ് എന്ന നിലയിലും കാളവണ്ടികൾ വലിക്കുന്നതിനും കന്നുകാലികളെ വളർത്തി പോന്നു. മദ്ധ്യ മലബാറിൻെറ കാർഷിക വിനോദമായ കാളപൂട്ടു മത്സരം കർഷകൻെറ സിരകളിൽ ആവേശത്തിൻെറ അലയൊലിയായി തീർന്ന് കപ്പൂരിൽ ഇന്നും ആഘോഷിക്കുന്നു.

2353 ഹെക്ടർ വിസ്ത്രിതിയുള്ള ഈ നാട് ഭൂപ്രകൃതി മേഖലയിൽ സ്ഥിതിചെയ്യുന്നതുമായ ഈ പ്രദേശത്തിൻെറ പ്രത്യേകത അതിവിശാലമായ കുന്നിൻപുറങ്ങളുടെ സാന്നിദ്ധ്യം ആയിരുന്നു. ഇവ കന്നുകാലികളുടെ മേച്ചിൽ പുറങ്ങളായിരുന്നു. കപ്പൂരിലെ ജനങ്ങൾ പശു, എരുമ, ആട്, പോത്ത്, കാള, തുടങ്ങിയ കന്നുകാലികളെയും കോഴി, താറാവ്, തത്ത, പ്രാവ്, തുടങ്ങിയ പക്ഷികൾക്കും പുറമെ പട്ടി, പൂച്ച, മുയൽ, തുടങ്ങിയ ജന്തുക്കളേയും വളർത്തിയിരുന്നു. കന്നുകാലികളിൽ കണ്ടുവന്നിരുന്ന കുളമ്പുരോഗം മുറിവ് തുടങ്ങിയവയ്ക്ക് മരുന്നായി ഉപയോഗിച്ചിരുന്ന തേക്കെണ്ണ, മരോട്ടിയെണ്ണ എന്നിവ മൃഗ സംരക്ഷണ രംഗത്ത് ഇന്നും പ്രചാരത്തിൽ ഉണ്ട്. മനുഷ്യാധിനിവേശം മേച്ചിൽ പുറങ്ങളുടെ വിസ്തൃതി കുറച്ചുവന്നപ്പോൾ മേച്ചിൽ നിയന്ത്രിക്കുന്നതിന് ആലകൾ പഞ്ചായത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. മുട്ടയ്ക്കും മാംസത്തിനും വേണ്ടി കോഴികളെ പരക്കേയും താറാവുകളെ അല്ലാതേയും പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ വളർത്തിയിരുന്നു.

മൃഗപരിപാലന രംഗത്തുവന്നമാററങ്ങൾ _ ചാർട്ടുകളിലൂടെ

| ഇനം | 1966 നാടൻ | സങ്കരയിനം 1966 | 1966 ആകെ | 1996 നാടൻ | 1996 സങ്കരയിനം | 1996 ആകെ |
|---|---|---|---|---|---|---|
| കാള | 1236 | 0 | 1236 | 139 | 118 | 257 |
| പശു | 817 | 0 | 817 | 566 | 1191 | 1757 |
| എരുമ | 15 | 0 | 15 | 0 | 0 | 0 |
| പോത്ത് | 415 | 0 | 415 | 70 | — | 7 0 |
| ആട് | 1280 | 0 | 1280 | 2813 | — | _ _ |
| കോഴി | 3587 | 100 | 3687 | ലഭ്യമല്ല | ലഭ്യമല്ല | 9776 |

കഴിഞ്ഞ ദശാബ്ദകാലത്തിനിടയ്ക്ക് കപ്പൂർ പഞ്ചായത്തിൽ പശുക്കളുടെ എണ്ണം ഏതാണ്ട് ഇരട്ടിയായ കാണാം അതുപോലെതന്നെ 30 വർഷത്തിന്നിടക്ക് സങ്കരഇനം പശുക്കളുടെ എണ്ണത്തിൽ വന്ന മാററം പഞ്ചായത്തിൻെറ കാലി സമ്പത്തിൽ ഉൽപാദന ക്ഷമതയിൽ വന്ന മാററങ്ങൾ കണക്കിലെടുക്കാവുന്നതാണ് കാർഷിക മേഖലയിലും ഗതാഗത മേഖലയിലും യന്ത്രവൽക്കരണം മൂലം കാളകളുടെയും പോത്തിൻെറയും എണ്ണത്തിൽ ഗണ്യമായ കുറവുകാണുന്നു. പഞ്ചായത്തിൽ തീരെ വിററുപോയ കന്നുകാലി വിഭാഗമാണ് എരുമകൾ. നാലുത്തരം എരുമകളുടെ പരിപാലനം പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയുടെ വളർച്ചയ്ക്കുള്ള സാധ്യതയെന്ന്. എരുമകളുടെ നാശത്തിനു കാരണം എരുമകുട്ടികളുടെ സംരക്ഷണത്തിലുള്ള അറിവില്ലായ്മയും വേനൽക്കാലത്ത് വെള്ളമുള്ള ജലാശയങ്ങളുടെ അഭാവവുമാണ്. ആട് പരിപാലനരംഗത്ത് കപ്പൂർ പഞ്ചായത്ത് 30 വർഷത്തിനിടെ എണ്ണത്തിൻെറ കാര്യത്തിൽ വർദ്ധനവ് ഇരട്ടിയിലധികമായിട്ടുണ്ട്. കോഴികളുടെ എണ്ണത്തിലുള്ള വളർച്ചക്ക് അനുപാതത്തിലല്ല മുട്ടയുടെയും മാംസത്തിൻെറയും ഉപഭോഗം എന്ന് ശ്രദ്ധാർഹമാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും വിതരണം ചെയ്യാനുള്ള കോഴിമുട്ട എത്തുന്നത്.

പഞ്ചായത്തിൽ കന്നുകാലികളെ പരിപാലിക്കുന്ന രീതിയിൽ മാററം വന്നിട്ടുണ്ട് മേച്ചിൽ പുറങ്ങളിലേക്ക് വിട്ട് തിന്നുന്ന സമ്പ്രദായം 73 ഏക്കറോളം പരന്നു കിടക്കുന്ന പാറക്കുളം കുന്നൊഴിച്ച് എവിടെയും മേച്ചിൽ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ട്. പശുക്കളുടെ ഉൽപാദന ക്ഷമതയിൽ മൂന്നിരട്ടിയോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പക്ഷെ പഞ്ചായത്തിൽ ഇന്നും പാലുൽപാദന സഹകരണ സംഘം നിലവിൽ വന്നിട്ടില്ല. സംഘത്തിൻെറ അഭാവം പരമ്പരാഗത വിപണ രീതി തുടരുന്നതിന് ജനങ്ങളെ നിർബന്ധിതരാക്കുന്നു.

C. മൃഗ സംരക്ഷണകേന്ദ്രം

1960ൽ പ്രവർത്തിച്ചു തുടങ്ങിയ കപ്പൂർ പഞ്ചായത്തിലെമൃഗ സംരക്ഷണ കേന്ദ്രം 28.4.78ന് സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാററി 2353 ച.മി. വിസ്തൃതിയിലുള്ള പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് ആശുപത്രിയുമായി ബന്ധപ്പെടാൻ പലപ്പോഴും നാലിലധികം കി.മി. യാത്ര ചെയ്യേണ്ടിവരുന്നു. മൃഗസ്രക്ഷണ വകുപ്പിൻെറ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത് വിജയിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനുള്ള സൗകര്യമോ ലബോറട്ടറിയോ ഇവിടെയില്ല. പഞ്ചായത്തിലെ ജനങ്ങൾ വേണ്ടത്ര പുതിയയിനം കോഴിക്കുഞ്ഞുങ്ങളെ കൊടുക്കാൻ മൃഗസംരക്ഷണ ഓഫീസിൽ മനസ്സുവെച്ച് ശ്രമിച്ചിട്ടും കഴിയാറില്ല. പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ബീജദാന യൂണിററുകൾ തുടങ്ങാൻ വേണ്ടത്ര Breedable കന്നുകാലികൾ നാട്ടിലുണ്ട്. 750 കൂടുതൽ ബീജദാനം നടത്തേണ്ട പശുക്കളുടെ എണ്ണം വരുമ്പോൾ പഞ്ചായത്തിൽ ഒരു സബ് സെൻെർകൂടി തുടങ്ങാനും സാധ്യത ഉണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങൾ കൊണ്ട് വിവിധ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായമ ശരിയായ പരിപാലന മുറ അറിയാത്തതുകൊണ്ട് മതിയിളക്കാനുള്ള താമസം. രണ്ട് പ്രസവങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കാനുള്ള പരിപാലന മുറയുടെ അഞ്ജത. അകിടു വീക്കം നിയന്ത്രിക്കാൻ ശാസ്ത്രീയ മുറകളും കുറിച്ചുള്ള അറിവില്ലായ്മ ഈ ദുരീകരിക്കണം.

Live Stock അസോസിയേഷൻ വാർഡ് തലത്തിൽ ജന പ്രതിനിധികൾ മൃഗസംരക്ഷണ ഉദ്യോഗസ്ഥർ തുടങ്ങിയവർ അടങ്ങിയ ശാഖകൾ പ്രവർത്തിക്കാവുന്നതാണ്.

കപ്പൂർ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഇനിയും സാദ്ധ്യതയുള്ള പദ്ധതികൾ:

1. പ്രത്യേക പരിപാലന പദ്ധതി:

ഒരു വാർഡിൽ 50 പശുകുട്ടികളെങ്കിലും ഒരു വർഷം ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരത്തക്കരീതിയിൽ നടപ്പിലാക്കാം. ഒരൻു പശുകിടാരിക്ക് വരുന്ന ചിലവിൽ 50% സബ്സീഡി അനുവദിച്ചിട്ടുണ്ട്.

2. തീററ വിശ്രമ യൂണിററ്

പഞ്ചായത്തടിസ്ഥാനത്തിൽ കിട്ടാവുന്ന അസംസ്കൃത വിഭവങ്ങൾ അടിസ്ഥാനമാക്കി ഒരു തീററ വിശ്രമ യൂണിററ് സ്ഥാപിക്കണം.

3. മിനി ഡയറി യൂണിററ്

ഒരു കുടുംബത്തിന് 6 മാസത്തെ ഇടവേളയിൽ മൂന്നു പശുക്കളെ നൽകി സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്താവുന്ന പദ്ധതിയാണിത്. അൽങ്കണഏ യുടെ സഹകരണത്തോടെ ചെയ്യാവുന്ന വനിതാ സംരംഭകയൂണിററ്.

4. ഡയറി യൂണിററ്:

ചെറുകിട മാനമാത്ര കർഷകരെയും കർഷക തൊഴിലാളികളെയും ആകർഷിക്കുന്ന രീതിയിൽ വീട്ടമ്മമാരുടെയും വിദ്യാർത്ഥമഥികളുടെയും ഒഴിവ് സമയങ്ങളുപയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതി.

5. ഒരു വീട്ടിൽ ഒരു പശു.

ഒരു പശുവളർത്തൽ ഒരു ജീവിതമേഖലായണെന്ന ബോധം ഇളം തലമുറയിലർപ്പിക്കുന്നതിനും ജൈവവള പ്രയോഗത്തിലൂടെ ഭൂമിയുടെ ഫലപൂഷ്ടി മെച്ചപ്പെടുത്താനും ഇത് സഹായിക്കുന്നു. അനാവർത്തന ചിലവിൻെറ 1/3 ഭാഗം സഹായ ധനമായി നൽകേണ്ടതാണ്. ഓരോ വാർഡിലും 50 കുടുംബങ്ങളെ ഓരോ വർഷവും പദ്ധതിയിൽ കൊണ്ടുവരേണ്ടതാണ്.

6. സമഗ്ര കന്നുകാലി ഇൻഷ്വൂറൻസ് പദ്ധതി:

പഞ്ചായത്തിലെ ചെറുകിട നാമമാത്രകർഷകരുടെ ഉടമസ്ഥതയിലുള്ള സങ്കരയിനം പശു, എരുമ, പോത്ത്, കാള എന്നിവയെ ഇൻഷ്വൂറൻസ് സംരക്ഷണത്തിനു കീഴിൽ കൊണ്ടുവരുക.

7. തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം.

തൊഴുത്തുകളുടെ ശാസ്ത്രീയമായി പുനർനിർമ്മിക്കുന്നതുമൂലം വളരെയധികം ഉൽപാദന നഷ്ടമുണ്ടാക്കുന്നു. അകിടുവീക്കം കുളംബുദിനം പോലുള്ള രോഗങ്ങൾ ഒഴിവാക്കണം. ചതുരശ്ര അടിക്ക് നിർമ്മാണ ചിലവ് 40 രൂപ നിരിൽ പരാമാവധി 2000 രൂപ ധനസഹായം തീററപ്പുൽ കൃഷി

ലാഭകരമായ പാൽലുൽപാദനത്തിന്റെ ഒരു പ്രധാന ഘടകമാണ് തീററപുല്ലിൻെറ ലഭ്യത. പഞ്ചായത്തിലെ തെങ്ങിൻ തോപ്പുകളിലും ഇടവിളയായും തരിശിട്ടിരിക്കുന്ന നെൽപ്പാടങ്ങളിലും തങ്കററ പുൽകൃഷി നടത്താം. _ ചീരസംഘങ്ങളെയും ഫാം ക്ലബ്ബുകളെയും ഇക്കാര്യത്തിൽ ചുമതലപ്പെടുത്തി ഫോഡർ ബാങ്കുകൾ ഉണ്ടാക്കാം.

9. ശാസ്ത്രീയ മാംസോൽൽപാദന വിപണന പദ്ധതി.

90 _95% ആളുകളും മാംസം ഉപയേഗിക്കുന്ന പഞ്ചായത്തിൽ വൃത്തിഹീനമായ ചുററുപാടുകളിൽ കശാപ്പു ചെയ്ത് വിതരണം നടത്തുന്നതിനാൽ പല അസുഖങ്ങളും ഉപഭോക്താക്കളിൽ ബാധിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ ആധുനിക രീതിയിലുള്ള അറവുശാല പഞ്ചായത്ത് സ്ഥാപിച്ച് ശാസ്ത്രീയമായി മാംശം ഉൽപാദിപ്പിച്ച് സംസ്കരിച്ച് സംഘടിതരീതിയിൽ വിപണനം ചെയ്യാവുന്നതാണ്.

10. കാളകുട്ടി പരിപാലനം (മാംസോൽപാദനത്തിന്)

നമ്മുടെ കർഷകർക്കുണ്ടാകുന്ന കാളകുട്ടികളിൽ രണ്ടോ മൂന്നോ മാസം പ്രായമായ 5 എണ്ണത്തിന് തിരഞ്ഞെടുത്ത് 6 മാസം

പ്രായമാകുമ്പോൾ വിരിയുടച്ച് 12 മാസം വരെ ശാസ്ത്രീയമായി പരിഗണിച്ച് മാംസാവശ്യത്തിന് ഉപയോഗിക്കാം. ഓരോ വാർഡിലും 4 യൂണിററുവീതം ഏർപ്പെടുത്താം.

11. ആടുവളർത്തൽ പദ്ധതി

ഓരോ വാർഡിലേയും 10 കർഷകകുടുംബത്തിന് 3 ആട്ടിൻ കുട്ടിയെ വിതരണം ചെയ്യുന്ന പദ്ധതി.

12 സമ്പൂർണ്ണ പേ വിഷബാധ നിയന്ത്രണ ത്രീവ്രയത്ന പരിപാടി

തെരുവുനായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായകൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് ഏർപ്പെടുത്തുകയും ചെയ്യ്ത് പദ്ധതി വിജയിപ്പിക്കാം _ പദ്ധതി വിജയിപ്പിക്കാൻ വർഷം തോറും നായക്കളെ പ്രതിരോധ കുത്തിവെയ്പ്പിനെ വിധേയമാക്കുകയും അയൽ പഞ്ചായത്തുകളുമായി സഹകരിച്ചും നടത്തേണ്ടതാണ്.

13. മൃഗാശുപത്രിയുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതി.

14. സഹകരണാടിസ്ഥാനത്തിൽ ഇറച്ചി കോഴി (ചെറിയ യൂണിററ്) വളർത്തൽ പദ്ധതി

**പ്രശ്നങ്ങൾ:**

1. പഞ്ചായത്തിൽ ഒരിടത്തും ക്ഷീര വിപണനത്തിനുള്ള സൗകര്യമോ, ചീര ഉൽപാദക സഹകരണ സംഘമോ ഇല്ല.

2. കാലിത്തീററകളുടെ വിലകളിലുണ്ടായ വർദ്ധനവ്

| | | |
|---|---|---|
| കടലപ്പിണ്ണാക്ക് വില | 11.40 രൂപ | 1Kg |
| വൈക്കോൽ | 2.50 രൂപ | 1കു |
| O.K. | 5.60 രൂപ | 1കു |
| ചോളത്തവിട് | 5,.40 രൂപ | 1കു |

3. പുല്ല് വൈക്കോൽ ഇവയുടെ അപര്യാപ്തത

4. പഞ്ചായത്തിൻെറ 8.9.10.10,11 എന്നീ വാർഡുകളിൽ നിന്ന് മൃഗാശുപത്രിക്ക് എത്തിചേരാനുള്ള ബുന്ധിമുട്ട്.

5. കോഴി വസന്ത തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തിലെ ജനങ്ങളുടെ കോഴി വളർത്തലിനെ ബാധിക്കുന്നു.

6. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്

7. കന്നുകാലികളിൽ കുളമ്പു ദീനം, അകിടു വീക്കം തുടങ്ങിയ രോഗങ്ങൾ ബാധിക്കാ റുണ്ട്

8. ശാസ്ത്രീയമായി സംസ്കരിച്ച മാംസം ലഭിക്കുന്നില്ല.

9. പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണം നടക്കുന്നില്ല.

10 മൃഗാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത

11. ബയോഗ്യാസ് ഇന്ധനത്തിൻെറ സാധ്യതയെകുറിച്ചുള്ള ബോധവൽക്കരണം നടക്കുന്നില്ല.

12. മൃഗാശുപത്രിയിൽ മരുന്നുകളുടെ ലഭ്യത കുറവ്

13. മൃഗസംരക്ഷണ മേഖലയിൽ വായ്പ്പകൾ നൽകാൻ ധനകാര്യ സ്ഥാപനങ്ങളുടെ പ്രോത്സാഹനക്കുറവ്.

സാദ്ധ്യതകൾ

1. വാർഡ്തലത്തിൽ പാൽ ഉൽപ്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക അവയെ Live stock Association, Frim Club കൾ എന്നിവയുമായി ബന്ധപ്പെടുത്തുക

2. പഞ്ചായത്തിൽ ഒരു ചെറുകിട കാലിതീററ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുക. പഞ്ചായത്തിൽ ധാരളം ലഭ്യമായ അസംസ്കൃതവസ്തുക്കളായ തവിട് തേങ്ങാപിണ്ണാക്ക് പുളിവെട്ട് ഇവ ഉപയോഗിച്ചായിരിക്കണം കേന്ദ്രത്തിൻെറ പ്രവർത്തനം.

3. തീററപുൽകൃഷി പ്രേത്സാഹിപ്പിക്കുക.

തീററപുൽ കൃഷിക്കു വേണ്ട പുൽവിത്ത് വളം ഇവനൽകി പ്രോത്സാഹനം കൊടുക്കുക. ക്ഷീര സംഘങ്ങളേയും ഫാം ക്ലബ്ബുകളേയും ഇക്കാര്യത്തിൽ ചുമതലപ്പെടുത്തി ഫോർഡർ ബാങ്കുകൾ ഉണ്ടാക്കുക.

4. പഞ്ചായത്തിൽ മൃഗസംരക്ഷണ കേന്ദ്ര ത്തിന് സമ്പ്സെൻറർ തുറക്കുക.

രണ്ട് ബീജദാന യൂണിററുകൾ കൂടി പഞ്ചായ സത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തനം ആരംഭിക്കുക.

5. കോഴി വസന്ത നിർമ്മാർജ്ജത്തിനുവേണ്ടി ഓരോ വാർഡിലും Doctor Camp ചെയ്ത് കുത്തിവെയ്പ് കേമ്പുകൾ സംഘടിപ്പിക്കുക.

6. പഞ്ചായത്തിൽ ഒരു നേഴ്സറി ആരംഭിച്ച് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാനുന്നള്ള സാധ്യതതള്ളികളയാനാവില്ല.

7. ശാസ്ത്രീയമായ രീതിയലുള്ള പരിപാലന മുറകളെ കുറിച്ചുള്ള ബോധൽക്കരണം വാർഡു തലത്തിൽ നടപ്പിലാക്കിയും തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണത്തിന് പ്രോത്സാഹനം നൽകിയും അകിടുവീക്കം തുടങ്ങിയ രോഗങ്ങൾ മാററാവുന്നതാണ്.

8. പഞ്ചായത്തിൽ ആധുനിക സജ്ജീകരണ ത്തോടുകൂടി അറവുശാല പഞ്ചായ ത്തിൽ സ്ഥാപിച്ച് ശാസ്ത്രീയമായി മാംസം ഉൽപാദിപ്പിച്ച് സംഘടിത രീതിയിൽ വിപണനം ചേയ്യാവുന്നതാണ്.

9. പഞ്ചായത്തടിസ്ഥാനത്തിൽ Live Stock Asocialtion രൂപികരിച്ച വാർഡ് തലത്തിൽ വാർഡ് മെമ്പർമാർ ഉൾപ്പെട്ട കമ്മിററികൾ പ്രവർത്തനം തുടങ്ങുക. Farm Club ക്ഷീരോൽപാദന സംഘടനകൾ Live Stock Association ൻെറ പ്രവർത്തനങ്ങൾ ഇവ സംയോജിപ്പിക്കുവാർ മൃഗാശുപത്രിയിൽ പരിശീലന ക്ലാസ്സിനുള്ള സ്ഥലം ഉണ്ടക്കുക വാർഡുതല Live Stock Assosciation മീററിങ്ങുകളിൽ മൃഗ ഡോക്ടർ പങ്കെടുക്കുക.

10. മൃഗ സംരക്ഷണ കേന്ദ്രം അററകുററ പണികൾ സന്നദ്ധപ്രവർത്തനം ഉൾകൊള്ളിച്ചു നടത്തുക. വേണ്ടത്ര ഉപകരണങ്ങൾ, ലെബോററ്ററി സൗകര്യം ഇവയ്ക്കുവേണ്ടി Liove Stock Association മായി ബന്ധപ്പെട്ടു പ്രവർത്തിക്കുക.

11. കൃഷിഭവൻ മുഖാന്തിരം ബയോഗ്യാസ് സംവിധാനം വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

12 മൃഗസംരക്ഷണ ഓഫീസുകളുമായി ബന്ധപ്പെട്ട അത്യാവശ്യമായ മരുന്നുകൾ Live Stock Association ൻെറ സഹായത്തോടെ പഞ്ചായത്തിലെത്തിക്കാം.

13. ബാങ്കുദ്യേഗസ്ഥൻമാരുമായി പഞ്ചായത്തു ഭരണ സമിതി ചർച്ചകൾ നടത്തി പദ്ധതികൾ വിജയിത്തിലെത്തിക്കുക.

ഒന്നാം വാർഡിൽ ഒഴിഞ്ഞു കിടക്കുന്ന 61 ഏക്കർ തരിശു കേന്ദ്രീകരിച്ച പ്രവർത്തിക്കുന്ന ക്ലബ്ബു കളുടെയും സഹായത്തോടെ അവിടെആടുവളർത്തൽ പ്രോത്സാഹിപ്പിക്കാ വുന്നതാണ്.

പഞ്ചായത്തിൻെറ മൃഗ സംരക്ഷണ മേഖലയിൽ കാടവളർത്തൽ പദ്ധതിയുടെ സാദ്ധ്യത കൾ പഠിച്ച് അവ യോജിച്ച പ്രദേശങ്ങളിൽ തുടങ്ങാം. പഞ്ചായത്തിൽ ഇനിയും വേറിട്ടുപോകാത്ത നാടൻ ജന്തുവിഭാഗങ്ങളാണ് പശു, ആട്. പോത്ത് എന്നിവ. പക്ഷികളിൽ കോഴിയും കാടയും നാടൻ ജനസംഖ്യകളെ നില നിർത്തുന്നവയാണ്. പഞ്ചായത്തിൽ മക്കാട്ട് പറക്കുളം, എന്നിവിടങ്ങളിൽ മയിലുകളെ അപൂർവ്വമായി കാണാററുണ്ട്.

ഒമ്പതാം പദ്ധതിയൽ പഞ്ചായത്തിലെ ജനങ്ങളുടെ കാർഷിക വരുമാനത്തിൻെറ 25%ത്തിലധികം മൃഗ സംരക്ഷണ മേഖല സംഭാവന ചെയ്തേക്കും. പദ്ധതി വിഹിതത്തിൽ 6.98% മാത്രം

പദ്ധതി വിഹിതമായി നീക്കിവെയ്ക്കപ്പെടുന്ന രീതി മാറേണ്ടതുണ്ട്. പ്രധാനമായും ചെറുകിട കർഷകരും കർഷകതൊഴിലാളികളും സ്ത്രീകളുമാണ് കന്നുകാലി ഉടമകൾ. പ്രത്യേകിച്ചും 60% സ്ത്രീകളിൽ നിന്നും ആണ് മേഖലക്ക് മനുഷ്യവിഭവം സമാഹരിക്കപ്പെടുന്നത്. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുമ്പോൾ അതേ മേഖലക്ക് പരസ്പര പൂർവ്വകമായ മൃഗ സംരക്ഷണ മേഖലയെ കൂടി ഊന്നൽ നൽകിയാലെ കാർഷിക മേഖലയിലെ വികസനം സചേതനമായിതീരും.

**മത്സ്യ ബന്ധനം**

കപ്പൂർ പഞ്ചായത്തിലെ ആരാധനാ കേന്ദ്രങ്ങളോടു ബന്ധപ്പെട്ടുണ്ടായിരുന്ന "മീന്തട്ട്" എന്ന ചടങ്ങിൽ നിന്നും പ്രാചീനവകാലം മുതൽക്ക് ഇവുടത്തെ ജനതയുടെ മത്സ്യ പരിപാലന രംഗത്തെ ശുഷ്കാന്തി മനസ്സിലാക്കാം പഞ്ചായത്തിൽ കണ്ടുവന്നിരുന്ന മത്സ്യങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു കണ്ണൻ, മൊയ്യ്, കരുതല, വിവിധയിനം പരൽ എന്നിവ. ഇതിനു പുറമെ കല്ലുത്തി ഞണ്ട്, ഞമിഞ്ഞ്, എന്നീ ശുദ്ധജല ജീവികളും ഭക്ഷ്യയോഗ്യമായി സ്വീകരിച്ചു പോകുന്നു. പരമ്പരാഗതമായി മത്സ്യബന്ധത്തിലെർപ്പെട്ട പത്തോളം കുടുംബങ്ങൾ ഈ പഞ്ചായത്തു പ്രദേശത്തിൽ ഇന്നുമുണ്ട്.കുളങ്ങളിൽ നിന്നും, തോടുകളിർ നിന്നും സമീപ പഞ്ചായത്തുകളിലെ പുഴകളിൽ നിന്നും മത്സ്യം പിടിച്ച് പ്രാദേശികമായ മാത്രം ഇവർ വിപണനം നടത്തുന്നു. പഞ്ചായത്തു നിന്നും ഏതാണ്ട് 11 KM അകലെയാണ് പൊന്നാനി കടപ്പുറം 95% ജനങ്ങളും മത്സ്യം ഭക്ഷിക്കുന്നവരാക്കയാൽ കടൽ മത്സ്യങ്ങളായ അയില, മത്തി, കോറ, മാന്തൾ, വാള, മുള്ളൻ, സ്രാവ്, വെത്തിൾ, ഇവലഭ്യതക്കനുശരിച്ച് സാമാന്യം ഉയർന്ന അളവിൽ ഉപയോഗിക്കപ്പെടുന്നു. ഉണക്കിയ കടൽ മത്സ്യങ്ങളുടെ ഉപയോഗവും പഞ്ചായത്തിൽ കൂടുതലാണ്. മത്സ്യ വിപണനം അസംഘടിത കച്ചവടക്കാരുടെ സഞ്ചരിച്ചു വിപണനം ചെയ്യുന്ന രീതി കടകളിലൂടെ വിൽക്കുന്ന രീതി വഴിയരികിൽ വിൽക്കുന്ന രീതി എന്നീ സമ്പ്രദായങ്ങളിലൂടെയാണ് പഞ്ചായത്തിൽ ഉള്ള 30 ഓളം കുളങ്ങളിൽ ചാത്താൻ കുളം എലിയാത്ര കുളം, കണ്ടൻ കുളം, ചെറിയകുളം ചേലക്കുളം പാലക്കുളം കെള്ളാടി കുളം, തുടങ്ങിയവ വേനൽക്കാലത്തും വററാത്ത കുളങ്ങളാണ്. കായലോ പുഴയോ, ഇല്ലാത്ത പഞ്ചായത്തിൽ ഒന്ന് രണ്ട് തോടുകൾ ഉണ്ട്. കുളങ്ങളിൽ മത്സ്യ കൃഷി നടത്തുന്നവരായി പഞ്ചായത്തിൽ ആരും ഉള്ളതായി അറിവില്ല.

**പ്രശ്നങ്ങൾ:**

1. കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ താത്പര്യമുള്ളവർക്ക് വേണ്ട സാങ്കേതിക ഞജാനം ലഭിക്കാൻ സൗകര്യമല്ല.

2. മത്സ്യ കൃഷ നടത്താൻ ആഗ്രഹിക്കുന്നവർക്ക് മത്സ്യ കുഞ്ഞുങ്ങളെ കിട്ടാൻ സാദ്ധ്യതയില്ല.

3. മത്സ്യകൃഷി നടതതാൻ താത്പര്യമുള്ളവർക്ക് ജലാശയങ്ങൾ ലഭ്യമല്ല.

4. പല കുളങ്ങളും വേനൽ കാലത്ത് വററാറുണ്ട്.

5. കടൽ മത്സ്യങ്ങളുടെ വിപണനം ശാസ്ത്രീയ രീതിയില്ല.

**സാദ്ധ്യതകൾ:**

1. FFDA യുടെ പാലക്കാട് ജില്ലയിലെ ഓഫീസിന് ഒരു ഉപകേന്ദ്രം ബ്ലേക്കടി സ്ഥാനത്തെങ്കലും പ്രവർത്തനം ആരംഭിക്കുക. FFDA യുടെ പരിശീലനത്തിൽ താത്പര്യമുള്ളവരെ പങ്കെടുപ്പിച്ച് അവരെ ഉപയേച്ച് ഉൾനാടൻ ശുദ്ധജല മത്സ്യകൃഷിയെ കുറിച്ച് ബോധവർക്കരണം നടത്തുക.

2. ബ്ലോക്കടിസ്ഥാനത്തെങ്കിലും കുളങ്ങളിൽ വളർത്താറുള്ള ശുദ്ധജല മത്സ്യങ്ങളെ വിതരണം ചെയ്യുന്ന സംവിധാനം ഉണ്ടാക്കേണ്ടതാണ്.

3. ജലാംശങ്ങൾ ഉണ്ടാകുന്നതിനും കുളം

അററകുററ പണികൾ ചെയ്ത് കൃഷിയോഗ്യമാക്കുന്നതിനും ഉള്ള പദ്ധതികളിലെ വ്യവസ്ഥകൾ ആകർഷമാക്കുക. പഞ്ചായത്തിലെ വാർഡിൽ രണ്ടു കുളങ്ങളെങ്കിലും മത്സ്യ കൃഷി ചെയ്യുക.

4. കുറഞ്ഞ കാലം കൊണ്ട് വിളവെടുക്കാവുന്നതരം മത്സ്യജനസ്സുകൾ ഗവേഷണം മൂലം ഉത്പാദിപ്പിക്കുക. അവയുടെ കുഞ്ഞുങ്ങളെ വിപണനം ചെയ്യുക.

5. കടൽ മത്സ്യങ്ങൾ നേരിട്ട് വാങ്ങി പഞ്ചായത്തിന് വിപണനം ചെയ്യാവുന്നതാണ്. ശാസ്ത്രീയമായ വിപണന രീതിയിലൂടെ പഴക്കം ചെന്നതും കേടുവരാത്തതുമായ മത്സ്യം ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നതും ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ കഴിയുന്നതുമാണ്.

# 2_1 വ്യവസായം

# III

# തൃതീയ മേഖല.

1. വിദ്യാഭ്യാസം.
2. പൊതുജനാരോഗ്യം.
3. കുടിവെള്ളം.
4. സംസ്കാരം.
5. വനിതാക്ഷേമം.
6. സഹകരണ സംഘം.
7. പട്ടിക ജാതി പട്ടിക വർഗ്ഗം.
8. വിഭവ സമാഹരണം.

# 2_1 വ്യവസായം

**മേഖലാ_വ്യവസായം**

മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യവസായികമായി കപ്പൂർ പഞ്ചായത്തിൻെറ അവസ്ഥ വളരെ മോശമാണ്. കരിങ്കൽ ചെങ്കൽ മേഖലയിലും കെട്ടിടനിർമ്മാണ മേഖലയിലുമാണ് തൊഴിലാളികളിൽ അധികം പേരും, വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നവരുണ്ടെങ്കിലും അവരെല്ലാം പഞ്ചായത്തിനു പുറത്താണ് ജോലി ചെയ്യുന്നത്. മൂന്നിൽ ഒരു ഭാഗം തൊഴിലാളികൾ കാർഷിക മേഖലയെയാണ് ആശ്രയിക്കുന്നത്. പരമ്പരാഗത തൊഴിലുകളിൽ നിന്ന് ആളുകൾ മാറികൊണ്ടിരിക്കുന്നു. കാലാനുസൃതമായ മാററങ്ങൾ ഉൾകൊള്ളാനുള്ള വിമുഖത പരമ്പരാഗത തൊഴിലുകൾ ഗ്രാമീണർക്ക് അന്യമാവുകയാണ്.

1991 ലെ ജനസംഖ്യയും വിവിധ തൊഴിലുകളിൽ ഏർപ്പെട്ട തൊഴിലാളികളുടെ വിവരങ്ങളും മൂന്നു പട്ടികകളായി താഴെ കൊടുക്കുന്നു.

| പട്ടിക 1 | | | |
|---|---|---|---|
| പോപ്പുലേഷൻ | ആൺ | പെൺ | ആകെ |
| 91 | 14287 | 14490 | 28777 |

പട്ടിക 2

| തൊഴിൽ വിഭജനം | | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| മൈനിംഗ് കോറീയിംഗ് | 96 | 1 | 97 |
| വീട്ടുജോലിക്കാർ | 74 | 24 | 98 |
| വീട്ടുജോലിയല്ലാത്ത മററു ജോലിക്കാർ | 306 | 13 | 349 |
| കൺസ്ട്രക്ഷൻ | 242 | 1 | 243 |
| ട്രാൻസ് പോർട്ട് സ്റേറാറേജ് കമ്മ്യൂണിക്കേഷൻ | 293 | 8 | 301 |
| മററ് സർവ്വീസുകൾ | 479 | 168 | 647 |
| മാർജിനൽ വർക്കേഴ്സ് | 376 | 192 | 568 |

പട്ടിക 3

IRDP

IRDP സർവ്വേ പ്രകാരം

സഹായം ലഭിച്ചവർ 25

ഇനി ലഭിക്കാനുള്ളവർ 33

പട്ടിക 4

| | | |
|---|---|---|
| സോപ്പുനിർമ്മാണം | 14 | ഇപ്പോൾ ഇല്ല |
| നെല്ലു കുത്ത് | 15 | ഇപ്പോൾ ഇല്ല |
| റെഡിമെയ്ഡ് | 16 | ഭാഗികമായി നടക്കുന്ന |
| പപ്പടം | 18 | ഭാഗികമായി നടക്കുന്ന |
| പപ്പടചിപ്സ് | 15 | ഇപ്പോൾ ഇല്ല. |

സ്ത്രീകൾക്കുവേണ്ടിയുള്ള സംരംഭങ്ങളും ലാഭകരമായി നടത്താൻ കഴിയാത്തതുകൊണ്ട് നടക്കുന്നില്ല.

ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ ജനപ്രതിനിധികൾ, വ്യവസായികൾ വ്യവസായം ഗ്രാമവികസനം വൈദ്യുതി എന്നീ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥർ എന്നിവർ ഉൾകൊള്ളുന്ന 10ൽ താഴെ അംഗങ്ങൾ അടങ്ങുന്ന ഒരു പഞ്ചായത്ത് വ്യവസായ വികസന സമിതി രൂപീകരിക്കാം ഇവർക്ക്.

1. ജനപങ്കാളിത്തത്തോടെ പഞ്ചായത്തിൽ സാദ്ധ്യതയുള്ള വ്യവസായിക പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാം.

2. സെമിനാറുകൾ വ്യവസായ സംരംഭ പരിശീലനങ്ങൾ പ്രദർശനമേളകൾ, ചലചിത്ര പ്രദർശനങ്ങൾ എന്നിവയിലൂടെ ഉൽപാദനരംഗത്തെ വിവിധ സാധ്യതകളെ പററി പൊതുജനങ്ങൾക്ക് അറിവു നൽകാം

3. വ്യവസായ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് വേണ്ടവിധം വിവരണം നൽകാം

4. വ്യവസായ സമൂഹം ഔട്ട് വർക്കർ ഉൽപാദന സമ്പ്രദായം തുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങൾക്ക് മുൻകൈയെടുത്ത് പ്രോത്സാഹിപ്പിക്കാം

5. വ്യവസായ വികസന പ്രവർത്തനങ്ങൾ പരിതസ്ഥിതി സംരക്ഷണം കണക്കിലെടുത്തുകൊണ്ടാള്ള താണ് എന്ന് ഉറപ്പുവരുത്താം

6. വിപണി അസംസ്കൃത സാധനങ്ങൾ സാങ്കേതിക വിദ്യ, സാമ്പത്തിക, സഹായം എന്നിവയുമായി ബന്ധപ്പെട്ട പുതിയ കണ്ണികൾ രൂപപ്പെടുത്താം

7 പ്രാദേശിക സമൂഹത്തിൽ വ്യവസായ സംരഭകത്വ സ്വഭാവം വളർത്തിയെടുക്കാം

ഉപമേഖല _ വ്യവസായം

വൻകിടവ്യവസായം സഹകരണം സ്വകാര്യ പാർട്ടണർ ഷിപ്പ് _ സ്വകാര്യ വ്യക്തി എന്നിവയിൽ ഏതും തെരഞ്ഞെടുക്കാം

അഭിലക്ഷണീയമായ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ ഭാഗവും ഉൾകൊള്ളാൻ കഴിയും വിധം

1.. 20ം വാർഡിൽ ഉള്ള സഹകരണ മേഖലയിലെ ചകിരി ഉൽപന്ന നിർമമാണ ഫിക്ടറി പ്രവർത്തന ക്ഷമമാക്കുക

2. പറക്കുളത്തുള്ള ഉദ്ദേശം 35ഏക്കർ വരുന്ന സർക്കാർ ഭൂമിയിൽ ഒരു ഇൻഡസ്ട്രിയൽ കോപ്ലക്സ് സ്ഥാപിച്ച് ചുരുങ്ങിയ വാടകവാങ്ങി ചെറുകിട വ്യവസായ സംരഭകരെ പ്രോത്സാഹിപ്പിക്കാം ആവശ്യത്തിന് വൈദ്യുതി, വെള്ളം ഇവ ലഭ്യമാക്കണം. (പ്രാരംഭസൗകര്യങ്ങൾക്കായി മുടക്കുമുതൽ ചിലവിടുകയും അസംസ്കൃത സാധനങ്ങൾ വാങ്ങാൻ ഫണ്ടില്ലാതെ വിഷമിക്കുകയും ചെയ്യുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഇത് സഹായമായിരിക്കാം

3. സഹകരണാടിസ്ഥാനത്തിൽ ഗൾഫ് മലയാളികളുടെതായ ഒരു ഫൈബർ ഗ്ലാസ്സ് ഉൽപ്പന്ന നിർമ്മാണ ഫാക്ടറി തുടങ്ങാം.

4. 75 ഏക്കർ വിസ്തൃതി വരുന്ന മാവറയിലെ കരിങ്കൽ മേഖല ഒരുവൽ കിടകരിങ്കൽ ഉൽപ്പന്ന മേഖലയാക്കി വികസിപ്പിക്കാം.

5. കുമരനെല്ലൂരോ മറേറാ കേന്ദ്രീകരിച്ച് ഒരു പാൽ ശേഖരണ വിപണന പാലുല്പന്ന വ്യവസായ സംരംഭം തുടങ്ങാം

6. ഒരു ബാംബൂഫ്ലൈ നിർമ്മാണ യൂണിററ് തുടങ്ങാം.

7. ഹവായ് ഷീററ്സ് ആൻറ് ചപ്പൽസ് യൂണിററ് തുടങ്ങാം.

8. ത്രെഡ് റബ്ബർ നിർമ്മാണ യൂണിററ് ആരംഭിക്കാം.

9. ഒരു പപ്പൈയിൻ ശേഖരണ വിപണന യൂണിററ് സ്ഥാപിക്കാം

10. ഒരു പുൽതൈല നിർമ്മാണ കേന്ദ്രം പരീക്ഷിക്കാം

11. ഒരു കാലിതീററ നിർമ്മാണ ഫാക്ടറി സ്ഥാപിക്കാം

12. ഒരു കോപ്പർ സൾഫൈററ് ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കാം,.

13. ഒരു അടക്ക, നാളികേരം സംസ്കരണ കേന്ദ്രം പരീക്ഷിക്കാവുന്നതാണ്. _ കുമരനെല്ലൂർ മാർക്കററിംഗ് സൊസൈററിയെ പുനരുജ്ജീവിപ്പിച്ചും ഈ ദൗത്യം നിറവേററാവുന്നതാണ്.

കൂടതെ ഇനി പറയുന്ന ചെറുകിട വ്യവസായ സംരംഭങ്ങളും പരീക്ഷിക്കാവുന്നതാണ്.

1. ഔട്ട് വർക്കർ ഉൽപ്പാദന രീതിയിൽ ഒരു ബുക്ക് ബൈൻറിംങ്ങ് • സംരംഭം തുടങ്ങാം

2. ഔട്ട് വർക്കർ ഉൽപാദന സംമ്പ്രദായത്തിൽ തന്നെ ഒരു റെഡിമെയ്ഡ് വസത്രെ നിർമ്മാണവും തുടങ്ങാം

3. ഒരു ഹോളോ ബ്രിക്സ് നിർമ്മാണ യൂണിററ് തുടങ്ങാം.

4. സ്വന്തമായി കെട്ടിടമുള്ള ഡി.ഡബ്ളിയു. സി. ആർ, എ. പള്ളങ്ങാട്ടു ചിറയൂണിററ് യന്ത്ര സാമാഗ്രികൾ നൾകി

ഒരു പൗഡർ നിർമ്മാണ യൂണിററായി ഉയർത്താം.

5. ഓരോ വാർഡിലും ഓരോ പാൽ സൊസൈററി സ്ഥാപിക്കാം.

6. ഓരോ വാർഡിലും ഒരു ആടുവളർത്തൽ കേന്ദ്രം വീതം തുടങ്ങാം

7. ഓരോ വാർഡിനും ഒരു മുയൽ വളർത്തൽ കേന്ദ്രം തുടങ്ങാം.

8. പറക്കുളത്തെ DWCRA സോപ്പു നിർമ്മാണ യൂണിററ് പുനരുജ്ജീവിപ്പിക്കുകയോ പുതിയത് തുടങ്ങുകയോ ചെയ്യാം.

9. നാടൻ ചക്കിൽ എണ്ണയാട്ടൽ ഒരു വെളിച്ചെണ്ണ മിൽ എന്നിവ സംയുക്തമാക്കാം.

10. ആയുർവേദ മരുന്നു നിർമ്മാണ യൂണിററ് ഉള്ള സൊസൈററി പുനരുജ്ജീവിപ്പിച്ചോ പുതിയത് ഏർപ്പെടുത്തിയോ തുടങ്ങിവെക്കാം.

11. നെല്ലു കുത്ത് സൊസൈററി ഉള്ളത് പുനരുജ്ജീവിപ്പിക്കുകയോ പുതിയത് തുടങ്ങുകയോ ചെയ്യാം.

12.. 11_ാം വാർഡിലും അതുപോലെ നെല്ലുകുത്ത് മില്ലുകൾ ഇല്ലാത്ത മററു വാർഡുകളിലും നെല്ലു കുത്ത് മിൽ തുടങ്ങാം.

പുറമെ താഴെപ്പറയുന്ന കുടിൽവ്യവസായങ്ങളും തുടങ്ങിവെക്കാൻ പററിയവയാണ്.

1. കൈക്കടലാസ് നിർമ്മാണം.

2. പുൽ /തഴപായ നിർമ്മാണം

3. പനമ്പ് കൊട്ട നിർമ്മാണം

4. മൺപാത്ര നിർമ്മാണം

5. പ്ലാസ്ററർ ഓഫ് പാരീസ് കൊണ്ട് പ്രതിമ നിർമ്മാണം.

ഇവയ്ക്ക് ഗ്രാൻറു നൽകി പ്രോത്സാഹിപ്പിക്കണം.

## 2_2 ഊർജ്ജം

ഊർജ്ജ ഉപഭാഗത്തിൻെറ തോത് പരിശോധിക്കുമ്പോൾ ഗാർഹികാവശ്യത്തിനാണ് പഞ്ചായത്തിൽ ഏററവും കൂടുതൽ ഊർജ്ജം ചിലവഴിക്കപ്പെടുന്നത്.

ഗാർഹിക ഊർജ്ജ ഉപയോഗത്തിൽ ഏററവും പ്രധാനപ്പെട്ടത് വിറകാണ്. 97% വീടുകളിലും പാചകാവശ്യത്തിന് ഉപയോഗിക്കുന്ന ഇന്ധനം വിറകുതന്നെയാണ്. 2% വീടുകളിൽ പാചകാവശ്യത്തിന് മണ്ണെണ്ണ സ്ററവുകളും 1% തോളം വീടുകളിൽ പാചക വാതകവും അപൂർവ്വം വീടുകളിൽ ബയോ ഗ്യാസും ഉപയോഗിക്കപ്പെടുന്നുണ്ട്.

പ്രശ്നങ്ങൾ:

മഹാഭൂരിപക്ഷം വിറകടുപ്പ് ഉപയോഗിക്കുന്ന വീടുകളിലും ദക്ഷത കുറഞ്ഞ പ്രാചീന രീതിയിവുള്ള അടുപ്പുകളാണ് പ്രചാരത്തിൽ ഉള്ളത്. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകളെ കുറിച്ച് ജനങ്ങൾക്ക് അറിവില്ലായ്മയാണ് പ്രാചീന രീതിയലുള്ള അടുപ്പുകളുടെ ഉപയേഗത്തിന് ഒരു പ്രധാന കാരണം. തെങ്ങുകളുടെയും കവുങ്ങുകളുടെയും ഉണങ്ങിയ ഇലകൾ ചപ്പുചവറുകൾ എന്നിവയും ഇന്ധനമായി ഉപയോഗിക്കുന്നവരും കുറവല്ല. ഇത്തരം വസ്തുക്കൾ ദക്ഷത കൂടിയ അടുപ്പുകളിൽ ഉപയോഗിക്കാൻ കഴിയില്ലെന്നത് പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണത്തിന് ഒരു പരിധി വരെ തടസ്സമായി നിൽക്കാറുണ്ട്.

വിറകിൻെറ ആസൂത്രിതമല്ലാത്ത ഉപയോഗം ലഭ്യതയിൽ കാര്യമായി കുറവു വരുത്തുകയും, ദൗർലഭ്യം നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഗ്രാമീണ പശ്ചാത്തലമുള്ള ഈ പഞ്ചായത്തിൽ വിറക് ശേഖരിക്കുന്ന പ്രക്രിയ തന്നെയാണ് ഭൂരിപക്ഷവും പിൻതുടരുന്നത്. ഇക്കാരണത്താൽ തന്നെ വിറകിൻെറ വിൽപ്പനാ കേന്ദ്രങ്ങൾ പ്രായേണ കുറവാണ്. ജനസംഖ്യാ വർദ്ധനവും, കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നുള്ള ഒഴിഞ്ഞുപോക്കും വീടുകളുടെ എണ്ണത്തിൽ ക്രമാതീതമായി വർദ്ധനവ് സൃഷ്ടിക്കുകയും തൽഫലമായി മരങ്ങൾ മുറിച്ചുമാററ പെടുകയ്യും ചെയ്യുന്നത് വിറകിൻെറ ലഭ്യതയെ സമീപകാലത്ത് പ്രതികൂലമായി ബാധിച്ചിരിക്കുന്നെങ്കിലും വിറകിൻെറ ഉപഭോഗത്തിൽ കുറവുവരുത്തേണ്ടതിനെ കുറിച്ച് ജനങ്ങളിൽ ബോധവർക്കരണം നടന്നിട്ടില്ല.

ബയോഗ്യാസിൻെറ ഉപയോഗത്തെകുറിച്ച് ജനങ്ങളിൽ അവബോധം വളർന്നിട്ടില്ല. ബയോഗ്യാസ് ടാങ്കുകളുടെ നിർമ്മാണത്തിൽ ഉണ്ടാകുന്ന അപാകത ചിലവുകൂടിയ ഇത്തരം പരീക്ഷണങ്ങളിൽ നിന്ന് ജനങ്ങളെ പിൻതിരിപ്പിക്കുകയും ചെയ്യുന്നുണ്ട് ഈ കാരണത്താൽ ഈ ഊർജ്ജ സ്രോതസ്സ് ഉപയോഗിക്കുന്നതിൽ വിജയകരമായ മുന്നേററം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

പാചക വാതകത്തിന് ലഭ്യതക്ക് ആവശ്യമായ സങ്കീർണ്ണമായ നടപടിക്രമങ്ങളും പാചകവാതകത്തിൻെറ ലഭ്യതയിലെ ദൗർലഭ്യവും മേഖലയിൽ ഈ ഊർജ്ജ സ്രോതസ്സ് വിരളമായി മാത്രം ഉപയോഗിക്കാൻ കാരണമായി മാറുന്നു. പഞ്ചായത്തിൽ വാതകത്തിൻെറ വിതരണ കേന്ദ്രം ഇല്ലാത്തതിനാൽ വിദൂര മേഖലയിലെ വിതരണ കേന്ദ്രവുമായി ബന്ധപെടേണ്ടിവരുന്നതും ഇതിൻെറ ഉപയോഗത്തെ കുറക്കുന്ന ഘടകമാണ്.

കാർഷകാവശ്യത്തിനാണ് ഊർജ്ജം ചിലവഴിക്കപെടുന്ന മററൊരു പ്രധാന മേഖല വൈദ്യുതി ഉപയോഗിച്ച് പ്രവൃത്തിക്കുന്ന മോട്ടോറുകളും മണ്ണെണ്ണയോ ഡീസലോ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകളുമാണ് ജലസേചനത്തിനായി കർഷകർ ഉപയോഗിക്കുന്നത്. പഞ്ചായത്തിൻെറ 11 വാർഡുകളിലായി 842 കാർഷിക ആവശ്യത്തിനായി ഉപയോഗിക്കുന്ന വൈദ്യുതി മോട്ടോർ കണക്ഷനുകൾ മാത്രമാണ് ഉള്ളത്. വളരെ അത്യാവശ്യമായ രൂപത്തിലാണ് ജലസേചനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ പെർമിററുകൾ കൊടുത്തുവരുന്നത്. പല മേഖലകയിലും പഞ്ചായത്തിൽ വൈദ്യുതി എത്തിയട്ടില്ലാത്തത്. കർഷകർക്ക് വൈദ്യുതി ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതി സൃഷ്ടിക്കുന്നു.

വാണിജ്യ മേഖലയിൽ ഉപയോഗിക്കപെടുന്ന ഊർജ്ജ സ്രോതസ്സ് പ്രധാനമായും വൈദ്യുതി തന്നെയാണ് അപൂർവ്വം വാണിജ്യ കേന്ദ്രങ്ങളിൽ ജനറേറ്റർ ഉപയോഗിക്കുന്നെങ്കിലും അത് വൈദ്യുതി വിതരണം തടസ്സപെടുമ്പോൾ മാത്രമാണ് ഉപയോഗിക്കുന്നത്.

വ്യവസായ മേഖലയാണ് ഏററവും കുറഞ്ഞ പഞ്ചായത്തിലെ ഊർജ്ജ ഉപഭോഗ രംഗം. അതിന് കാരണം പഞ്ചായത്തിൽ ഏററവും ക്ഷീണിതാവസ്ഥയിൽ നിൽക്കുന്നത് വ്യവസായ മേഖലയാണ് എന്നതു തന്നെ. പഞ്ചായത്തിലെ വൈദ്യുതിയുടെ ഉപയോഗം ഗാർഹിക കാർഷിക മേഖലകളിലാണ് പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. പഞ്ചായത്തിൽ ആകെ ഉള്ള 5000ത്തിൽ അധികം വീടികളിൽ 3155 വീടുകൾ മാത്രമാണ് വൈദ്യുതികരിച്ചിരിക്കുന്നത്. 52% വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ലെന്ന് ഈകണക്കുകൾ വ്യക്തമാക്കുന്നു. 3000ത്തിൽ പരം വീടുകളിൽ വെളിച്ചത്തിന് മണ്ണെണ്ണവിളക്കുകളെ ആശ്രയിക്കുന്നു. 842 കാർഷിക കണക്ഷനുകളും 398 വാണിജ്യാവശ്യത്തിനും 38 വ്യവസായ കണക്ഷനുകളാണ് പഞ്ചായത്തിൽ ആകെ ഉള്ളത്. 100 ഓളം വീടുകൾ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുകയാണ്. തൃത്താല, ചാലിശ്ശേരി, ചങ്കരം കുളം ഇലക്ട്രിസിററി ഡിവിഷനുകളുടെ കീഴിൽ നിന്നാണ് പഞ്ചായത്തിലേക്ക് വൈദ്യുതി എത്തിക്കുന്നത്. ഉപഭോക്താക്കൾക്ക് ഇക്കാരണത്താൽ വിവിധ ഓഫീസുകളുമായി ബന്ധപ്പെടാൻ നിരവധി പ്രയാസങ്ങൾ ഉണ്ട്. 16 ട്രാൻസ്ഫോർമറുക ളാണ് പഞ്ചാത്തിൽ ആകെ ഉള്ളത്. ട്രാൻസ്ഫോർമറുകളുടെ ശേഷി വളരെ കുറവാണ്. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

(ട്രാൻസ്ഫോർമർ പട്ടിക കാണുക)

പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന ട്രാൻസ്ഫോർമറുകൾ

| | മേഖലയുടെ പേര് | കപ്പാസിററി |
|---|---|---|
| 1. | വള്ളങ്കാട് ചിറ | 63 |
| 2. | കപ്പൂർ | 100 |
| 3. | കപ്പൂർ 2 | 100 |
| 4. | കാഞ്ഞിരത്താണി | 100 |
| 5. | കൊള്ളനൂർ | 100 |

| | | |
|---|---|---|
| 6.മാരായം കുന്ന് | 100 | |
| 7.കുറുക്കൻ കുന്ന് | 150 | |
| 8.പടിഞ്ഞാറങ്ങാടി | 250 | |
| 9.കുമരനെല്ലൂർ (E) | 100 | |
| 10. കുമരനെല്ലൂർ ടൗൺ | 100 | |
| 11. അമേററിക്കര റോഡ | 100 | |
| 12. പറകുളം കണ്ടുകാട | 100 | |
| 13. കപ്പൂർ | | 380 |
| 14. കൊഴിക്കര | | 12 |
| 15. ഉദിനിപറമ്പ് | | 240 |
| 16. മണാം പറമ്പ് | 90 | |

പഞ്ചായത്തിൽ 4,5,8,11 വാർഡുകളിൽ ഹരിജൻ കോളനികളിൽ ഒരു വീടുപോലും വൈദ്യുതീകരിച്ചിട്ടില്ല. 1,2.,3,6,7,9,11 വാർഡുകളിൽ 240 വീടുകൾ ഹരിജൻ കോളനികളിൽ വൈദ്യുതീകരിച്ചിരിക്കുന്നു യഥാർത്ഥ ഗുണഭോക്താക്കളായി വരേണ്ടവരിൽ ചെറിയ ഒരു ശതമാനം മാത്രമെ ഇവർ ഉൾകൊള്ളുന്നുള്ളു. ഇവരിൽ 46 വീടുകൾ മാത്രമാണ് സൗജന്യസ്ലാബ് സമ്പ്രദായത്തിൽ വൈദ്യുതി ഉപയോഗിക്കുന്നത്. 82 പട്ടിക ജാതി വിഭാഗങ്ങളുടെ വീടുകൾ സ്വയം പണം നൽകി കണക്ഷൻ നൽകിയവർ ആണ്.

പഞ്ചായത്തിൽ തെരുവിളക്കുകളായി 43 വേപ്പർ ലാബുകളും 40 ബൾബുകളും പ്രകാശിക്കുന്നു

വാർഡ് അടിസ്ഥാനത്തിൽ കണക്കുകൾ ചുവടെ കൊടുക്കുന്നു.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| വേപ്പർ ലാംബ് | 4 | 3 | 8 | 6 | 4 | 5 | 4 | 2 | 4 | 2 | 3 |
| ബൾബ് | __ | __ | 8 | 5 | __ | __ | 22 | __ | __ | __ | __ |

തെരുവുവിളക്കുകൾ കാലാകാലങ്ങളിൽ കേടുപാടു തീർക്കുന്ന പ്രവർത്തനത്തിലെ വീഴ്ച വിളക്കുകൾ പലപ്പോഴും പ്രകാശിക്കാതിരിക്കാൻ കരാണമാകുന്നു. പ്രതിമാസം 3308 രൂപ തെരുവുവിളക്കുകൾ പ്രകാശിക്കുന്നതിന് ഇലക്ട്രിസിററി ബോർഡിൽ പഞ്ചായത്ത് അടച്ചുകൊണ്ടിരിക്കുന്നു.

സൗരോർജ്ജ സ്രോതസ്സ് ചൂഷണം ചെയ്യുന്നതിന് ആവശ4മായ യാതൊരു സംവിധാനവും പഞ്ചായത്തിലില്ല. സങ്കീർണ്ണമായ സൗരോർജ്ജ ഉപകരണങ്ങൾ കേടു സംഭവിച്ചാൽ റിപ്പയർ ചെയ്യുന്നതിനാവശ്യമായ കേന്ദ്രങ്ങൾ മേഖലയിൽ എവിടെയും ഇല്ലെന്നത് ഈ ഉർജ്ജസ്രേതസ്സിൻെറ പ്രചാരണത്തിന് തടസ്സമായി നിൽക്കുന്നു.

വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന ചർച്ചകൾ പ്രധാനമായും വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമത്തിലാണ് കേന്ദ്രീകരിച്ചത് വൈദ്യുതിയുടെ വിതരണ രംഗത്തിലെ അപാകത എല്ലാ ഗ്രാമസഭകളിലും ചർച്ചക്ക് വിഷയമായി. ഇലക്ട്രിസിററി ബോർഡിന് എതിരായി നിശിതമായ വിമർശനങ്ങൾ ഗ്രാമ സഭ ചർച്ചകളിൽ ഉയർന്നുവരുകയുണ്ടായി . ഇലക്ട്രിക് ലൈനുകളിലേക്ക് തട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ കാലാകാലങ്ങളിൽ മുറിച്ച് മാററാത്തതിനാൽ വൈദ്യുതി പ്രവാഹത്തിൽ തടസ്സവും പ്രസരണ നഷ്ടവും സംഭവിക്കുന്നു. വെള്ളാളൂരിൽ അനുവധിക്കപ്പെട്ടിരിക്കുന്ന ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിൽ ബോർഡ് കുററകരമായ അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. കഴിഞ്ഞ പത്തുവർഷമായി പണിചെയ്ത പുതിയ വീടുകളുടെ എണ്ണത്തിലെ വർദ്ധനവിന് അനുപാതികമായി വൈദ്യുതി വിതരണരംഗത്ത് ശേഷി ഉയർന്നിട്ടില്ല. നിരവധി മേഖലളിൽ വൈദ്യുതി ലൈനുകൾ എത്തിയിട്ടില്ല, കാർഷിക കണക്ഷനുകൾക്ക് ആവശ്യമായ തൃതല ലൈൻ സംവിധാനം പഞ്ചായത്തിൽ വളരെ വിരളമായ മാത്രമെ ഉള്ളു. സംമ്പന്ന വീടുകളിൽ ഉപയോഗിക്കുന്ന സ്റെറപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ സാധാരണക്കാരൻെറ വോൾട്ടേജ് ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നു. വൈദ്യുതി ലൈനിൻെറ ശേഷി കുറവ് അപ്രഖ്യാപിത പവർകട്ടിന് കാരണമാകുന്നു. എറവക്കാട് - അന്തിമഹാകാളൻ ക്ഷേത്ര പരിസരവുമായി ബന്ധപ്പെടുന്ന ഇലക്ട്രിസിററി ലൈനിൽ 5 കി.മി. ദൂരം ഒരു ട്രാൻസ്ഫോർമറിൻെറ പരിധിയിൽ വരുന്ന മെഖലയാണ്. ഇക്കാരണത്താൽ ഈ മേഖലയിൽ ഫിലമിൻറുകൾ പ്രകാശിക്കുന്നതുപോലും കാണാൻ കഴിയാത്ത അവസ്ഥയാണ്. ചില മേഖലകളിൽ വൈദ്യുതി കമ്പികളുടെ സ്ഥിതി പൊതുജനങ്ങൾക്ക് ജീവന ഭീക്ഷണിയായ അവസ്ഥയിലാണ്.

നിർദ്ദേശങ്ങൾ:

1. 5000 ത്തിലധികം വരുന്ന പഞ്ചായത്തിലെ വീടുകളിൽ പ്രതിദിനം 20കിലോ വിറക് ശരാശരി ഉപയോഗിക്കുന്നുണ്ട് കിലോവിന് ഒരു രൂപമുതൽ 1രൂപ 20 പൈസവരെ നിലവിലുണ്ട്. പ്രതിവർഷം 3 കോടി 65 ലക്ഷം രൂപയുടെ വിറക് പഞ്ചായത്തതിർത്തിയിൽ ഉപയോഗിക്കപെടുന്നു. ദക്ഷതയേറിയ അടുപ്പുകൾ ഉപയോഗിക്കപ്പെട്ടാൽ വിറകിൻെറ ഉപഭോഗം മൂന്നിൽ ഒന്ന് ഭാഗമെങ്കിലും ലാഭിക്കാൻ കഴിയും അത്തരം തീവ്രയത്ന പരിപാടി പഞ്ചായത്തിലാരംഭിക്കാൻ കഴിഞ്ഞാൽ ഒരു കോടി ഇരുപത് ലക്ഷം രൂപയെങ്കിലും പ്രതിവർഷം സംരക്ഷിക്കാൻ കഴിയും

2. അനൽട് തുടിയ ഏജൻസികളുടെയും ശാസ്ത്രസാഹിത്യ പരിക്ഷത്ത് തുടങ്ങിയ സന്നദ്ധ സാംസ്കാരിക സംഘടനകളുടെയും സഹകരണവും സന്നദ്ധ പ്രവർത്തകരുടെ നിരന്തരമായ ശ്രമവും സംയേജിപ്പിച്ച് ദക്ഷതയേറിയ അടുപ്പുകളുടെ പ്രചാരം വർദ്ധിപ്പിക്കാൻ കഴിയും പഞ്ചായത്തിൻെറ സാമ്പത്തിക സഹായം ഒരു അനിവാര്യഘടകമാണ്. വിറകിൻെറ ലഭ്യതയിലെ കുറവ് പരിഹരിക്കാൻ സാമൂഹിക വനവൽക്കരണ പ്രക്രിയക്ക് വ്യാപകമായ പ്രചരണവും പ്രവർത്തനവും ആവശ്യമാണ്.

3, വില കൂടിയ ഫ്ളൂറസൻറ് ലാംബുകൾ സബ്സീഡിയോടുകൂടി വിതരണം ചെയ്യുകയാണെങ്കിൽ വോൾട്ടേജിൻെറ അനാവശ്യമായ ഉപയോഗം നിയന്ത്രിക്കാൻ കഴിയും

4. വൈദ്യുതി ലൈനിലേക്ക് മറിഞ്ഞുകിടക്കുന്ന വൃക്ഷ ശിഖരങ്ങൾ വൈദ്യുതി ബോർഡിൻെറ സഹായത്തോടെ സന്നദ്ധ പ്രവർത്തകരുടെ അദ്ധ്വാനം സ്വരൂപിച്ച് മുറിച്ചു മാററാൻ ശ്രമിച്ചാൽ പ്രസരണ രംഗത്ത് ഊർജ്ജ് നഷ്ടം കുറയ്ക്കാൻ കഴിയുന്നതാണ്.

5. കവുങ്ങ്, തെങ്ങ്, തോപ്പുകളിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ റോഡിലൂടെ മാററികൊണ്ടുപോകുക യാണെങ്കിൽ പ്രസരണ നഷ്ടം ഒരൻു പരിധി വരെ കുറക്കാൻ കഴിയുന്നതാണ്.

6. അനുവധിക്കപ്പെട്ട കപ്പൂരിലേക്കുള്ള ഫീഡർ ലൈൻ യുദ്ധകാലാടിസ്ഥാനത്തിൽ പണിതീർക്കുന്നത് മേഖലയിലെ വൈദ്യുതി പ്രശ്നത്തിന് വലിയൊരു അളവിൽ പരിഹാരമായി മാറും

7. വൈദ്യുതി ബോർഡിൻെറ നവീകരണ പ്രക്രിയ വളരെ അടിയന്തര പ്രാധാന്യം അർഹക്കുന്ന വിഷയമാണ്.

8. സൗരോർജ്ജ സ്രോതസ്സ് ചൂഷണം ചെയ്യപെടുന്നതിന് പ്രചാരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. സങ്കീർണ്ണമായ സൗരോർജ്ജ ഉപകരണങ്ങൾ കേടുപാടുതീക്കാൻ ആവശ്യമായ കേന്ദ്രങ്ങൾ അനേർട്ടിൻെറ സഹായത്തോടെ ആരംഭിക്കുകയും, ഈ ഉർജ്ജ സ്രോതസ്സിനെ കുറിച്ച് പരിശിലന കേന്ദ്രങ്ങൾ ആരംഭിക്കുകയും വേണം.

9. ബയോഗ്യാസ് ടാങ്കുകളുടെ നിർമ്മാണ വൈദഗ്ദ്യം വേണ്ടത്ര വികസിപ്പിക്കാൻ സമഗ്രമായ പരിശീലന പരിപാടി ആവശ്യമാണ്. ജനങ്ങൾക്ക് പൂർണ്ണമായും ഉൾകൊള്ളാൻ കഴിയാത്ത ഈ ഉർജ്ജ സ്രോതസ്സിനെ കുറിച്ച് ബോധവൽക്കരണ പരിപാടി പഞ്ചായത്താരംഭിക്കണം.

10. കാർഷികാവശ്യത്തിന നിലവിൽ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് വളരെ അപര്യപ്തമാണ്. കാർഷിക പെർമിററുകളുടെയും, പാചക പെർമിററുകളുടെ അളവ് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

ഒരു കാലഘട്ടത്തിൽ എടപ്പാൾ, ചങ്ങരം കുളം, പൊന്നാനി തുടിയ വിദൂര ഗേശങ്ങളിൽ നിന്നുപോലും ജനങ്ങൾ കുമരനെല്ലൂരുമായി ബന്ധം സ്ഥാപിക്കുകയും ,ഒരു വാണിജ്യ കേന്ദ്രമായി കുമരനെല്ലൂർ ഉയരുകയും ചെയ്തിരുന്നു. വളരെ പഴക്കമുള്ള കുമരനെല്ലൂർ റജിസ്ററർ ഓഫീസ് മേഖലയുടെ വളർച്ചയെ അനുകൂലമായി ബാധിച്ച ഘടകമാണ്. കുമരനെല്ലൂരിൽ നിലനിന്നിരുന്ന ആഴ്ച ചന്തയിൽ കന്നുകാലികൾ വിത്തിനങ്ങൾ, പരമ്പരാഗത കൈതൊഴിൽ ഉൽപന്നങ്ങൾ മത്സ്യമാംസ വിഭവങ്ങൾ റെഡിമെയ്ഡ് വസ്തങ്ങൾ എന്നിവ വിൽപ്പന നടത്തിയിരുന്നു.

കാലക്രമത്തിൽ കൂററനാട്, തൃത്താല, എടപ്പാൾ തുടങ്ങിയ മേഖലകളിൽ രജിസ്ററർ ഓഫീസുകൾ ആരംഭിക്കുകയും കുമരനെല്ലൂർ മററു മേഖലകളിൽ നിന്ന് ജനസംമ്പർക്ക ആവശ്യം ഇല്ലാതാക്കുകയും ചെയ്തത് ഈ ചന്തകളുടെ നിലനിൽപ്പിനെ ബാധിച്ചു.

## 2 .ദ്ഗതാഗതം

കപ്പൂർ പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പും റോഡുകളുടെ നിലവിലുള്ള അവസ്ഥയും തമ്മിൽ പരസ്പരം ബന്ധമില്ലെന്ന് ഗുരുതരമായ ഒരു വിഷയമാണ്. ഗ്രാമ പഞ്ചായത്തു നിവാസികളുടെ സഞ്ചാര സൗകര്യത്തിന് നിലവിലുള്ള റോഡുകൾ അപര്യാപത്മാണ്.

നിവലിവുള്ള റോഡുകളുടെ സ്ഥിതി ചുവടെ കൊടുക്കുന്നു.

| തരം തിരിവ് | കമ്പറോഡ് | വക്കറോഡ് | മെററൽ റോഡ് |
|---|---|---|---|
| ദൂരം | 25 കി.മീററർ | 40 കി.മീററർ | 5.5 കിമീററർ |

പാലക്കാടിനേയും പൊന്നാനിയേയും ബന്ധിപ്പിക്കുന്ന ടിപ്പു സുൽത്താൻ റോഡും തൃത്താലയേയും എടപ്പള്ളിയേയും ബന്ധിപ്പിക്കുന്ന റോഡുമാണ് പ്രധാന ഗതാഗത സൗകര്യമുള്ള പഞ്ചായത്തിലെ റോഡുകൾ പരിമിതിമായ ബസ്സ് ഗതാഗത സൗകര്യമുള്ള മററ് റോഡുകൾ കൂനംമൂച്ചി, മുക്കുട്ട റോഡും, കോക്കൂർ കാഞ്ഞിരത്താണി റോഡുമാണ്. ആനക്കരയിലേയ്ക്ക് പോകുന്ന എഞ്ചിനീയർറോഡുമാണ്. വർഷങ്ങളായി നാമമാത്ര പുരോഗതി മാത്രമാണ് റോഡുകളുടെ കാര്യത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്.

റോഡ് മാർഗ്ഗമല്ലാതെ മററ് ഗതാഗത സൗകര്യങ്ങൾ പഞ്ചായത്തിലില്ല. ഗുരുവായൂർ _ കുററിപുറം റെയിൽവെ പ്രാരംഭ സർവ്വേ അനുസരിച്ച് നിർദ്ദിഷ്ട ലൈൻ പഞ്ചായത്തിലൂടെ കടന്ന് പൊകുന്നെങ്കിലും പണിയാരംഭിച്ചിട്ടില്ല. പഞ്ചായത്തിൽ ഒരു ബസ് സൻറാഡ് നിലവിലില്ല. ചരിത്ര പസിദ്ധമായ കുമരനെല്ലൂരിർ ബസുകൾ വർക്ക് ചെയ്യാൻ ബസ്സൻറാൻറ് ഇല്ലാത്തത് എടുത്തു പറയേണ്ടിയിരിക്കുന്നു.

കൊഴിക്കര, കാഞ്ഞിരത്താണി, വള്ളംങ്ങാട്ട് പാറ, അമേററിക്ക്, ചാക്കോട് എന്നിവടങ്ങളിൽ സ്ഥിരമായ ബസ് വെയ്ററിംങ്ങ് ഷെഡുകൾ ഇല്ല.

ഓട്ടോറിഷ ജീപ്പ് കാർ എന്നിവയാണ് ബസ് ഗതാഗതം ഒഴിച്ച് മററ് യാത്രാ സൗകര്യങ്ങൾ. ജനകീയ ഗതാഗത സംവിധാനമെന്നനിലയിൽ ഓട്ടോറിക്ഷ സ്ഥാനം പിടിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ:

1. ബസ് റൂട്ടുകൾ ഗ്രാമീണമേഖലയുമായി ബന്ധിപ്പിച്ച് വളരെ പരിമിതമാണ്.
2. സ്ഥിരമായ ബസമവെയ്ററിംങ്ങ് ഷെഡുകൾ പഞ്ചായത്തിൽ പലയിമ്പത്തും ഇല്ല
3. ജീപ്പുകളുടെ സമാന്തര സർവ്വീസ് മൂലം ബസ് ഉടമകൾ ഗ്രാമീണ മേഖലയലേക്കുള്ള

ബസ് സർവ്വീസ് നിർത്തിവെക്കുന്നു.

4, റോഡുകൾ ഉപയോഗ്യ ശൂന്യമാക്കുന്ന രൂപത്തിൽ മതിലുകളും വേലികളും കെട്ടി സയ്യേറുന്ന പ്രവണത നിലനിൽക്കുന്നു.

5. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം റോഡുകളിൽ മണ്ണൊലിപ്പ് വ്യാപകമാണ്.

6. പാർശ്വഭാഗങ്ങൾ കെട്ടി വൃത്തിയാക്കുകയും കൽവർട്ടുകൾ നിർമ്മിക്കുകയും ചെയ്യാതിരിക്കുന്നത് റോഡിൻെറ സുരിക്ഷിതത്വത്തിന് അപകടം വരുത്തുന്നു.

7. വാർഡുകൾ തമ്മിലും വാർഡുകളുടെ മേഖലകൾ തമ്മിലും ബന്ധിപ്പിക്കുന്ന ഗതാഗത യോഗ്യമായ റോഡുകൾ ഇല്ലാത്തത് ഗൗരവമേറിയ വിഷയമാണ്.

പരിഹാരങ്ങൾ:

1. കൂടുതൽ ഗ്രാമീണ മേഖലയെ ബന്ധിപ്പിക്കുന്ന ബസ് റൂട്ടുകൾ ആവശ്യമാണ്. സംസ്ഥാന ട്രാൻസ് പോർട്ട് ബസ് റൂട്ടുകൾക്ക് പഞ്ചായത്ത് സമ്മർദ്ദം ചെലുത്തുക.

2. കുമരനെല്ലൂരിൽ ഒരു ബസ് സ്ററാൻറും വിവിധ മേഖലകളിൽ സ്ഥിരമായ ബസ് വെയററിംങ്ങ് ഷെഡും പണിയണം.

3. ജീപ്പുകളുടെ സമാന്തര സർവ്വീസ് നിർത്തിവെക്കാൻ സമ്മർദ്ദം കൊടുക്കണം.

4. റോഡ് കയ്യേററത്തിന് എതിരെ നിയമ നടപടികൾ സ്വീകരിക്കണം. .

5. പഞ്ചായത്തിൽ റോഡ് സംരക്ഷണ സമിതികൾ രൂപീകരിച്ച് സന്നദ്ധ പ്രവർത്തനം ഉപയോഗപെടുത്തി റോഡുകളുടെ അററകുററ പണിചെയ്യണം.

6. കൽവർക്കുകൾ നിർമ്മിച്ച് കാറകൾ വൃത്തിയാക്കിയും റോഡുകൾ സംരക്ഷിക്കാൻ സംവിധാനം ആവശ്യമാണ്.

7. ജനകീയ കമ്മിററികൾക്ക് നിലവിലുള്ള റോഡുകളുടെ നില മെച്ചപെടുത്താൻ കഴിയും പ്രാദേശീയ ജനകീയ സമിതികൾ റോഡ് സംരക്ഷണം ആവശ്യകത ബോധവർക്കരണ പ്രക്രിയ അത്യാവശ്യമാണ്. നിലവിലുള്ള റോഡുകൾക്ക് കൽവർട്ടുകൾ ആവശ്യമാണ്.

വിവിധ വാർഡുകളിൽ നിന്ന് ഉയർന്ന് വന്ന റോഡുകളുടെ നിർമ്മാണ നിർദ്ദേശങ്ങൾ പട്ടിക ഉൾപ്പെടുത്തിയിരിക്കുന്നു.

| വാർഡ് | ക്രമ നമ്പർ | റോഡിൻെറ പേര് | ദൂരം | ഉദ്ദേശിക്കുന്ന പ്രവൃത്തി | മതിപ്പ് ചിലവ് |
|---|---|---|---|---|---|
| 1 | 1 | .തോണ്ടൻ ഇടവഴി റോഡ് | 200മി | പുതിയത് | 25.000/ |
| | 2 | കോതുനി റോഡ് | 250മി | പുതിയത് | 35.000 |
| | 3 | പറയൻ വെള്ളിയൽ റോഡ് പെരിങ്കന്തർ റോഡുമായി ബന്ധിപ്പിക്കൽ | 300മി | പുതിയത് | 50,000 |
| | 4 | ചേക്കോട് ബാലവാടി ഹരിജൻ കോളനി റോഡ് | 600മി | റിപ്പയർ | 2,00,000 |
| | 5 | കല്ലടത്തൂർ വടുവപറട് റോഡ് | 500മി | പുതിയത് | 1,00,000 |
| | 6 | ചേക്കോട് പെരിങ്കന്തർ റോഡ് (ബാലവാടി വഴി) | 500മി | പുതിയത് | 1,50,000 |
| | 7 | ഭാഗികമായി ടാർ ചെയ്ത ആനക്കര പറകുളം റോഡ് പൂർണ്ണമായി ടാർ ചെയ്യൽ | 1250 മി | പു | 6,00,000 |
| | 8 | പുലാക്കൽ_പോട്ടികുന്ന് റോഡ് ടാർചെയ്യൽ | 21/2 കി.മി | | 10,00,000 |
| | 9 | ചേക്കാട് മിൽ_ ബാലവാടി റോഡ് ടാർചെയ്യൽ | 700മി. | | 3,50,000 |
| | 10 | സ്കൈലാബ്_ബാലവാടി റോഡ് ടാറിങ്ങ് | 1 കി.മി | | 4.50,000 |
| | 11 | വെള്ളം കെട്ടി നിൽക്കുന്ന ചേക്കോട് പെരിങ്കന്തർ പുലാക്കൽ കുന്ന്, പൊട്ടിക്കുന്ന് റോഡ് ബാലവാടിഹരിജൻ കോളനി റോഡ് എന്നിവ കൽവർക്ക് പണിചെയ്യൽ | | | 1,50,000 |

| | | | |
|---|---|---|---|
| 1. കുമരനല്ലൂരിലിരുന്ന് സെയമകമലാബ് റോഡ് ടാർ ചെയ്യുക | 21/2 കിമി. | ടാർ | 10ലക്ഷം |
| 2. ചേക്കോ്ട് മില്ല് റോഡ് വെള്ളാളൂർ റോഡ് ഇരുവശവും കെട്ടി ടാർചെയ്യുക | 3/4 കിമി | പുതിയത് | 2 ലക്ഷം |
| 3. എഞ്ചിനീയർ റോഡ് നരിവാളൻ കുന്ന് ടാറിങ്ങ് | 3/4 കിമി | ടാർ | 3 ലക്ഷം |
| 4. എഞ്ചിനീയറോഡിൽ നിന്ന് തോങ്കൻ ഹരിജൻ റോഡ് കൽവർട്ട് പണിത് ഇരുവശവും കെട്ടി സഞ്ചാര യേഗ്യമാക്കുക | 1കി.മി | ടാർ | 2ലക്ഷം |
| 5. പുള്ളിശ്ശി റോഡ് വെള്ളാളൂർ റോഡ് ടാറിംഗിന് | 1.കി.മി | ടാർ | 4 ലക്ഷം |
| 6. വെള്ളാളൂർ സ്കൂൾ മുതൽ കരിവാകുന്ന് കോളനി റോഡ് നിലമ്പതി നിർമ്മിച്ച് റിപ്പയർ ചെയ്യുക | 1 കിമി. | റിപ്പയർ | 1ലക്ഷം |
| 7. പുള്ളിശ്ശേരി റോഡിൽ നിന്ന് കോടൂർ പടിവരെ പുതിയ റോഡ് നിർമ്മിക്കുക | 100 മി. | പുതിയത് | 50,000 |
| 8. ചേക്കോട് മിൽ റോഡിൽ നിന്ന് വെള്ളാളൂൽ റോഡ് വരെ ശ്രമദാനമായി നിർമ്മിച്ച റോഡ് റിപ്പയർ ചെയ്യുക | 500 മി. | റിപ്പയർ | 25,000 |
| 9. കൽമാട്ടി പടി മുതൽ ഇല്ലം വരെയുള്ള റോഡ് ടാറിങ്ങ് | 500 മി. | ടാർ | 2 ലക്ഷം |
| 10. കോലത്ത് പറമ്പിൽ ഇല്ലം വരെയുള്ള റോഡ് റിപ്പയറിങ്ങ് | 500മി. | റിപ്പയർ | 2ലക്ഷം |

| | | | | | |
|---|---|---|---|---|---|
| III | 1. | കുമരനല്ലൂർ ഗവൺമെൻറ് ഹോസ്ററൽ മുതൽ ഗവൾമെൻറ് മൃഗാശുപത്രിവരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കുക. വഴിയിലെ നെല്ലിമരം മുറിച്ച് മാററുക | 500മി | റിപ്പയർ | 50,000 |
| | 2. | മോസ്കോ റോഡിൽ നിന്ന് എഞ്ചിനീയർ റോഡ് വരെ ഗതാഗത യോഗ്യമാക്കുക | 1 കിമി | റിപ്പയർ | 11/2 ലക്ഷം |
| | 3. | വേലൂർക്കാവ് ക്ഷേത്രത്തിൻെറ പടിഞ്ഞാറ് ഭാഗത്തുകൂടി വരുന്ന 40 വീടുകൺക്ക് പ്രയോജന പ്രദമാക്കുന്ന റോഡ് പുല്ലൂണി വഴി ഹേട്ടൂർ റോഡിലേയ്ക്ക് മിറിയിക്കുക | 2 കി.മി | പുതിയത് | 50,000 |
| | 4. | ഗവൺമെൻറ് ആശുപത്രി റോഡ് ടാർ ചെയ്യുക | | | |
| | 5. | ബാലൻനായർ റൈസ് മിൽ മുതൽ വേലൂർക്കാവ് ക്ഷേത്രം വഴി വെള്ളാളൂർ സ്കൂൾ വരെ ടാർ ചെയ്യുക | 2 കി.മി | പുതിയത് | 8ലക്ഷം |
| | 6. | ലക്ഷം വീട് കോളനി തെക്ക് വശത്തുള്ള തോടിന് പീലം കെട്ടി ഗതാഗത യോഗ്യമാക്കുക | 500 മി | പുതിയത് | 1 ലക്ഷം |
| IV. | 1. | ചുള്ളിവളപ്പിൽ ഇടവഴി റോഡ് പാടത്തേക്ക് പണിയുക | 7000മി | പുതിയത് | 1 ലക്ഷം |
| | 2. | പുത്തൻ പീടിക ഇടവഴി റോഡ് കാച്ചിപറമ്പ് വഴി എഞ്ചിനീയർ | | | |

| | | | |
|---|---|---|---|
| റോഡിലേക്ക് മുറിക്കുക. | 500മി | പുതിയത് | 50,000 |
| 3. കല്ലടത്തൂർ റോഡിൽ നിന്ന് നിപുറം വഴി എഞ്ചിനീയർ റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കുക | 500 മി | പുതിയത് | 75,000 |
| 4. പടിഞ്ഞാറങ്ങാടി കാഞ്ഞിരത്താണി റോഡ് വീതികൂട്ടി കാഞ്ഞിരത്താണിലേക്ക് നീട്ടി ടാർ ചെയ്യുക. | 2 കി.മി | ടാർ | 8ലക്ഷം |
| 5. എല്ലാ പ്രധാന പാടശേഖരങ്ങളിലും ഫാണ റോഡുകൽ നിർമ്മിച്ച് ടങ്കറും ജൈവവളവും എത്തിക്കാൻ സഹായിക്കുക. | 20 കി.മി | പുതിയത് | 50 ലക്ഷം |
| 6. മാടക്കാട് കോളനി റോഡ് റിപ്പയർ ചെയ്യുക | 500 നി. | റിപ പ്പയർ | 2 ലക്ഷം |
| V 1. കാഞ്ഞിരത്താണി യത്തിംഖാന പടിഞ്ഞാറങ്ങാടി റോഡ് ഗതാഗത യോഗ്യമാക്കുക മെററലിങ്ങ് ടാറിങ്ങ് വർക്ക് ചെയ്യുക | 1 കി.മി | ടാർ | 2 ലക്ഷം |
| 2. മാവറ മദ്രാസ് കാഞ്ഞിരത്താണി റോഡ് വീതികൂട്ടണം | 1 കി.മി. | വീതിക്കൂട്ടാൻ | 1 ലക്ഷം |
| 3. വാർഡിലെ ഹരിജൻ കോളനിയിലേക്ക് റോഡ് ആവശ്യമാണ്. | 500മി | പുതിയത് | 50,000 |
| 4. കാഞ്ഞിരത്താണി കുറുക്കൻ കുന്ന് റോഡ് ടാർ ചെയ്യുക | 700 മി | ടാർ | 3ലക്ഷം |
| VI. 1. പടിഞ്ഞാറേ അമേററിക്കര പഞ്ചായത്ത് കിണറിൻെറ അടുത്ത് നിന്ന് കിഴക്കോട്ടുള്ള വഴി റോഡാക്കുക | 500 മി | പുതിയത് | 2 ലക്ഷം |
| 2. കുണ്ടംചിറ കുളത്തിൻെറ ഭാഗത്തേക്കുള്ള വഴികൾ രണ്ടും റോഡാക്കുക | 500 മി. | പുതിയത് | 2 ലക്ഷം |

| | | | |
|---|---|---|---|
| 3. കാരോട്ട് പറമ്പ് കോളനി റോഡിൽ നിന്ന് ബാലവാടിയിലേക്കുള്ള റോഡ് | 1/2 കി.മി | പുതിയത് | 2ലക്ഷം |
| 4. പത്തുകളത്തിനടുത്ത് വന്ന് നിർക്കുന്ന റോഡ് ബാലവാടി റോഡുമായി മുട്ടിക്കുക | 500 മി. | പുതിയത് | 2 ലക്ഷം |
| 5. പടിഞ്ഞാറെ അമേററിക്കരയിൽ നിന്ന് ആനിപാടത്തേക്കുള്ള റോഡ് | 500 മി. | പുതിയത് | 1 ലക്ഷം |
| 6. കുമരനെല്ലൂർ സെൻററിൽ നിന്ന് തെക്കോട്ടുള്ള റോഡ് പാടം വഴി നമസ്കാരപള്ളി വരെ | 1 കി.മി. | പുതിയത് | 4ലക്ഷം |
| 7, കോളനി റോഡ് ടാർ ചെയ്യുക | 500 മി | ടാറിങ്ങ് | 2 ലക്ഷം |
| VII 1. ഞാവൽക്കാട് ഭാഗത്തുകൂടി പോകുന്ന റോഡ് എറവക്കാടുമായി ബന്ധിപിച്ച് ടാർ ചെയ്യുക | 11/2 കി.മി | പുതിയത് ടാറിങ്ങ് | 8 ലക്ഷം |
| 2. ജാറത്തിൻെറ അടുത്തുനിന്ന് തെക്കുഭാഗത്തുകൂടി പോകുന്ന എറവക്കാട് റോഡ് ടാർ ചെയ്യുക | 1 കി.മി | ടാറിങ്ങ് | 4 ലക്ഷം |
| 3. പോസ്ററാഫീസ് മുതൽ മാരായം കുന്ന് പള്ളി വരെ റോഡ് വെട്ടുക | 1 കി.മി. | പുതിയത് | 2 ലക്ഷം |
| VIII 1. എറവക്കാട് കക്കടിപ്പുറം റോഡ് ടാർ ചെയ്യുക | 500 മി | ടാറിങ്ങ് | 2,50.000 |

| | | | |
|---|---|---|---|
| 2. മുള്ളംകുന്ന് എറവക്കാട് റോഡ് ഉയരം കുറച്ച് മെററൽ ടാർ നിരത്തുന്നു വർക്ക് ചെയ്യുക | 1 കി.മി. | ടാറിങ്ങ് | 10 ലക്ഷം |
| 3. എറവക്കാട് കോഴിക്കര റോഡ് വശങ്ങളിൽ മണ്ണിട്ടു വൃത്തിയാക്കുക | 2 കി.മി | റിപ്പയർ | 50,000 |
| 4. കോളനി റോഡ് സഞ്ചാരയോഗ്യമാക്കുക | 500 മി | റിപ്പയർ | 25,000 |
| 5. മുള്ളം കുന്ന് കണ്ടിപാട് റോഡ് നിർമ്മിച്ച് യാത്രാ സൗകര്യം മെച്ചപ്പെടുത്തുക | 1 കി.മി. | പുതിയത് | 2ലക്ഷം |
| 6. മൈയിൻ റോഡിൽ നിന്ന് ആരംഭിച്ച് വട്ടം കുന്ന് റോഡ് റിപ്പയർ ചെയ്ത് പാടം വഴി കാടംകുളം ഇടവഴിയിലൂടെ വെള്ളിച്ചാത്തൻ കുളങ്ങര കുഞ്ഞവറാൻ അതിർത്തിയിൽ മുട്ടിക്കുക | 1 1/2 കി.മി | പുതിയത് | 2,50,000 |
| 7. മുക്കിൽ പീടിക റോഡ് പുതിയ ഫാം റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക | 1 കി.മി | ടാറിങ്ങ് | 5 ലക്ഷം |
| IX 1. കൊഴിക്കര ഞാറക്കുന്ന് റോഡ് ടാർ ചെയ്യുക | 500 മി | പുതിയത് റിപ്പയർ | 3 ലക്ഷം |
| 2. മണ്ണൻ കോളനി റോഡ് ചേത്തുപുറത്ത് റോഡുമായി ബന്ധിപ്പിക്കുക | 500 മി | പുതിയത് | 1 ലക്ഷം |
| 3. ഞാറക്കുന്ന് ഹരിജൻ കോളനി റിപ്പയർ ചെയ്യുക | 1 കി.മി | റിപ്പയർ | 50,000 |
| 4. ഞാറക്കുന്ന് പള്ളി റോഡ് റിപ്പയർ ചെയ്യുക | | റിപ്പയർ | 25,000 |

| | | | |
|---|---|---|---|
| 5. ചെളപുറത്ത് കോഴിക്കര ആയുർവേദ ആശുപത്രി റോഡുമായി ബന്ധിപ്പിക്കുക. | 1.കി.മി | പുതിയത് | 3 ലക്ഷം |
| 6. കൊഴിക്കര മെയിൻ റോഡ്_കല്ലുവെട്ട്കാവ് മെയിൻ റോഡ് റിപ്പയർ ചെയ്യുക | 500 മി | റിപ്പയർ | 25,000 |
| 7. ആയുർവേദ ആശുപത്രിയുടെ പടിഞ്ഞാറു വശത്തുകൂടി പോകുന്ന റോഡിൻെറ റിപ്പയറിങ്ങ് | 500 മി | റിപ്പയർ | 25,000 |
| 8. കണ്ടാലയിൽ ഇടവഴി റോഡാക്കുക | 500 മി | പുതിയത് | 50,000 |
| 9. ചേമ്പാലത്ത് ഇടവഴി റോഡാക്കുക | 500 മി | പുതിയത് | 50,000 |
| 10. കിഴക്കേകുന്ന് കോളനി റോഡ് റിപ്പയർ ചെയ്യുക | 500 മി | റിപ്പയർ | 50, 000 |
| 11. കാഞ്ഞിറത്താണി കൊഴിക്കര കോക്കൂർ റോഡ് റീടാറിങ്ങ് നടത്തുക | 31/2 കി. | റീടാറിങ്ങ് | 12 ലക്ഷം |
| X 1. ചീറ അന്തിമഹാകാളൻ റോഡ് (ഇടപറമ്പ് സ്കൂൾ വഴി) പുതിയതായി നിർമ്മിക്കുക | 500 മി | പുതിയത് | 1 ലക്ഷം |
| 2. ചീറം 4 സെൻറ് റോഡ് പണിയുക | 300 മി | പുതിയത് | 25,000 |
| 3. പരുതയിൽ റോഡ് ഉണ്ടാക്കുക് | 500 മി | പുതിയത് | 1 ലക്ഷം |
| 4. ചിറ റോഡിൽ നിന്ന് ചീറകുളത്തിൻെറ തെക്കുവശത്തുകൂടി | | | |

| | | | |
|---|---|---|---|
| സഞ്ചാരയോഗ്യമല്ലാത്ത ഇടവഴി നിലനിൽകുന്നത് റോഡാക്കി ഇരുവശത്തും കല്ല് വെച്ചുകെട്ടി സഞ്ചാരയോഗ്യമാക്കുക | 500 മി | പുതിയത് | 2ലക്ഷം |
| 5. വട്ടം കുന്ന് അന്തിമഹാകാളൻ റോഡ് ഉണ്ടാക്കുക | 1 കി മി | പുതിയത് | 1,50,000 |
| 6. നരിമട വാരാപറമ്പ് റോഡ് നിർമ്മിക്കുക | 1 കി.മി | പുതിയത് | 1 ലക്ഷം |
| 7. ചീറ ബാലവാടി വടിശ്ശേരി റോഡ് നിർമ്മിക്കുക | 1 1/2 കി.മി | പുതിയത് | 2 ലക്ഷം |
| 8. എടപ്പറമ്പ് സ്കൂൾ റോഡ് അററകുററ പണിതീർക്കുക | 500 മി | റിപ്പയർ | 50,000 |
| 9. കൊഴിക്കര _ അന്തിമഹാകാളൻ _ കുന്നംകാട്ടു മന റോഡ് ബന്ധിപ്പിച്ച് വീതികൂട്ടി മെററലിങ്ങും ടാറിങ്ങും ചെയ്യുക | 3 കി.മി | ടാറിങ്ങ് | 12 ലക്ഷം |
| 10. ചാത്തൻകുളം വാരാപറമ്പ് റോഡ് നന്നാക്കുക | 1 കി.മി | റിപ്പയർ | 2 1/2 ലക്ഷം |
| 11. ചിറ വടിശ്ശേരി റോഡ് ടാറിങ്ങ് | 1 1/2 കി.മി | ടാറിങ്ങ് | 5 ലക്ഷം |
| 12. കുനം മൂച്ചി മുക്കുട റോഡ് റീട്ടാറിങ്ങ് നടത്തി സൈഡ് കെട്ടി കൽവേർട്ട് വൃത്തിയാക്കി റോഡ് സംരക്ഷിക്കുക | 4 കി.മി | റീടാറിങ്ങ് | 12 ലക്ഷം |
| 12. കച്ചേറിപറ മ്പ് പള്ളി റോഡ് കണിക്കരത്ത് താഴം മദ്രസ്സക്ക് സമീപത്തേക്ക് മുട്ടിക്കുക | | | |

| | | | |
|---|---|---|---|
| XI 1. മഞ്ഞാററ പറമ്പ് കൊഴിക്കര മയിലാടം കുന്ന് റോഡ് ടാർ ചെയ്യുക | 2 കി.മി | ടാറിങ്ങ് | 8 ലക്ഷം |
| 2. ലൊടൻ കുന്ന് _ കീരിത്തോട് റോഡ് ടാർ ചെയ്യുക | 2 കി.മി | ടാറിങ്ങ് | 8ലക്ഷം |
| 3. പാലക്കുളം _ തുറക്കൽ ഇടവഴി റോഡ് നിർമ്മിക്കുക | 1 കി.മി | പുതിയത് | 2 ലക്ഷം |
| 4. മണാപറമ്പ് _ കുവൈത്ത് റോഡ് , ചിറ _ ബാലവാടി റോഡ് ബന്ധിപ്പിക്കുക | 500 മി | പുതിയത് | 1 ലക്ഷം |
| 5. പള്ളിത്താഴം റോഡ് _ കൊഴിക്കര മന്നാറ പറമ്പ് റോഡിൽ മുട്ടിക്കുക | 1 കി.മി | പുതിയത് | 1 ലക്ഷം |
| 6. പള്ളിത്താഴം റോഡിൽ നിന്ന് കോക്കൂർ ലിംഗ് റോഡ് ഉണ്ടാക്കുക | 500 മി | പുതിയത് | 50,000 |
| 7. മയിലാടും കുന്ന് കോളനി റോഡ് നിർമ്മിക്കുക | 300 മി | പുതിയത് | 50,000 |
| 8. മയിലാടും കുന്ന് കിഴക്ക് കുന്ന് റോഡിൽ നിന്ന് കൊഴിക്കര കോളനി റോഡ് | 500 മി | പുതിയത് | 50,000 |
| 9. ചീറ എടവപറമ്പ് റോഡിൽ നിന്ന് വടക്കോട്ട് കപ്പൂർ പാടത്തേക്കുള്ള റോഡ് പുതിയതായി നിർമ്മിക്കണം | 2 കി.മി | പുതിയത് | 4 ലക്ഷം |

പാരമ്പര്യ വ്യവസായങ്ങൾക്ക് വളക്കൂറുള്ള മേഖലയാണ് പഞ്ചായത്തിനുള്ളത്. പനമ്പ്, കുട്ട, മുറം, മര ഫർണിചറുകൾ പായ തുടങ്ങിയ കൂടിൽ വ്യവസായ ഉൽപന്നങ്ങളുടെ നിർമ്മാണവും പരിചയമുള്ള നിരവധികുടുംബങ്ങൾ പഞ്ചായത്ത് നിവാസികളിലുണ്ട്. സ്ഥിരമായ ഒരു വിൽപ്പന കേന്ദ്രത്തിന്റെ കുറവ് ഇത്തരം കുടുംബങ്ങളിലെ ഉൽപ്പന്നങ്ങളുടെ വിപണത്തിൽ പ്രശ്നമുണ്ടാക്കുന്നു.

പ്രശ്നങ്ങൾ: ഈ ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ സമൂഹിക മാന്യത ഇല്ലന്ന് ധാരണ പരന്നിട്ടുണ്ട്. ചല സ്വകാര്യ വ്യക്തികളാണ് ഇത്തരം വിൽപ്പന കേന്ദ്രങ്ങൾ നടത്തുന്നത്. പഞ്ചായത്തിന്റെ സ്വന്തമായി ഒരു ഏക്കർ വിസ്തൃതിയിൽ മാർക്കററം ഗുണപരമായി ഉപയോഗിച്ച് വിൽപ്പന സ്ററാൾ ആരംഭിക്കാൻ കഴിയും. പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവും നിരവധി കുടുംബങ്ങളുടെ ജീവിത നിലവീരം ഉയർത്താനും ഇത് സഹായകരമായിരിക്കും. പ്ലാസ്ററിക് റബ്ബർ ഉൽപ്പന്നങ്ങളുടെ അപകടത്തെ കുറിച്ച് ബോധവൽക്കരണവുമാണ് അനുവാര്യമായ മററൊരു ഘടകം,

സഹകരണ മാർക്കററിങ്ങ് സൊസൈററികളുടെ പ്രവർത്തന രംഗത്ത് അപാകത പരിഹരിക്കുന്നത്. വിൽപ്പന രംഗത്ത് പുതിയമേഖലകൾ സൃഷ്ടിക്കാൻ കഴിയും ഗവൺമെൻറുകളുടെ അസ്ഥിരതയും നയത്തിൽ വരുന്ന മാററങ്ങളും ഇതിന് പ്രധാന കാരണമാണ്.

സ്വകാര്യ വ്യക്തികൾ വിപണത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നതിനാൽ വൻ ലാഭം നേടാൻ കഴിയുന്നു. എന്നാൽ മാർക്കററിങ്ങ് സൊസൈററി നിയമവിധേയമായതിനാൽ നികുതി പൂർണ്ണമായും നൽകുന്നതിന് ബാധ്യത നിലനിൽക്കുന്നു. താരതമ്യേന ലാഭം കുറവാകുന്നു. കൊപ്ര. അടക്ക എന്നിവയുടെ സംഭരണവും വിപണനവും ഊർജ്ജിത പെടുത്തണം.

കൊപ്ര സംസ്കരണത്തിൽ നിന്ന് ലഭിക്കുന്ന പിന്നോക്കം പൂള കൃഷി വ്യാപിപ്പിച്ച് അറയും തവിടും ശേഖരിച്ച് വൻകിട കാലിതീററ നിർമ്മാണ കേന്ദ്രം ആരംഭിച്ചാൻ ഒട്ടറവധി തൊഴിൽ സാധ്യതയുണ്ട്. ഇതിനാലശ്യമായ വിദഗ്ദ ഉപദേശവും അനിവാര്യമാണ്. പഞ്ചായത്തിൽ റബ്ബർ ഉൽപാദനം നേരിയതോതിൽ ആരംഭിച്ചിട്ടുണ്ട്. മേഖലയിലെ റബ്ബർ ശേഖരിച്ച് സംസ്കരിച്ച് വിപണനം ശക്തിപ്പെടുത്താൻ ശ്രമിക്കുന്നതും ഗുണകരമാണ്.

ഗ്രാമസഭകളിൽ നിലവിലുള്ള മാർക്കററം ഉയന്ന നിലവാരത്തിൽ ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം ഉയർന്നുവരുകയുണ്ടായി.

# 2_5 ഭവന നിർമ്മാണം സാമൂഹ്യക്ഷേമം

ഈ രണ്ടു മേഖലകളും വിലയിരുത്തുമ്പോൾ പഞ്ചായത്തിന് മൊത്തം എന്ന നിലയിൽ വിലയിരുത്തി തീരുമാനിക്കപ്പെട്ടാൽ അത് അനുചിതമായിരുക്കും.

ഭവന നിർമ്മാണത്തിൽ പ്രധാനമായും;

1. ഭൂമിയുണ്ട് എന്നാൽ വീടില്ല. വീടുണ്ടാക്കാൻ സാമ്പത്തിക ശേഷിയില്ല. തിരിച്ചടവിന് കഴിവില്ലാത്തവർ, ദീർഘകാല ഗഡുക്കൾ തിരിച്ചട്ക്കാൻ കഴിവുള്ളവർ എന്നിങ്ങനെ രണ്ടുതരമുണ്ട്.

2. ഭൂമിയും വീടുമില്ല രണ്ടും നേടാൻ സാമ്പത്തിക സഹായം ഇല്ല ഇവരിൽ തന്നെ തിരിച്ചടവിന് കഴിവില്ലാത്തവർ, ദീർഘകാല ഗഡുക്കൾ തിരിച്ചട്ക്കാൻ കഴിവുള്ളവർ എന്നിങ്ങനെ രണ്ടുതരമുണ്ട്. മേൽ പറഞ്ഞ രീതി യോഗ്യതയുള്ള കുടുംബങ്ങളെ കണ്ടുപിടിച്ച് പററിയ രീതിയിൽ സഹായം നർകാനുള്ള സംവിധാനം ഉണ്ടാകണം.

ഈ കണ്ടുപിടിത്തവും ഗുണഭോക്താക്കളെ തീരുമാനിക്കലും വാർഡ് നിലവാരത്തിൽ മുൻഗണനയനുസരിച്ചായിരിക്കണം മുൻഗണനാക്രമം, വിധവകൾ വികാലാംഗർ ഗൗരവകരമായ രോഗമുള്ളവർ മററു അവശവിഭാഗം എന്ന ക്രമത്തിലായക്കുകയും വേണം ഇവിടെ സംവരണത്വം പാലിക്കപെ ടുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ ഭവനരഹിതരേയും പുറമ്പോക്കിൽ താമസിക്കുന്നവേരയും തിരിച്ചറിയാൻ കഴിയണം. ഗ്രാഗീണ ഭവന നിർമ്മാണത്തിനുള്ള സ്ഥലങ്ങൾ ഏററെടുക്കുകയും അനുഭവ രഹിതർക്ക് വിതരണം ചെയ്യണം.

ചെലവു കുറഞ്ഞ ഭവന നിർമ്മാണത്തിനും കെട്ടിട നിർമ്മാണ സാമാഗ്രഹികൾ ഉപയോഗിക്കുന്നതിനും പ്രകാരം വേണം.

ഭവന നിർമ്മാണ സഹകരണ സംഘങ്ങളെ പ്രേത്സാഹിപ്പിക്കണം.

പൊതു ഹൗസിഗ് കോളനികൾ ഇല്ലാത്ത കോളനികളുടെയും രാജീവ് ദശലക്ഷം ഭവന നിർമ്മണ പദ്ധതിപ്രകാരമുള്ള ഭവനങ്ങളുടെയും നി'മ്മാണ വിതരണം എന്നിവ നി'വ്വഹിക്കണം.

വായ്പാ തുകയായലും ബാങ്ക് തുകയായാലും കാലാനുസൃതമായി വർദ്ധിപ്പിക്കണം.

ഗവൺമെൻറ് ഹൗസിംഗ് ബോർഡിനെ ഉപയോഗിച്ചും പുനരധിവാസ ഭവന നി'മ്മാണ പദ്ധതി സാനിറേഷൻ പ്രധാനം ചെയുന്ന പദ്ധതികൾ ഹൗസിംഗ് ബോർഡിനെ ഉപയോഗിച്ച് ദുർബലർക്കും താഴ്ന്ന വരുമാനക്കാർക്കും സർക്കാർ ജീവനക്കാർക്കും മററു വിവിധ പദ്ധതി ഉപയോഗപ്പെടുത്തി കൊടുക്കണം. മററ് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ആത്മാർത്ഥ പ്രവർത്തനം നടത്താൻ

സംഘടനകളെ ഈ വിഷയത്തോട് ബന്ധപ്പെടുത്തി പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയുമെന്നത് തർക്ക മററതാണ്. ഇതോടൊപ്പം തന്നെ ഉയർന്ന വരുമാനക്കാർക്കുള്ള നിരവധി പദ്ധതികളും ഉപയോഗപ്പെടുത്താവുന്നതാണ്. 5വർഷം കഴിയുമ്പോൾ അതായത് 9 ാം പഞ്ചവത്സരപദ്ധതി കഴിയുമ്പോൾ വീടില്ലാത്ത ഒരു കുടുംബവും ഉണ്ടാകരുത് എന്ന ലക്ഷ്യം വച്ചായിരിക്കണം പാർപ്പിട പ്രശ്നം ചെയ്യേണ്ടത് താഴെപറയും വിധം ചിട്ടപ്പെടുത്താവുന്നതാണ്.

വാർഡ് 1

ഏപ്രിൽ 96ന് തുടങ്ങുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് ഓടിട്ട വീടുകൾ, ഏവർക്കും എല്ലാവർക്കും കക്കൂസ് എന്ന ലക്ഷ്യം നേടാൻ തക്കവണ്ണം പരിപാടി ആസൂത്രണം ചെയ്യണം.

വാർഡ് 2

വീടില്ലാത്തവർക്കൊക്കെ വീട്, കക്കൂസ് ഇല്ലാത്തവർക്കൊക്കെ കക്കൂസ് എന്ന ലക്ഷ്യം നേടണം.

വാർഡ്3

ഒമ്പതാം പഞ്ചവത്സര പദ്ധതി അനുസരിച്ച് വീടും കക്കൂസും ഇല്ലാത്ത ആരും ഉണ്ടാവാൻ പാടില്ല അന്ന ലക്ഷ്യം സ്ഥാപിക്കണം.

വാർൻഡ് 4

നാലാം വാർഡിലെയും ലക്ഷ്യം ആളുകൾക്ക് മുഴുവൻ വീടും കക്കൂസും തന്നെ.

വാർഡ് 5

അർഹത നോക്കി ഗ്രാൻറ് വായ്പാ എന്നിവ നൽകി എല്ലാപേർക്കും വീടും എല്ലാപേർക്കും കക്കൂസുകളും വേണം.

വാർഡ്6

എല്ലാവർക്കും വീടും കക്കൂസും തന്നെ ആവശ്യം ഗ്രാൻറായി ലഭിക്കേണ്ടവർക്ക് ഗ്രാൻറായും വായ്പ നൽകി പരിഹരിക്കേണ്ടവർക്ക് അപ്രകാരവും പരിഹരിക്കണം.

വാർഡ്7

എല്ലാവർക്കും ഓടിട്ട വീടുകളും കക്കൂസുകളും തന്നെ ഒമ്പതാം പഞ്ചവത്സരകാലത്തെ ലക്ഷ്യം

വാർഡ് 8

എല്ലാവർക്കും വീടുതന്നെ ലക്ഷ്യം കക്കൂസും അതു പോലെ ആവശ്യമാണ്. 8ാം വാർഡിൽ മുള്ളംകുന്ന് ഹരിജൻ കോളനിയിൽ ഉൾള്ളവർക്ക് 100 വീടും 100 കക്കൂസും പുതുയതായി വേണം.

വാർഡ്9

8 ഹരിജൻ കുടുംബങ്ങൾക്ക് പുതിയവീടും 5 ഹരിജൻ കുടുംബങ്ങൾക്ക് ഓട് മേയാനും ഗ്രാൻറ് ആവശ്യമാണ്. ഇപ്പോൾ അർഹരായ 18 പേർക്കും, പട്ടികജാതിയിൽ പെടാത്തവർ 12 പേർക്കും ഓട് വെക്കാൻ സഹായം ലഭ്യമാക്കുക 8 ഹരിജനങ്ങൾക്കും 30 മററ് അർഹരായവർക്ക് കക്കൂസും അനുവദിക്കേണ്ടതാണ്. സഹായം നൻകണം.

വാർഡ് 10

ഹരിജനങ്ങൾക്കായി 42 വീടും 25 കക്കൂസുകളും അനുവദിച്ച് സാമ്പത്തിക സഹായം നൽകണം. മററ് പിന്നോക്കക്കാർക്കും വരുമാനം കുറഞ്ഞ മററ് പേർക്കുമായി 55 വീടുകളും 92 കക്കൂസുകളും 90ം പദ്ധതിയിൽ നിർമ്മിക്കാൻ സ്കീം ഉണ്ടാക്കണം. വീടുകളുടെ അററകുററ പണികൾക്ക് കൂടുതൽ ഫണ്ട് ഏർപ്പാട് വേണം.

വാർഡ്11

പട്ടിക ജാതിക്കാർക്ക് 7 പുതിയ വീടുകളും 8 കക്കൂസുകളും വേണം മററ് പിന്നോക്കു വിഭാഗത്തിൽ പ്പെട്ടവർക്ക് 55 വീടുകളും 85 കക്കുസുകളും വേണം. കൂടാതെ വീടിൻെറ റിപ്പയർ തുടങ്ങിയ കാര്യങ്ങൾക്ക് അപ്പപ്പോൾ ഗ്രാൻററായി നൽകാൻ പാകത്തിൽ ഫണ്ട് ആവശ്യമാണ്. വീടുകൾക്കുള്ള വായ്പ എളുപ്പത്തിലും വമ്പിച്ച തോതിലും ലഭിക്കാൻ സംവിധാനം ഉണ്ടാക്കണം.

സാമൂഹ്യക്ഷേമ പദ്ധതതികൾ

1. വികലാംഗർകുള്ള യാത്ര

2. വികലാംഗർക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്

3. വികലാംഗവിദ്യാർത്ഥികൾക്കുള്ള സംസ്സ്ഥാന സ്കോളർഷിപ്പ്

4. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റൈററപ്പൻറ്

5. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സംസ്ഥാന സ്കോളഷിപ്പ്

6. വികലാഗർക്കുള്ള തോഴിൽ പരിശീലന് സാമ്പത്തിക സഹായം

7. വികലാംഗ സംരക്ഷണ ഭവനം വെയ്ക്കാനുള്ള സംസ്ഥാന ധന സഹായം

8. പട്ടി ജാതി പട്ടിക വർഗ്ഗേതര മിശ്രവിവാഹ ദമ്പതികൾക്കുള്ള ധന സഹായ പദ്ധതി.

9. വികലാംഘൽക്കാവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ പദ്ധതി.

10. വികലാംഗ ക്ഷേമരംഗത്ത് പ്രർത്തിക്കുന്ന സന്നദ്ധ സംഘടകരുടെ ധനസഹായ പദ്ധതി

11. അന്ധരായ അഭിഭാക്ഷകർക്കുള്ള ധന സഹായം.

12. വാഹന ഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സീഡി പദ്ധതി

13. തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

14, തൊഴിൽ പരിശീലനത്തിനു ള്ള സംസ്ഥാന സൈററപൻറ്

തുടങ്ങിയ ക്ഷേമ പദ്ധതികളും

1. കർഷക പെൻഷൻ

2. കർഷക തൊഴിലാളി പെൻഷൻ

3. മററ് വിവിധ തൊഴിലാളികൾക്ക് ഇന്ന് നിലവിലുള്ള പെൻഷനുകൾ

4. അഗതി പെൻഷൻ

5. വിധവാ പെൻഷൻ

6. വാർദ്ധക്യ പെൻഷൻ

7. അവശകലാകരൻമാരുടെ പെൻഷൻ

8. ക്ഷയ രോഗ പെൻഷൻ

9. കേൻസർ പെൻഷൻ

10. സ്വാതന്ത്ര്യ സമര ഭടൻമാരുടെ പെൻഷൻ

11. വികലാംഗ പെൻഷൻ

അവരുടെ വരുമാനം മാനദണ്ഡമാക്കാതെ പഞ്ചായത്തു ബോർഡിനെ അനുവദിക്കാവുന്ന സ്ഥിതി കൃത്യമായി പാലിച്ച് ബന്ധപ്പെട്ടവർക്കും ലഭിക്കുമാറാക്കുക.

സാങ്കേതിക വൈദ്യ പരിശോധന പ്രശ്നങ്ങൾ പരിശോധിക്കുന്ന കർത്തവ്യം കൂടി പഞ്ചായത്ത് ഇടപ്പെട്ട് ത്വരിതപ്പെടുത്തുക.

കർഷകർ മററ് തൊഴിലാളികൾ എന്നിവർക്ക് ക്ഷേമ നിധി ഇന്നുനിലവിലുള്ളത് കാര്യക്ഷമമാക്കുകയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ട ആസൂത്രണം നടത്തുകയ്യും ചെയ്യുക

രോഗികൾക്ക്

ആശ്രിതരുടെ കല്ല്യാണത്തിന്

വീടിൻെറ അററ കുററ പണികൾക്ക്

കുട്ടികളുടെ പഠിപ്പിന് എല്ലാം

ക്ഷേമ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുക

സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി പ്രവൃത്തിക്കൽ

സംസ്കാരിക സംഘങ്ങൾ

മഹിളാ സമാജങ്ങൾ തുടങ്ങിയവ ഫലപ്രദമാക്കാൻ ഉപദേശവും സഹായവും നൽകുക പഞ്ചായത്തിൻെറ കടമയാക്കുക

അംങ്കനവാടികൾ കെട്ടിടം ആരോഗ്യ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി കൊടുക്കുക

അംങ്കനവാടി പ്രവർത്തകർക്ക് ഉയർന്ന വേതനം ലഭിക്കാൻ വേണ്ടത് ചെയ്യുക പഞ്ചായത്തിൻെറ ചുമതലയായി ഏററെടുക്കുക

വിവാഹം തുടങ്ങിയ സമൂഹം ഒത്തൊരുമിക്കുന്ന ചടങ്ങുകൾ പൊതുവേദിയിൽ നടത്താൻ സൗകര്യപെടും വിധം പഞ്ചായത്ത് കിട്ടാവുന്ന സ്രോതസ്സുകളിൽ നിന്ന് വായ്പ എടുത്ത് കമ്മ്യൂണിററി ഹാളുകൾ നിർമ്മിക്കുകയും വാടക ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും ചെയ്യുക.

IRDP സർവ്വേ ലിസ്ററ് പരിശോധിച്ച് അർഹർക്ക് ആനുകൂല്യം ലഭിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

നിർത്തിവെയ്ക്കപ്പെട്ട DWCRA യൂണിററുകൾ ഫലപ്രദമാക്കാനും സാദ്ധ്യതകൾ ഉള്ളിടത്ത് പുതുതായി തുടങ്ങാനും ഏർപ്പാടു ചെയ്യുക.

ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തെഴിൽലഭിക്കാൻ സന്ദർഭം ഉണ്ടാക്കുക.

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമ സഭകളെ ഉപയോഗപ്പെടുത്തുക

ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ വനിതകൾക്കായുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ പ്രേരണ നൽകുക.

ഇത്യാദികാര്യങ്ങൾ സാമൂഹ്യ ക്ഷേമത്തിൻെറ ഭാഗമായി പഞ്ചായത്തുകൾക്ക് ജനകീയ പങ്കാളിത്തതോടെ ഫല പ്രദമായി നടപ്പാക്കാൻ കഴിയുന്നതാണ്.

അമുബന്ധം 1

വീടുകളുടെ പഞ്ചായത്തിലെ സ്ഥിതി

1. ഓടിട്ട വീടികൾ 1778

2. ഓലമേഞ്ഞ വീട് 2305

3. കുടിൽ 555

4. കക്കൂസുള്ള വീടുകൾ 2507

5. കിണർ (പൊതുസ്ഥലം)
2750

6. ടാപ്പുകൾ (പൊതുസ്ഥലം) 5

7. വൈദ്യുതീകരിച്ച വീടകൾ 2410

8. വൈദ്യുതീകരിക്കാത്ത വീടുകൾ 225

അനുബന്ധം 2

1. ആകെ ജനസംഖ്യ
പു: 14484 സ്ത്രീ : 14293 ആകെ: 28777

2. കക്കൂസുകൾ ആവശ്യമുള്ള

വീടുകൾ 1769

3. ആകെയുള്ള

അംഗൻവാടികൾ 29

അനുബന്ധം 3

പെൻഷനുകൾ

1. വിധവാ പെൻഷൻ 7

2. വികലാംഗ പെൻഷൻ 8

3. വാർദ്ധക്യ പെൻഷൻ 111

4. അവശകലാകാര പെൻഷൻ 1

5. ക്ഷയരോഗ പെൻഷൻ 1

6. കാൻസർ പെൻഷൻ 1

7. കർഷക തൊഴിലാളി

പെൻഷൻ ലഭ്യമല്ല.

8. തൊഴിലില്ലാ വേതനം ലഭ്യമല്ല

നിർദ്ദേശങ്ങൾ:

1. ദുർബലവിഭാഗങ്ങൾക്ക് അനുവദിക്കുന്ന വീടുകളുടെ എണ്ണവും സംഖ്യയും വർദ്ധിപ്പിക്കുക

2. ചിലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക

3. അപേക്ഷകൾ ഗ്രാമ പഞ്ചായത്തു മുഖേന നടപ്പിലാക്കുക.

# II

# ദ്വിതീയ മേഖല

1. വ്യവസായം.
2. ഊർജ്ജം.
3. ഗതാഗതം.
4. മാർക്കറ്റ്.
5. ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും.

3.1

# വിദ്യാഭ്യാസം

പാലക്കാട് ജില്ലയുടെ പടിഞ്ഞാറെ അതിർത്തി പ്രദേശമാണ് കപ്പൂർ ഗ്രാമ പഞ്ചായത്ത്. ഇവിടെ നടന്ന ആദ്യക്കാല വിദ്യാഭ്യാസ പ്രവർത്തനങ്ങളെ കുറിച്ച് അന്വേഷിക്കമ്പോൾ സർവ്വശ്രി. ചാപ്പൻ മാസ്ററർ, അപ്പുണ്ണി മാസ്ററർ, ശേഖരവാര്യർ മാസ്ററർ, അയ്യപ്പൻ മാസ്ററർ, ശ്രീമതിമാർ ലക്ഷ്മികുട്ടി പട്ടത്തിയാർ, അമ്മുകുട്ടി ടീച്ചർ, തുടങ്ങിയവരുടെ പേരുകൾ പഴമക്കാരുടെ ഓർമയിലേക്ക് ഓടിയെത്തുന്നു. കുമരനെല്ലൂർ ഗവ. എൽ.പി. സ്കൂളാണ് ബോർഡ് ഹിന്ദുക്കൾ എന്ന പേരിൽ തുടങ്ങിയ ആദ്യ വിദ്യാഭ്യാസ സ്ഥാപനം. ഇന്നത്തെ എ.ജെ.ബി. സ്കൂൾ കുമരനെല്ലൂർ എന്ന പേരിലുള്ള സ്ഥാപനവും ആദ്യകാല വിദ്യാഭ്യാസ സംരംഭത്തിൽ പെടുന്നു. മൊല്ലാക്കയുടെ സ്കൂൾ എന്നാണ് നാട്ടുകാർ അന്ന് ആസ്ഥാപനത്തെ വിളിച്ചിരുന്നത്. സ്വാതന്ത്ര സമരത്തിൽ നിന്ന് ആവേശമുൾകൊണ്ട പൗരമുഖ്യർ ഗേൾസ് സ്കൂൾ എന്ന പേരിൽ നൂൽ നൂൽപ്പും നെയ്ത്തും പരിശീലിപ്പിക്കുന്ന ഒരു സ്ഥാപനം അനുവദിച്ചുവെങ്കിലും രണ്ടു വർഷത്തിനു ശേഷം തുടർന്ന് നടത്തുവാൻ കഴിയാതെ പോയതും ഈ പഞ്ചായത്തിലെ പഴയ തലമുറ ഓർക്കുന്നു. മാരായം കുന്ന് സ്കൂൾ എന്ന പേരിലാരംഭിച്ച വിദ്യാലയം ഇന്ന് കാരുത്ത് മെമ്മോറിയൽ എയ്ഡഡ് എൽ.പി. സ്കൂൾ ആയി തുടർന്ന് വരുന്നു.

സ്വാതന്ത്ര സമര സേനാനികളും രാഷ്ട്രീയ സാംസ്കരിക സാമൂഹിക രംഗങ്ങളിലെ പ്രതിഭകളും ഈ പഞ്ചായത്തിന് അലങ്കാരമായിട്ടുണ്ട്. ജ്ഞാനപീഠ പുരസ്കാരം നേടിയ ശ്രീ. എം.ടി. വാസുദേവൻ നായർ ഈ പഞ്ചായത്തിലെ കുമരനെല്ലൂർ ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥിയായിരുന്നു, മഹാകവി അക്കിത്തത്തിന് ജൻമം നൽകിയത് കപ്പൂർ ഗ്രാമമാണ്. വർഷങ്ങൾക്കു മുമ്പ് തന്നെ ഈ പഞ്ചായത്ത് വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ അമൂല്യമായ നേട്ടങ്ങൾ കൈവരിച്ചിരുന്നു. ഇന്നത്തെ നില അ രംഗങ്ങളിൽ ഒരു തളർച്ചയെ സൂചിപ്പിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ പാലക്കാടു ജില്ലയിൽ സവിശേഷ ശ്രദ്ധ പിടിച്ചുപററുവാൻ ഈ പഞ്ചായത്തിനു കഴിഞ്ഞു.

നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | അദ്ധ്യാപകർ ആൺ | അദ്ധ്യാപകർ പെൺ | ആകെ | വിദ്യാർത്ഥികൾ ആൺ | വിദ്യാർത്ഥികൾ പെൺ | ആകെ | മററു സൗകര്യങ്ങൾ കെട്ടിടം വേണ്ടത്ര ഉള്ളവ | | ഫർണ്ണിച്ചർ | |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | GHS കുമരനെല്ലൂർ | 29 | 45 | 74 | 1400 | 1400 | 2800 | | X | | X |
| 2 | GGHS " | 23 | 32 | 55 | 1013 | 956 | 1969 | | X | | X |
| 3. | DUICC.H.S. കപ്പൂർ | 18 | 18 | 36 | 365 | 222 | 587 | X | | X | |
| 4. | GLPS കുമരനെല്ലൂർ | 5 | 7 | 12 | 244 | 210 | 450 | | X | | X |
| 5. | AJBS കുമരനെല്ലൂർ | 3 | 3 | 6 | 99 | 94 | 193 | | X | | X |
| 6 | AJDS നയ്യൂർ | 2 | 4 | 6 | 83 | 70 | 153 | | X | | X |
| 7 | KAMALPS കപ്പൂർ | 4 | 6 | 10 | 158 | 156 | 314 | | X | | X |
| 8. | AMLPS കൊഴിക്കര | 4 | 2 | 6 | 89 | 87 | 172 | | X | | X |
| 9. | AJBS എടപ്പറമ്പ് | 2 | 3 | 5 | 89 | 79 | 168 | | X | | X |
| 10. | MMJBS വെള്ളാളൂർ | 3 | 5 | 8 | 132 | 106 | 238 | | X | | X |
| 11. | AJBS എരവക്കാട് | 3 | 3 | 6 | 97 | 81 | 188 | | X | | X |
| 12. | IOLPS കുമരനെല്ലൂർ | 2 | 6 | 8 | 92 | 84 | 176 | X | | X | |
| | | 98 | 134 | 232 | 3881 | 2497 | 6378 | | | | |

രണ്ടു സർക്കാർ ഹൈസ്കൂളുകളും സി.ബി.എസ്.ഇ സിലബസ്സ് അനുശരിച്ച് പ്രവർത്തിക്കുന്ന ഒരുൻ ആൺ എയഡഡ് ഹൈസ്കൂളും ഒരു സർക്കാർ ൽെ.പി.സ്കൂളും 8 എയഡഡ് എൽ.പി. സ്കൂളും ഒരു അംഗീകൃത എൽ.പി. സ്കൂളും അംഗീകാരമില്ലാത്ത രണ്ട് എൽ.പി.. സ്കൂളുകളും ഈ പഞ്ചായത്തിൽ ഉണ്ട്.

29 അംഗനവാടികൾ ഈ പഞ്ചായത്തിലുണ്ട് ഗോകലേ ഗവ. ഹൈസ്കൂൾ കുമലനല്ലൂർ സെക്ഷനൽ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു. അദ്ധ്യാപക രക്ഷാ കർതൃ സമിതിുടെയും നാത്തുകാരുടെയും ശ്രമഫലമായി മലമ്പാറിലെ തന്നെ പഴക്കമുള്ള ഹൈസ്കൂളുകളിൽ ഒന്നായ കുമരനല്ലൂർ ഗവ. ഹൈസ്കൂളിലെ സെക്ഷനൽ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ഫർണ്ണിച്ചർ നിർമ്മിക്കുകയുണ്ടായി പാഠ്യേതര

പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യൻ ശാസ്ത്ര പ്രദർശനത്തിൽ സമ്മാനർഹമായ ഇനങ്ങൾ അവതരിപ്പിച്ച് ഗോഖലേ ഗവ. ഹൈസ്കൂൾ പ്രശംസയർഹിക്കുന്നു. ഈ പഞ്ചായത്തിലെ ഏക ഗവ. ഹൈസ്കൂൾ ആയ കുമരനെല്ലൂർ ഗവ. എൽ.പി. സ്കൂൾ അവശ്യപഠന നിലവാര പദ്ധതി അനുസരിച്ച് കഴിഞ്ഞ വർഷം പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയുണ്ടായി സബ് ജില്ലാ കലോത്സവങ്ങളിൽ പ്രസംശാർഹമായ മുന്നേററമാണ് ഈ വിദ്യാലയം സമീപകാലത്ത് കൈവരിച്ചിട്ടുള്ളത് കുമരനെല്ലൂർ ഗവ. ഹൈസ്കൂളും യുവജനോൽസവങ്ങളിലും വിഞ്ജാനോൽസവങ്ങളിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് ഈ പഞ്ചായത്തിലെ ഇസ്ലാഹിയ അറബികോളേജ് ആൻറ് ഒർഫനേജ് ഒരു ഐ.ടി.സിയും കമ്പ്യൂട്ടർ പരിശീലന കേന്ദ്രവും ഇവിടെയുണ്ട്

ഔപചാരിക വൗദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ 3 ട്യൂട്ടോറിയൽ കോളേജ് 2 പാരലൽ കോളേജും ഈപഞ്ചായത്തിലുണ്ട്. ദീർഘകാലമായി ഈ പഞ്ചായത്തിൻെറ ആവശ്യമായ ഒരു കോളേജ് ഇന്നും സ്പനമായി നിൽക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനായി ഇപ്പോഴും 15,20 കിലോമീററർ യാത്ര ചെയ്യേണ്ട സാഹചര്യമാണ് വിദ്യാർത്ഥികൾക്കുള്ളത്.

ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ കടന്നുകയററം പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുവാൻ കാരണമായിട്ടുണ്ട്. DPEP സർവ്വേ സൂചിപിക്കുന്നത് പ്രൈമറി വിദ്യാലയത്തിൽ പ്രവേശനം നേടേണ്ട കുട്ടികളുടെ എണ്ണത്തിൽ വരുന്ന ഗണ്യമായ കുറവാണ്. ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തപെടുമ്പോൾ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ സ്വയം പര്യാപ്തമല്ല. ദ്വിതീയ വിപണന ശേഖരണ കണക്കനുസരിച്ച് പഞ്ചായത്തിലെ അദ്ധ്യാപകരെ ഭൂരിഭാഗവും സ്ത്രീകളാണ് (232ൽ 134 പേർ) അദ്ധ്യാപകർക്ക് വേണ്ടത്ര ഇൻസർവ്വീസ് പരിശീലനം ലഭിച്ചിട്ടില്ല. ഹൈസ്കൂളുകളിൽ മാത്രമെ വൈദ്യുത കണക്ഷ ലഭിച്ചിട്ടുള്ളൂ. പ്രത്യേക ഓഫീസ് റൂം സ്ററാഫ് റൂം, മൂത്രപ്പുരകൾ, കക്കൂസ്, പാചകപുറ, എന്നിവ മിക്കവാറും വിദ്യാലയങ്ങളിൽ ഇല്ല. കളിസ്ഥലം ദൃശ്യശ്രാമ്യം ഉപകരണങ്ങൾ കുടിവെള്ള സൗകര്യം തുടങ്ങിയവയുടെ സ്ഥിതിയും ശോചനീയമാണ്.

വിദ്യാലയ നിലവാരത്തെ കുറിച്ചുള്ള പഠനം സൂചിപ്പിക്കുന്നത് 20നും 30നും ഇടയ്ക്ക് ശതമാനം കുട്ടികൾ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയുള്ളവരാണ് എന്നാണ്. 29 അംങ്കണവാടികളിൽ 3 എണ്ണത്തിന് മാത്രമെ സ്വന്തം കെട്ടിടമുള്ളൂ.

**പ്രശ്നങ്ങൾ:**

1. കുമരനെല്ലൂർ ഗവ. ഹൈസ്കൂളിലെയും ഗോകലേ ഹൈസ്കൂളിലെയും എസ്.എസ്.എൽ.എസി വിജയ ശതമാനം കുറവാണ്.

2. പല സ്കൂളുകളിലേയും ഭൌതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

3. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ പ്രൈമറി വിദ്യാലയങ്ങളിൽ ഡിവിഷൻ കുറയാനുള്ള സാധ്യത നിലനിൽക്കുന്നു.

4. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരുന്നു.

5. വെക്കേഷണൽ ഹെയർ സെക്കൻഡറി പഠനത്തിന് സൗകര്യമല്ല.

6. 4 6 11 എന്നീ വാർഡുകളിൽ പ്രാഥമിക വിദാലയങ്ങൾ ഇല്ല.

7 വിദ്യാർത്ഥികൾക്കിടയിൽ നിരക്ഷരത ഗണ്യമായി നിലനിർക്കുന്നു.

8. 1_ാം വാർഡിലെ പെരിങ്കണ്ണൂർ ഭാഗത്ത് പ്രാഥമിക വിദ്യാഭ്യാസത്തിന് കുട്ടികൾ 1 കി.ലോ മിററിലധികം നടക്കേണ്ട അവസ്ഥയുണ്ട്.

9. അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികളൊന്നും ഇപ്പോൾ നടക്കുന്നില്ല.

10. ചുററു മതിലുകളുടെ അഭാവം വിദ്യാലയങ്ങളെ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളാക്കുന്നു.

11. കുമരനെല്ലൂരിലെ ഹരിജൻ വെൽഫെയർ ഹോസ്ററൽ കുടിവെള്ളത്തിൻെറ ലഭ്യത കുറവുമൂലം അടച്ചു പൂട്ടപ്പെട്ടിരിക്കുന്നു.

12. യാത്രാ ക്ലേശവും വോൾട്ടേജ് പ്രശ്നവും വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നു.

13. ശിശുവിദ്യാഭ്യാസത്തിന് പ്രീ പ്രൈമറി വിദ്യാലയങ്ങൾ പഞ്ചായത്തിൽ ഇല്ല.

14. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇപ്പോഴും നിലനിൽക്കുന്നു.

15. അംങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

**സാദ്ധ്യതകൾ:**

1. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പി.ടി.എകളുടെ സജീവ പ്രവർത്തനം വ്യാപകമാക്കുക.

2. അദ്ധ്യപകർക്കുള്ള ഇൻസർവ്വീസ് കോഴ്സുകൾ വെക്കേഷൻ കാലത്ത് നടത്തുക.

3. വിദ്യാലയങ്ങളിലെ പരിശോധന പഞ്ചായത്ത് തലത്തിൽ നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.

4. പത്തിനൊന്ന് എന്ന അനുപാത ത്തിലെങ്കിലും അഡീഷണൽ തസ്തികകൾ അനുവദിക്കുക.

5. ഹരിജൻ വെൽഫെയർ ഹോസ്ററൽ പ്രവർത്തന ക്ഷമമാക്കുക.

6. വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്കിനെതിരെ ബോധവൽക്കരണം നടത്തുക.

7. വിദ്യാലയ അന്തരീക്ഷം ആകർഷികമാക്കുക

8. മാതൃസംഗങ്ങൾ സജീവമാക്കുക

9. ക്ലാസ്സ് റൂം പി.ടി.എ കൾ സജീവമാക്കുക

10. പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രി.പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

11. തുടർ വിദ്യാഭ്യാസത്തിനായി പറക്കുളത്ത് ഒരു കോളേജ് സ്ഥാപിക്കുക.

12. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സംവിധാനമുണ്ടാക്കുക

13. കപ്പൂർ എൽ.പി.സ്കൂൾ യു.പിസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുക.

14. വിദ്യാലയങ്ങൾ അനുവദിക്കുബോൾ പ്രാദേശികാവശ്യങ്ങൾ വിലയിരുത്തുക.

15. പഞ്ചായത്തിലെ ഏക ഗവ. എൽ.പി.സ്കൂളായ കുമരനെല്ലൂർ ഗവ. എൽ.പി. സ്കൂളിന് ചുററുമതിൽ നിർമ്മിക്കുകയും വൈദ്യുത കണക്ഷൻ നൽകുകയും ഓഫീസ് പരിസരത്ത് സ്ട്രീററ് ലൈററ് സ്ഥാപിക്കുകയും ചെയ്യുക.

16. ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ യഥാകാലം നികത്തുക.

17. നിലവിലുള്ള യറവക്കാട് എൽ.പി. സ്കൂൾ അപ് ഗ്രൈഡ് ചെയ്യുക.

18. യു.പി. വിഭാഗം ഹൈസ്കൂളുകളിൽ യു.പി. സ്കൂളുകൾ അനുവദിക്കുകയും ചെയ്യുക.

## 3.2 കുടിവെള്ളം,

കപ്പൂർ ഗ്രാമ പഞ്ചായത്തു പ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് സ്വകാര്യ കിണറുകളെയാണ്. പഞ്ചായത്ത് അതിർത്തിയിൽ 29 കുഴൽ കിണറുകളും 37 തുറന്ന കിണറുകളും ഉണ്ടെങ്കിലും ഇവയിൽ പലതും ഉപയോഗ്യമല്ല. 1968ൽ കുമരനല്ലൂരിൽ കമ്മീഷൻ ചെയ്ത ജലവിതരണ പദ്ധതി അനുസരിച്ച് ഒമ്പത് ടാപ്പുകളുണ്ട്. ഇവയുടെ പ്രവർത്തനം ഫലപ്രദമല്ല. പഞ്ചായത്തിലാകെ ഒരു ജല വിതരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

തൃത്താല നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഭാരതപുഴയിലെ നിർദ്ദിഷ്ഠ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുകയാണ് മാർഗ്ഗം പ്രസ്തുത പദ്ധതിയിൽ കപ്പൂർ ഗ്രാമ പഞ്ചായത്തിനെ കൂടി ഉൾപ്പെടുന്നത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ സഹായിക്കും.

1-ാം വാർഡിലെ ചുള്ളനികുന്ന്, പറയൻകുന്ന്, ചേക്കോട്, പറക്കുളം, മുല്ലം പള്ളി കോളനി, ഒഴുക്കുപാറകുന്ന്, നൂനിയാൻ പ്രദേശം തുടങ്ങിയ ഭാഗങ്ങളിൽ കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. രണ്ടാം വാർഡിൽ മൊത്തത്തിലും മൂന്നാം വാർഡിലെ വെള്ളാളൂർ ലക്ഷം വീടുകോളനി കണ്ണാൻന്തളി കുന്ന്, വേവൂർ കുന്ന് ഭാഗങ്ങളിലും കുടിവെള്ളക്ഷാമം പ്രശ്നം സൃഷ്ടിക്കുന്നു. നാലാം വാർഡിലെ മണ്ണംകുന്ന്, കല്ലടത്തൂർ കുന്ന്, എഞ്ചിനീയർ റോഡ്, മാടിപുറം, കൊടുക്കാംകുന്ന് കള്ളികുന്ന് കോളനി, മാടക്കോട് കോളനി, പ്രദേശങ്ങൾ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നു. അപ്പം കുന്ന് യത്തിംഗാന പരിസരം മാവറ എന്നിവടങ്ങളും ജല ക്ഷാമം അനുഭവിക്കുകയാണ്. ആറാം വാർഡിലെ പടിഞ്ഞാറെ അമേററിക്കര, കാറോഡ് പറട്, മൂര്യാട്, പനാഞ്ചേരി കോളനി, എന്നിവടങ്ങളിൽ കുടിവെള്ള ക്ഷാമത്തിന് അറുതി വരുത്തേണ്ടതുണ്ട്. 7,8, വാർഡുകളിലെ കുടിവെള്ള ക്ഷാമവും പരിഹരിക്കപ്പെടണം. ഒമ്പതാം വാർഡിലെ മുള്ളൻകുന്ന്, മുക്കിലശ്ശേരി കോളനി, കിഴക്കേ കുന്നുകോളനി, ഞാറകുന്ന് തെക്ക് എന്നിവടങ്ങളിൽ കുടിവെള്ള ക്ഷാമമുണ്ട്. പത്താം വാർഡിലെ വള്ളനാട്ടുകര തങ്ങൾപടി കോളനി, അതിമഹാകാളൻ കാവു പരിസരം എന്നിവയും ജലക്ഷാമമുള്ള പ്രദേശങ്ങളാണ്. പതിനൊഞ്ചാം വാർഡിൽ മൈലാടികുന്ന്, ഭാഗത്താണ് ജല ദൗർലഭ്യം കടുത്ത തോതിലുള്ളത്.

**പ്രശ്നങ്ങൾ:**

1. ഭൂപ്രകൃതിയനുശിരിച്ച് പഞ്ചായത്തിലെ എലിയൂർ ഭാഗം ഉയർന്ന പ്രദേശങ്ങളാണ്.

2. കിണറുകളും, കുളങ്ങളും ഉണ്ടെങ്കിലും അവ പലതും ഉപയോഗയോഗ്യമല്ല.

3. പൊതുവായി ശുദ്ധജല വിതരണ പദ്ധതി ഇല്ല.

4. കിണറുകളിൽ മണ്ണിടിച്ചിൽ അനുഭവപ്പെടുന്നു.

5. ജല സംരക്ഷണത്തിനു മാർഗ്ഗങ്ങളില്ല.

6. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും സാധാരണ കിണർ കുഴിക്കാനാകാത്ത വിധം പാറകളുള്ളവയാണ്.

**സാദ്ധ്യതകൾ:**

1. പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും കുടവെള്ളം എത്തിക്കത്തക്കവിധം . ഒരു ജല വിതരണപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

2. പാറയുള്ള പ്രദേശ!ളിൽ കുഴൽ കിണറുകൾ ഒരു ഭൂഗർഭ ജല സർവ്വേയുടെ അടിസ്ഥാനത്തിൽ നിർമ്മിക്കുക.

3. കുഴകിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിന് ഉടനെതന്നെ നടപടികൾ സ്വീകരിക്കുക. ഇതിനായി പ്രാദേശികമായി ജനങ്ങളുടെ സഹകരണം നേടുക

4. മണ്ണിടിച്ചിൽ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കിണറുകളിൽ റിങ്ങുകൾ ഉപയോഗിക്കുക.

5. കുന്നിൻ ചെരുവുകൾ തട്ടുകളായി തിരിച്ച് കൃഷിചെയ്യുന്ന സമ്പ്രദായം പരീക്ഷിക്കുക.

6. വെള്ളം കെട്ടിനിർക്കുന്ന പ്രദേശങ്ങൾ മണ്ണിട്ടു നികത്തി കൃഷി തോട്ടങ്ങൾ ആക്കുന്നതിന് നിയന്ത്രിക്കുക.

7. കുടിവെള്ളം ദുരുപയോഗം ചെയ്യുന്നതി നെതിരെ ശരിയായ ബോധവർക്കരണം നടത്തുക

8. കുടിവെള്ളം തേടി 200മി, അധികം ദൂരം സഞ്ചരിക്കേണ്ടതില്ലന്ന് ഉറപ്പുവരുത്തുക.

9. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കുടിവെള്ളക്ഷാമം അടിയന്തിരമായി പരിഹരിക്കുക. ഇതിനായി പി.ടി.എ യുടെ സഹകരണം തെടുക

10. തൊടുകളിൽ ചീർപ്പുകൾ ഉപയോഗിച്ച് ഒഴുകി പോകുന്ന വെള്ളം തടയുക. ഇതിനാവശ്യമായ സംവിധാനം പ്രാദേശികമായി സംഘടിപ്പിക്കുക

## 3.3 പൊതുജനാരോഗ്യം

പൊതുജനാരോഗ്യരംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. നമ്മുടെ നേട്ടങ്ങൾ ലോകശ്രദ്ധപിടിച്ചു പററിയിട്ടുണ്ട്. രോഗപ്രതിരോധം, ചിക്തസകുറഞ്ഞ ശിശുമരണ നിരക്ക് ഉയർന്ന ആയുർ ദൈർഘ്യം എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ നാം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്നു. ജനസംഖ്യ നിയന്ത്രണത്തിൻെറ കാര്യത്തിലും നാം നേട്ടങ്ങൾ കൈവരിച്ചിരി ക്കുകയാണ്.

കപ്പൂർ ഗ്രാമ പഞ്ചായത്തിലെ സ്ഥിതി പരിശോധിക്കാം. 1964ൽ കുമരനല്ലൂരിൽ പ്രാഥമികാരോഗ്യകേന്ദ്രം നിലവിൽ നന്നു. ഇതിനു പുറമെ പറക്കുളത്ത് ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ഏഴാം വാർഡിൽ പൊതു ജനാരോഗ്യകേന്ദ്രവും പള്ളങ്ങാട്ടുപാറയിൽ സബ് സെൻററും എരവക്കോട് ഐ.പി.പി. കേന്ദ്രവും കോഴിക്കരയിൽ ആയുർവേദ ഡിസ്പെൻസറിയും ഉണ്ട്. ഇവയിൽ ഏഴാം വാർഡിൽ പൊതുജനാരോഗ്യകേന്ദ്രം അടഞ്ഞുകിടക്കുകയാണ്. പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തന്നെ ജനാവശ്യങ്ങൾ നിറവേററാനാവില്ല. കുമരനല്ലൂരിലെ സ്വകാര്യാശു പത്രിയിലെ ഒരു ഡോക്ടറടക്കം മൂന്നു ഡോക്ടർമാരുടെ സേവനമാണ് ഇപ്പോൾ. ഈ ഗ്രാമ പഞ്ചായ ത്തിൽ ലഭിക്കുന്നത്. കുമലനല്ലൂരിലും പറകുളത്തും കോഴികരയിലും സ്വന്തം കെട്ടിടങ്ങളിലാണ് ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിലും ശുദ്ധജല ലഭ്യതയുടെ കുറവുനിമിത്തം ആശുപത്രികയിൽ ഒരു ഔട്ട് പേഷിയൻറ് വിഭാഗം മാത്രമാണ് പ്രവർത്തിക്കുന്നത്.

രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സമയങ്ങളിൽ വയറിളക്കം, ചർദ്ദി, മഞ്ഞപിത്തം, തുടങ്ങിയ രോഗങ്ങൾ പരക്കെ ഉണ്ടാകുന്നതായി ആശുപത്രി രേഖകൾ സൂചിപ്പിക്കുന്നു. ഹൃദ് രോഗം, പ്രമേഹം, രക്തസമ്മർദ്ദം എന്നിവയും ചിക്തസിക്കപ്പെടുന്നുണ്ട്.

വീടുകളുടെ സ്ഥതി:

| കോൺക്രീററ് | ഓടുമേഞ്ഞവ | ഓലമേഞ്ഞവ | കക്കൂസുള്ളവ | കക്കൂസില്ലാത്തവ |
|---|---|---|---|---|
| 967 | 3834 | 1396 | 2570 | 3627 |

6197 വീടുകളിൽ പകുതിയിലധികവും കക്കൂസുകൾ ഇല്ലാത്തവയാണ്. ഇതുമൂലമുണ്ടാകുന്ന മലിനീകരണ പഞ്ചായത്തിൽ ഇതുമൂലം ഉണ്ടാകുന്ന പരിസരണ മലിനീകരണം ഈ പഞ്ചായത്തിൽ രോഗങ്ങളുടെ കടന്നാക്രമണത്തിന് ഇടയാക്കുന്നുണ്ട്.

**വൈകല്യങ്ങൾ:**

| അന്ധർ | ബധിരർ | മന്ദബുന്ധികൾ | മററുഅംഗവൈകല്യമുള്ളവർ |
|---|---|---|---|
| 10 | 56 | 46 | 99 |

രോഗികൾ ദീർഘകീല ചിക്തസയിൽ ഉള്ളവർ

| കുഷ്ഠരോഗികൾ | ക്ഷയരോഗികൾ |
|---|---|
| കാൻസർ രോഗികൾ | ഹൃദ്രോഗികൾ |
| 13 | 13 |
| 100 | 80 |

പഞ്ചായത്തിലെ സ്ത്രീകളിൽ ഒരു കുട്ടിയുള്ള 720 പേരും രണ്ടുകുട്ടികളുള്ള 793 പേരും രണ്ടിൽ കൂടുതൽ കുട്ടികളുള്ള 1301 പേരും ഉണ്ട്. കുടുംബ സംവിധാനത്തെ കുറിച്ചുള്ള ബോധവർക്കരണം ബലം ചെയ്തു തുടങ്ങിയതായി സൂചനകൾ കാണുന്നുണ്ട്.

ഒരു വയസ്സിൽ താഴെ പ്രായമുള്ള 721 കുട്ടികൾ ഉൾപ്പെടെ ഭൂരിഭാഗം കുട്ടികളും പ്രതിരോധ കുത്തിവയ്പ്പ് നടത്തിയവരാണ്. മനോരോഗികൾ ഉണ്ടെങ്കിലും അവരെ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. ഒരു വിലയിരുത്തലിൽ വ്യക്തമാകുന്നത് പൊതുജനാരോഗ്യരംഗത്തെ പ്രധാന ഭീക്ഷണി പരിസര മലിനീകരണവും ജലമലിനീകരണവും ആണെന്നാണ്

**പ്രശ്നങ്ങൾ**

1. ഒന്നാം വാർഡിലെ കപ്പൂർ പ്രാഥമികാരോഗ്യകേന്ദ്രം വേണ്ടത്രെ ജീവനക്കാരോ മരുന്നോ ഇല്ലാതെ ശോചാവസ്ഥയിലാണ്.

2. 2,4,6,11 വാർഡുകളിൽ ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല. ഈ വാർഡുകളിലെ ആളുകൾക്ക് കുമരനല്ലൂർ പറക്കുളം കോഴിക്കര പ്രദേശത്തുള്ള ആരോഗ്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

3. എട്ടാം വാർഡിൽ ഐ.പി.പി. കേന്ദ്രമുണ്ടെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമല്ല.

4. ഒരു ലേഡി ഡോക്ടറുടെ സേവനം പഞ്ചായത്തിൽ ലഭിക്കുന്നില്ല.

5. കുമരനല്ലൂരിലുള്ള ആരോഗ്യ സ്ഥാപനത്തിന് ഇൻപേഷ്യന്റ് സൗകര്യം ഏർപ്പെടുത്താനുള്ള ഭൗതിക സാഹചര്യമുണ്ടെങ്കിലും ജലക്ഷാമത്തിന്റെ പേരിൽ ദുരിതം അനുഭവിക്കുന്നു.

6. മെഡിക്കൽ ലാബോറട്ടറി, എക്സറെ സംവിധാനം എന്നിവയൊന്നും ആശുപത്രികളിലില്ല.

7. വാഹനം ഇല്ലാത്തതുകൊണ്ട് പഞ്ചായത്തിൽ എല്ലായിടത്തും വൈദ്യസഹായം എത്തിക്കുന്നതിന് ആരോഗ്യ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല.

8. വെള്ളം കെട്ടികിടക്കുന്ന പ്രദേശങ്ങളിൽ കൊതുകു നിവാരണത്തിന് പദ്ധതികൾ നടപ്പാക്കുന്നില്ല.

9. രോഗികളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും മരുന്നിന്റെ കോട്ട വർദ്ധിപ്പിക്കുന്നില്ല.

10. ഒരു ഭീക്ഷിണിയായി പഞ്ചായത്തിൽ നായ്ക്കൾ അലഞ്ഞുനടക്കുന്നു.

11. മാർക്കറ്റോ, അറവുകേന്ദ്രങ്ങളോ പ്രവർത്തിക്കുന്നത് നിശ്ചിത നിബന്ധനകൾക്ക് വിധേയമായല്ല.

12. ആശുപത്രികളിൽ ഇതുവരെയും ടെലിഫോൺ സൗകര്യം ഏർപ്പെടുത്തിയിത്തില്ല.

13. രാത്രി തുറന്നു പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ സ്റ്റോർ പഞ്ചായത്തിലില്ല.

14. ഡ്രൈനേജ് സംവിധാനമോ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനമോ കാര്യക്ഷമമല്ല.

**സാദ്ധ്യതകൾ:**

1. പഞ്ചായത്തു കേന്ദ്രമാക്കിയും വാർഡുകളിലും ആരോഗ്യ സമിതികൾ രൂപീകരിക്കുകയും ചെയ്ത് പ്രാദേശികമായ ആരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്തും പരിഹാരം കാണാൻ ശ്രമം നടത്താൻ കഴിയും.

2. 7_ാം വാർഡിലേയും പത്താം വാർഡിലേയും ആരോഗ്യ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കണം. 8_ാം വാർഡിലെ

ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭിക്കാൻ വേണ്ടതു ചെയ്യണം.

3. ആരോഗ്യകേന്ദ്രങ്ങൾ ജീവനക്കാരുടെ ഒഴുവുകൾ കഴിയുന്നത്ര വേഗം നികത്തപ്പെടുകയും മരുന്നുകളുടെ കോട്ട വൽദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം.

4. കുമരനല്ലൂരിൽ ഇൻ പേഷ്യൻറ് സംവിധാനം എത്രയും വേഗം ആരംഭിക്കണം.

5. മാർക്കററ് അറവുശാലകൾ ഹോട്ടലുകൾ എന്നിവ ഉദ്യോഗസ്ഥരുടെ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കണം.

6. പ്രധാന കേന്ദ്രങ്ങളിൽ വേസ്ററ് ടിന്നുകൾ സ്ഥാപിക്കണം ഇതിനു ആവശ്യമായ ചെലവ് പ്രദേശികമായിതന്നെ കണ്ടെത്താവുന്നതാണ്.

7. രോഗ ചിക്തസയെകാളേറെ രോഗ പ്രതിരോധത്തിന് മുൻതൂക്കം കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കണം.

8. കുടിവെള്ള ക്ഷാമം യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കി നടപിലാക്കി പരിഗണിക്കണം.

9. സർക്കാർ ആശുപത്രികളിൽ ലാബോറട്ടറി, എക്സ്റേ, സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം.

10. പഞ്ചായത്തിൻെറ സാമ്പത്തിക സഹായത്തോടെ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ രൂപപ്പെടുത്തണം

11. സന്നദ്ധ സംഘടനകളുടെയും ക്ലാസ്സുകളുടെയും നെതൃത്വത്തിൽ ഒരു പൊതുജനാരോഗ്യ ബോധവൽക്കരണ പദ്ധതിക്ക് രൂപം നൽകി പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടപ്പിലാക്കണം.

12. ലേഡി ഡോക്ടറുടെ സേവനം ലഭ്യമാക്കാനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കണം.

13. ആശുപത്രി ഉപദേശ സമിതികൾ കാര്യക്ഷമമാക്കുകയോ അവ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേർന്ന് പ്രശ്നങ്ങൾ വിലയിരുത്തുകയും വേണം.

14. വളർത്തു നായ്ക്കൾക്ക് ലൈസൽസ് ഏർപ്പെടുത്തുകയും ലൈസൻസ് ഇല്ലാത്തവയെ നശിപ്പിക്കുകയും വേണം.

15. ചിലവു കുറഞ്ഞ പോഷകാഹാരങ്ങളെ കുറിച്ച് ബോധ വൽക്കരണം നടത്തണം.

16. കുമരനല്ലൂരിലെ ആരോഗ്യ കേന്ദ്രത്തിന് ഒരു വാഹന ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടെലിഫോൺ സൗകര്യം ഉണ്ടക്കുകയും ചെയ്യണം.

17. കോഴിക്കരയിൽ പ്രവർത്തിക്കുന്ന ആയുവേദ ഡിസ്പെൻസറി രോഗികളെ കിടത്തി ചിക്തസിക്കുന്ന ആശുപത്രിയായി ഉയർത്തുക.

18. ഓരോ ബ്ലോക്കിലും സർക്കാർ നിയന്ത്രണത്തിൽ ചുരുങ്ങിയ വിലയ്ക്ക് ഗുണമേൻമയേറിയ മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

19. ഔഷധ സസ്യങ്ങളുടെ കൃഷി നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

# 3_4 സംസ്കാരം

ടിപ്പുവിൻെറ പടയോട്ടത്തിൻെറ പഴങ്കഥകൾ അയവിറക്കുന്ന പാലക്കാടിൻെറയും മലബാർ കലാപത്തിൻെറ ചരിത്ര സ്മൃതികൾ കെടാതെ ഹൃദയത്തിൽ സൂക്ഷിക്കുന്ന മലപ്പുറത്തിൻെറ അതിർത്തിയിൽ കിടക്കുന്ന കപ്പൂർ ഗ്രാമത്തിന് ഉൽസവകൊടിയേററങ്ങളും ആണ്ടുനേർച്ചകളും തുല്യപ്രാധാന്യമുള്ളവയാണ്.

സാംസ്കാരിക നിലയം ഈ പഞ്ചായത്തിലില്ല. പഞ്ചായത്ത് ലൈബ്രറി ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സ്വാധീനം വളരെ കൂടുതലാണ്. ഗ്രന്ഥാലയങ്ങൾ കുറവാണ്. എടുത്തു പറയുവാൻ തക്കവിധം ഒന്നാം വാർഡിൽ ചേക്കോട് എന്ന സ്ഥലത്ത് നാട്ടുകാരുടെ ശ്രമഫലമായി 1979 രൂപം കൊടുത്തിട്ടുള്ള ജനകീയ വായനശാല, ഇതിനോടനുബന്ധിച്ച ഭാവന ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് എന്ന കലാകായിക വികസന സ്ഥാപനവും പ്രവർത്തിക്കുന്നു. കേരളാ ഗ്രന്ഥശാലാ സംഘത്തിൻെറ അംഗീകാരമുള്ള ഈ വായന ശാല 2 വാർഡ് നിവാസികൾക്കും ഒരു അളവു വരെ പ്രയോജനപ്പെടുന്നുണ്ട്. വിസ്തൃതമായ ഒന്നാം വാർഡിൻെറ വടക്കു കിഴക്കു ഭാഗത്തുള്ളവർക്ക് ഈ സ്ഥാപനവുമായി ബന്ധപ്പെടുവാൻ അസൗകര്യമുള്ളതിനാൽ കല്ലടത്തൂർ ഭാഗത്ത് ഗോഖലേ ആർട്ടസ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് പ്രവർത്തകർ ഒരു ഗ്രന്ഥാലയം കൂടി ആരംഭിക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്.

ആറാം വാർഡിൽ ലൈബ്രറി ഉണ്ടെങ്കിലും പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു. കലാകായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന ചെറിയ സ്ഥാപനങ്ങൾ പഞ്ചായത്തിലെ പല ഭാഗങ്ങളിലുമുണ്ട്. ഇവ പ്രോത്സാഹനം അർഹിക്കുന്നു.

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കേരള തനിമ വീണ്ടെടുക്കുവാൻ ശ്രമിക്കണമെന്ന് എല്ലാ ഗ്രാമ സഭകളും അഭിപ്രായപ്പെടുകയുണ്ടായി. നാശോൻമുഖമായി കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ കേരളോത്സവങ്ങൾവഴി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഉൽസവവേളകളിൽ എല്ലാ വിഭാഗക്കാരും പങ്കെടുക്കുന്ന സുഹൃദ് സമ്മേളനങ്ങൾ നടത്തുവാൻ തുടങ്ങിയിട്ടുണ്ടെന്ന് കല്ലടത്തൂർ ഭാഗത്ത് നിന്ന് റിപോർട്ട് ചെയ്യപ്പെടുകയുണ്ടായി. ഇത് ആശ്വാസകരമാണ്. ഭാവന ആർട്ടസ് ആൻറ് സ്പോർട്ടസ് ക്ലബിൻെറ പതിനേഴാം വാർഷിക സുവനീർ, ഗോഖലേ ആർട്ട്സ് ആൻറ് സ്പോട്ട്സ് ക്ലബ്ബ് രൂപം നൽകിയ "മൊഴി" കൈയ്യെഴുത്തു മാസിക എന്നിവ സാംസ്കാരിക രംഗത്തെ നേട്ടങ്ങളായി കണക്കാക്കാം.

ഗ്രന്ഥശാലാ നിയമം ഫല പ്രദമായി നടപ്പിലാക്കാൻ വൈകിയതിനാൽ ഈ പഞ്ചയാത്തിലും തൽസംബന്ധമായ പ്രവർത്തനങ്ങൾ ഇടയ്ക്ക് വച്ച് മന്ദീഭവിക്കുകയുണ്ടായി.

പ്രശ്നങ്ങൾ:

1. വായനാ സൗകര്യം കുറവ്.

2. ഇലക്ട്രോണിക് മാധ്യമങ്ങൾ സാംസ്കാരിക വളർച്ചയേയും വനിതകൾക്കിടയിലെ സംഘടിത പ്രവർത്തനങ്ങളേയും തളർത്തുന്നു.

3. പൊതുകളിസ്ഥലങ്ങൾ കുറവാണ്.

4. വിദ്യാലയങ്ങളിലെ കെട്ടിടങ്ങളും പരിസരവും സംരക്ഷിക്കുന്നതിനു പകരം പ്രോത്സാഹജനകമല്ലാത്ത കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് കുട്ടികൾക്കും അദ്ധ്യാപകർക്കും വിഷമമുണ്ടാക്കുന്നു.

5. സ്ത്രീധന സംമ്പ്രദായം ഇടത്തരക്കാരായ വനിതകളുടെ സാമൂഹ്യജീവിതത്തിന് വെല്ലുവിളി ഉയർത്തുന്നു.

6. സ്വാതന്ത്ര്യ ദിനം തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള ആഘോഷങ്ങളോട് വിമുഖത കണ്ടുവരുന്നു.

സാദ്ധ്യതകൾ:

1. പഞ്ചായത്തിൽ ഏററവും സൗകര്യ പ്രദമായ സ്ഥലത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.

2. പ്രവർത്തന രഹിതമായി കിടക്കുന്ന പഞ്ചായത്തു വായനശാല പുനർജീവിപ്പിക്കുക.

3. ഗ്രന്ഥശാലകൾ മഹിളാസമാജങ്ങൾ കലാസാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

4. പഞ്ചായത്ത് ലൈബ്രറിയിൽ നിന്ന് വാർഡുകളിലെ ലൈബ്രറികളിലേക്ക് നിശ്ചിതകാലയളവ് നിശ്ചയിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യുക.

5. സ്വന്തമായി കെട്ടിടമുള്ള ഗ്രന്ഥാലയങ്ങളെ വികസിപ്പിച്ച് തുടർസാക്ഷരതാ കേന്ദ്രങ്ങളാക്കുക.

6. പൊതു കളിസ്ഥലങ്ങൾ നിർമ്മിക്കുക.

7. വിദ്യാലയങ്ങളിലെ കളിസ്ഥലങ്ങൾ പഠന സമയത്തിനു ശേഷം പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാൻ സൗകര്യമുണ്ടാക്കുക.

8. പൊതുസ്ഥാപനങ്ങളുടെ പരിസരത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ജനപങ്കാളിത്തത്തോടെ ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുക.

9. വിദ്യായങ്ങളിൽ സാംസ്കാരിക പ്രവർത്തനങ്ങൾ നിർബന്ധമാക്കുക.

10. പഞ്ചായത്തിൽ ഒരു കമ്മ്യൂണിററിഹാൾ നിർമ്മിക്കുക.

11. സ്ത്രീധന സമ്പ്രദായം ആർഭാടം കൂടിയ വിവാഹാഘോഷങ്ങൾ എന്നിവയ്ക്കെതിരെ ബോധനൽക്കരണം നടത്തുക.

12. ദേശീയാഘോഷങ്ങൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുക. ഇത്തരം വേദികളിൽ സർവ്വമത സാഹോദര്യം വളർത്തുന്നതിന് ഉപകരിക്കുന്ന പരിപാടികൾ അവതരിപ്പിക്കുക.

13. ഇലക്ട്രോണിക് മാധ്യമങ്ങൾ സാംസ്കാരിക പുരോതിക്കുവേണ്ടി ഉപയോഗപ്പെടുത്തുക. വിജ്ഞാനപ്രദമങ്ങളായ വീഡിയോ കാസററുകൾ പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുക.

14. ഒന്നാം വാർഡിൽ പറക്കുളത്തും ഏഴാം വാർഡിലും എറവക്കാടും ആവശ്യമനുസരിച്ച് വായനശാലകൾ ആരംഭിക്കുന്നതിന് സഹായം നൽകുക. മററു വാർഡുകളിലും സാധ്യതയനുസരിച്ച് കലാകായിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

## 3.5 വനിതാ ക്ഷേമം

കേരളത്തിലെ ആകെ ജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണ്. ലഭ്യമായ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 14,287 പുരുഷൻമാരും 14,490 സ്ത്രീകളുമാണ്. വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം ഈ പഞ്ചായത്തിലും കുറവാണ്. ഈ പഞ്ചായത്തിൽ ആകെ 6378 കുട്ടികൾ പഠിക്കുന്നുണ്ട് ഇതിൽ 2497 പെൺകുട്ടികൾ മാത്രമെയുള്ളു. കാർഷിക മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരികയാണ്. കെട്ടിട നിർമ്മാണം പോലുള്ള ജോലികളിൽ വനിതകളുടെ എണ്ണം കൂടിവരുകയും ചെയ്യുന്നു. സേവനമേഖലയിലും വനിതകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് കൂടുതലാണ്. ഉദാഹരണത്തിന് പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഉള്ള 224 അദ്ധ്യപകരിൽ 128 പേരും സ്ത്രീകളാണ്.

പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന അഞ്ച് DWCRA യൂണിററുകളും ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ്. ഉൽപന്നങ്ങളുടെ വിപണനം കാര്യക്ഷമമാകാതിരിക്കുന്നതുമൂലമാണ് അവയുടെ പ്രവർത്തനം നിലച്ചുപോയത്. തൊഴിൽചെയ്യാൻ സന്നദ്ധരായ പെൺകുട്ടികൾക്കോ സ്ത്രീകൾക്കോ കടന്നുചെല്ലാവുന്ന സ്ത്രീകളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങളൊ ചെറുകിട വ്യവസായ യൂണിററുകളോ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. തുല്യ ജോലിക്ക് തുല്യവേതനം എന്ന ആശയം ഇപ്പോൾ സേവനമേഖലയിൽ മാത്രമെ നിലനിൽക്കുന്നുള്ളു.

**ചർച്ചകൾ നിർദ്ദേശങ്ങൾ:**

തൊഴിലില്ലായ്മ, വിവേചനം, അസ്പൃശ്യത, ബാലികാവിവാഹം സ്ത്രീപീഡനം അനാചാരങ്ങൾ മുതലായവയാണ്. ഒന്നും രണ്ടും വാർഡുകളുടെ ഗ്രാമ സഭകൾ ചൂണ്ടിക്കാണിച്ച പ്രധാന പ്രശ്നങ്ങൾ.,

ബോധവൽക്കരണത്തിന്റെ കുറവ്, മഹിളാസമാജങ്ങളുടെ പ്രവർത്തനക്ഷമതയില്ലായമ മുതലായവയാണ് അഞ്ചാം വാർഡ് ഗ്രാമസഭ ചൂണ്ടികാണിച്ച പ്രശ്നം.

വനിതകളുടെ അസംഘടിതത്വം, സഹകരണസംഘങ്ങളുടെ കുറവ്, ബോധവൽക്കരണത്തിന്റെ അപര്യാപ്തത സ്ത്രീധന പ്രശ്നങ്ങൾ മുതലായവ ആറാം വാർഡ് ഗ്രാമ സഭ ചർച്ചചെയ്തു.

അംഗനവാടി അദ്ധ്യാപികമാരുടെ അദ്ധ്വാന ഭാരവും വേതനകുറവ് മുതലായ പ്രശ്നങ്ങൾ ഏഴാംവാർഡിന്റെ ചർച്ചയിൽ ഉയർന്നുവന്നു.

**നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ**

പഞ്ചായത്തിലെ വനിതകളുടെ സമഗ്ര പുരോഗതിക്കായി വ്യത്യസ്ത ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന വിധം ഓരോവാർഡിലും ഓരോ പാൽ സംഭരണ കേന്ദ്രം ആരംഭിക്കുക.

2. റെഡിമേയ്ഡ് വസ്ത്രനിർമ്മാണം അച്ചാർ നിർമ്മാണം, കോഴി വളർത്തൽ, സോപ്പു നിർമ്മാണം, കറിപൗഡർ നിർമ്മാണം എന്നിവയുടെ യൂണിററുകൾ സാധ്യതയനുസരിച്ച് ഓരോ വാർഡിലും ആരംഭിക്കുക. ഉൽപന്നങ്ങളുടെ മാർക്കററിങ്ങ് പഞ്ചായത്തു ഭരണ സമിതിയുടെ നേതൃത്വത്തിൽ ഓരോ വാർഡിലും ഓരോ പൊതുവിതരണ കേന്ദ്രം തുറന്ന് കാര്യക്ഷമമാക്കുക, ഈ കേന്ദ്രങ്ങളിലെ ജോലികൾ വനിതകൾക്കുതന്നെ നൽകുക.

3. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ വൻതോതിൽ പച്ചക്കറി കൃഷി ആരംഭിക്കുകയും കൃഷിഭവൻ മുഖാന്തിരം വിത്ത്, വളം, എന്നിവ നൽകുകയും ചെയ്യുക. ഈ പ്രവർത്തനങ്ങളിൽ വനിതകൾക്ക് പ്രാധാന്യം നൽകുക.

4.അംഗനവാടികയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

5. മൂന്നു വയസ്സിനും അഞ്ചുവയസ്സിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്ക് അംഗനവാടി പഠനം നിർബന്ധിതമാക്കുക.

6. അംഗനവാടി അദ്ധ്യാപികമാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചതമായി പരിഷ്ക്കരിക്കുക.

7. വിധവാ പെൻഷൻ, വനിതകൾക്കുള്ള മററ് സാമ്പത്തിക സഹായങ്ങൾ എന്നിവയിലെ സാങ്കേതിക തടസ്സങ്ങൾ നീതിപൂർവ്വമായി പരിഗണിക്കുക.

8. പൊതു സ്ഥലങ്ങളിൽ വനിതകൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സ്ഥലങ്ങൾ ഏർപ്പെടുള്ളുക. പ്രത്യേകിച്ച് ബസ് സ്ററാൻറുകളിൽ.

9.സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുകയും സമൂഹ വിവാഹം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

10. മഹിളാ സംഘടനകളിടെ പ്രവർത്തനം വ്യാപിപ്പിക്കുക.

11. ബാലികാ വിവാഹം കർശനമായി നിർത്തലാക്കുക.

12. സ്ത്രീ പീഡനത്തിനെതിരെ ബോധവൽക്കരണം നടത്തുക.

13. വനിതകളുടെ പ്രത്യേകിച്ച് വിദ്യാർത്ഥിനികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

14. തുടർ സാക്ഷരതാ പ്രവർത്തനം സ്ത്രീകൾക്കിടയിൽ പുനരാരംഭിക്കുക.

15. പെൺകുട്ടികൾക്കുൾക്കു വേണ്ടി കലാപരിശീലന കേന്ദ്രം വനിതകളുടെ നെതൃത്വത്തിൽ പഞ്ചായത്തടിസംഥാനത്തിൽ ആരംഭിക്കുക. പഞ്ചായത്ത് വായനശാലയും അംഗൻവാടിയും ഞായറാഴ്ച ദിവസങ്ങളിൽ ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ സൗകര്യം ചെയ്തു കൊടുക്കുക.

16. സമൂഹത്തിൻെറ കാഴ്ചപ്പാടിൽ കാര്യമായ മാററം വന്നാലല്ലാതെ പൊതുപ്രവർത്തനങ്ങളിൽ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിയില്ല. ഇത നിലക്കുള്ള പ്രവർത്തനം എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

# സഹകരണ സംഘം

ഇന്ത്യ സ്വതന്ത്രയാകുന്നതിനു മുമ്പ് കുമരനെല്ലൂരിൻെറ തിരുനെററിയിൽ തിലകകുറിപോലെ കുമരനല്ലൂർ സഹകരണ ബാങ്ക് രൂപം കൊണ്ടു. 16/10/1944ൽ എഫ്_9700ം നമ്പറായ രജിസ്ററർ ചെയ്ത ഈ സഹകരണ സംഘത്തിൻെറ ആദ്യ പ്രസിഡൻറായി തിരഞ്ഞെടുത്തത് ടി. കൃഷ്ണൻ നമ്പ്യാരെയാണ്. കുമരനെല്ലൂർ പഞ്ചായത്തും അങ്ങാടി അംശവും ഉൾകൊള്ളുന്ന പ്രവർത്തമ മേഖലയുള്ള സഹകരണ ബാങ്കിൽ ഇന്ന് 52341 അംഗങ്ങളുണ്ട്.

പന്ത്രണ്ടു ലക്ഷം രൂപയാണ് ബാങ്കിൻെറ അംഗീകൃത മൂലധനം 4,42,008.50 രീപയാണ് ബാങ്കിൽ പിരിഞ്ഞുകിട്ടിയ മൂലധനമായി നിലനിൽക്കുന്നത്. 1 ലക്ഷം രൂപയുടെ സർക്കാർ മൂലധനം ആണ് ബാങ്കിൽ ഉള്ളത്.

33 ലക്ഷത്തി 70 ആയിരം രൂപ ദീർഘകാല സ്ഥിര നിക്ഷേപമായി ജനങ്ങളിൽ നിന്ന് സ്വരൂപിച്ചിട്ടുണ്ട്. 5 ലക്ഷത്തി 30 ആയിരം ഹ്രസ്വകാല നിക്ഷേപവും ഉണ്ട്. കാർഷിക വായ്പയിൽ പ്രവർത്തന മേഖല കേന്ദ്രീകരിച്ചാണ് ബാങ്ക് പ്രവർത്തിക്കുഃത്.

കാർഷിക രംഗത്ത് 5,40,00,181 രൂപയും കാർഷികേന്ദ്ര രംഗത്ത് 21,81,492 രൂപയും വായ്പ നൽകിയിരിക്കുന്നു. കാലാവധി അവസാനിച്ച ശേഷവും തിരിച്ചടവു വരാത്ത 49,45,396 രൂപ വായ്പ കുടുശ്ശിക നിലിൽക്കുന്നു. ഈ ബാങ്കിന് പരമാവധി കടമെടുക്കാവുന്ന സംഖ്യ 2 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ വർഷം എസ്ററാബ്ലിഷ്മെൻറ് ചിലവമ 12, 44,391 രൂപയാണ്. ശ്രീ. ഗോവിന്ദൻ കുട്ടമേനോൻ പ്രസിഡൻറായ ഒമ്പതംഗ ഡയറക്ടർ ബോർഡാണ് ബാങ്കിൻെറ ഇപ്പോഴത്തെ ഭരണ സമിതി.

പഞ്ചായത്തിൽ കോഴിക്കരയിൽ സഹകരണ ബാങ്ക് ഒരു പുതിയ ബ്രാഞ്ച് ആരംഭിച്ചിരിക്കുന്നു. രാസവള വിതരണത്തിനും കീടനാശിനികളുടെ വിൽപ്പനക്കും ആവശ്യമായ ഗോഡോൺ ബാങ്കിൻെറ കീഴിൽ നടത്തിവരുന്നു. തുണിത്തരങ്ങളുടെ വിപണ കേന്ദ്രവും ഓണചന്തയും ബാങ്ക് നടത്തിവരുന്ന ഇതര പ്രവർത്തന മേഖലകളാണ്.

പ്രശ്നങ്ങൾ:

മെമ്പർ ഷിപ്പ് വിതരണത്തിൽ വളരെ വിശാലമായ ഒരു കാഴ്ചപാട് വിച്ച് പുലർത്താൻ അധികൃതർ വൈമനസ്യം കാണിക്കുന്ന പ്രവണത നിലനൽക്കുന്നുണ്ട്. ഇതു മൂലം അർഹതപ്പെട്ടവർ മുഴുവൻ സഹകരണ പ്രസ്ഥാനത്തിൻെറ കീഴിൽ വരാതിരിക്കുകയും വിശാലമായ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്ന പ്രക്രിയ തടസ്സപെടുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ:

1. സഹകരണ സംഘം വഴി എടുക്കുന്ന വായ്പകൾ കർഷകർ ഉൽപ്പന്നങ്ങൾ മാർക്കററിംങ്ങ് സെസൈററി വഴി വിർപ്പന നടത്താൻ നിർദ്ദേശം നൽകിയാൽ വായ്പാ സംഖ്യ തിരിച്ചടവിൽ കാര്യമായ വീഴ്ച വരാതെ പ്രശ്നം പരിഹരിക്കാൻ കഴിയും

2. വായ്പാ നിബന്ധനകൾ ലളിത വൽക്കരിക്കുക അത്യാവശ്യമാണ്.

3. ദുർബലജനവിഭാഗങ്ങളെ കൂടി ഉൾകൊള്ളിച്ച് സംഘം പ്രവർത്തനം വിശാലമാക്കണം.

4. നാമമാത്ര കർഷകരെ ഉൾകൊള്ളുന്ന ഒരു പ്രവർത്തന രീതി സഹകരണ സംഘം ആരംഭിക്കണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു വായ്പേതര സഹകരണ പ്രസ്ഥാനമാണ് കുമരനെല്ലൂർ സഹകരണ മാർക്കററിംങ്ങ് സൊസൈററി 1.7.1946ന് ആരംഭിച്ച 4000 ആംഗങ്ങൾ ഉള്ള ഈ സഹകരണ സംഘത്തിൽ 4,92,000 രൂപയുടെ സർക്കാർ ഓഹരി മൂലധനമുണ്ട്. ശ്രീ. നാരായണൻ മാസ്ററർ പ്രസിഡൻറായ ഒമ്പതംഗ ഡയറക്ടർ ബോർഡാണ് ഭരണസമിതി.

പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം വ്യക്തിഗതം 70550 രൂപയും അംഗീകൃത സഹകരണ സംഘങ്ങളിൽ നിന്നുമുള്ള ഓഹരി മൂലധനം 23210 രൂപയും ആണ്. സഹകരണസംഘങ്ങൾ വഴിയുള്ള ഓഹരികൾ, വ്യക്തികളുടെ ഓഹരികൾ, ഗവൺമെൻെറ് ഓഹരികൾ, നോമിനൽ ഓഹരികൾ, എന്നീ ക്രമത്തിലാണ് ഓഹരി മൂലധനത്തെ എ. ബി. സി. ഡി. ഇ. ക്ലാസ്സ് ഷെയറുകൾ യഥാക്രമം തരം തിരിച്ചിരിക്കുന്നു.

പ്രവർത്തന മൂലധനത്തിൻെറ 10 ഇരട്ടി കടമായി വാങ്ങാൻ ഈ സഹകരണ സംഘത്തിന് അർഹതയുണ്ട്. തൃത്താല ബ്ലോക്ക് പ്രവൃത്തന മേഖലയായ ഈ സഹകരണ സംഘം 9 ലക്ഷം രൂപ വായ്പ സ്വരൂപിച്ചിട്ടുണ്ട്. കാർഷിക ഹ്രസ്വകാല വായ്പകൾ നൽകിയതിൽ 14,409 രൂപ സംഘത്തിലേക്ക് തിരിച്ചടവുവരാൻ ബാക്കിയുണ്ട്. കൊപ്ര, അടക്ക, എന്നീ കാർഷിക വിഭവങ്ങൾ സംഭരിച്ച് സംസ്കരിക്കുകയാണ് സംഘം നടത്തുന്ന സുപ്രധാന പ്രവർത്തനം.

പ്രശ്നങ്ങൾ

1. മാറിവരുന്ന സർക്കാരുകളുടെ നയവ്യതിയാനം സംഘത്തിൻെറ പ്രവർത്തനത്തെ പലപ്പോഴും നിയന്ത്രിക്കുന്ന ഘടകങ്ങളാണ്.

2. സർക്കാർ നിയന്ത്രണമുള്ള സ്ഥാപനം ആയതിനാൽ നിയമാനുസൃതമായ നികുതി നിയന്ത്രണങ്ങൾ നിർബന്ധമായും പാലിക്കാൻ ബാധ്യസ്ഥമാക്കുന്നു. സ്വകാര്യ വ്യക്തികൾ വ്യാപരത്തിൽ നടത്തുന്ന നികുതി തിരിമറികൾ സാധ്യമല്ലാത്തതിനാൽ ലാഭവിഹിതം വളരെ കുറയുന്നു.

3. മാർക്കററിൽ വരുന്ന വില വ്യതിയാനങ്ങൾക്ക് അനുസരിച്ച് ധൃതഗതിയിൽ വിൽക്കൽ_വാങ്ങൽ പ്രക്രിയ നടത്താൻ നിയമ തടസ്സമുള്ളതിനാൽ നഷ്ട സാധ്യത വർദ്ധിക്കുന്നു. സഹകരണ സംഘം നിയമമനുസരിച്ച് നടപടി ക്രമം സ്വീകരിക്കേണ്ടിവരുന്നതിനാൽ ഉയർന്ന് വിലയ്ക്ക് സധനങ്ങൾ വിൽപ്പന നടത്താൻ കഴിയാതെ വരുന്നു.

പരിഹാരമാർഗ്ഗങ്ങൾ:

1. വിൽക്കൽ_വാങ്ങൽ പ്രക്രിയിൽ നടപടി ക്രമങ്ങൾക്ക് അയവു വരുത്തുക

2. പ്രാഥമിക സഹകരണ ബാങ്കുമായി ബന്ധപ്പെടുത്തി വിൽക്കൽ വാങ്ങൽ പുനർസംഘടിപ്പിക്കുക

3. വിതരണരംഗം നിലനിർത്തി ഉൽപാദന പ്രക്രിയ്ക്കു കൂടി സംഘത്തിൻെറ പ്രവർത്തനം വ്യാപിപ്പിക്കണം.

കപ്പൂർ പഞ്ചായത്ത് പ്രവർത്തന മേഖലയാക്കിയാൽ തൃത്താല ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘത്തിൽ നിന്ന് വായ്പ ഉപയോഗപ്പെടുത്തിയ പഞ്ചായത്തിൽ ഒട്ടനവധി ഗുണഭോക്താക്കൾ ഉണ്ട്. 1979ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത സഹകരണ സംഘത്തിൽ 745 അംഗങ്ങളും 8,99,650 രൂപ പിരിഞ്ഞു കിട്ടിയ മൂലധനവും ഉണ്ട്.

46പേർ ബ്ലോക്ക് ഭവന നിർമ്മാണസഹകരണ സംഘത്തിൽ നിന്ന് ഭവന നിർമ്മാണത്തിനായി വായ്പ വാങ്ങിയതിൽ 8 പേർ ദുർബല ജനവിഭാഗത്തിൽ പെടുന്നു. 15,21,000 രൂപ ജനറൽ വിഭാഗത്തിനും 1,33,000 ദുർബല വിഭാത്തിലും പെട്ടവർക്ക് കപ്പൂർ പഞ്ചായത്തിൽ ഉൾപ്പെടുന്നവർക്ക് ഭവന നിർമ്മാണ വായ്പ കൊടുത്തിണ്ടുണ്ട്. ഇരു വിഭാഗത്തിലുമായി 1,50,200 രൂപ വായ്പ കുടിശ്ശിക വരുത്തിയിരിക്കുന്നു.

കപ്പൂർ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രവർത്തനമേഖലയുള്ള മറെറാരു സഹകരണ സംഘമാണ് പട്ടിത്തറ പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘം. 1981ൽ 857 പേർ അംഗങ്ങളായി ആരംഭിച്ച സഹകരണ സംഘത്തിൻെറ പിരിഞ്ഞുകിട്ടിയ മൂലധനം 52,752 രൂപ ആകുന്നു. ഗുണഭോക്താക്കൾക്കായി ഹ്രസ്വകാല ദീർഘകാല വായ്പകൾ ഈപഞ്ചായത്തിൽ സംഘം വിതരണം ചെയ്തിരിക്കുന്നു.

പാലക്കാട് ജില്ലമുഴുവൻ പ്രവർത്തന മേഖലയായ ജില്ലയിലെ ഏററവും വലിയ സഹകരണ പ്രസ്ഥാനമാണ് ജില്ലാ സഹകരണ ബാങ്ക് പഞ്ചായത്തിൽ ജില്ലാ സഹകരണ ബാങ്കിൽ ശാഖകളില്ലെങ്കിലും കുററനാട് ഒരു ശാഖ നിലനിൽക്കുന്നു. ഇതൊരു വായ്പാ സഹകരണ സംഘമാണ്.

പഞ്ചായത്തതിർത്തിയിൽ ഈ സഹകരണ ബാങ്ക് വിവിധ മേഖലളിൽ നൽകിയ വായ്പാ വിവരണം താഴെ കൊടുക്കുന്നു.

വാഹന വായ്പ
1,19,392

ഭവന നിർമ്മാണ വായ്പ
4,93,718

മററുവായ്പകൾ
1,25,800

ഓവർഡ്രഫ്ററ്
4,31,780

ഒററപ്പാലംപ്രാഥമിക സഹകരണ കാർഷിക വികസന ബാങ്ക് കപ്പൂർ പഞ്ചായത്തും പ്രവർത്തന മേഖലയായ മറെറാരു സഹകരണ സ്ഥാപനമാണ് വായ്പാ സഹകരണസംഘമായ ഈ സ്ഥാപനം പഞ്ചായത്തിലെ ഉപഭോക്താക്കളായവർക്ക 10,73,000 രൂപ ഭവന നിർമ്മാണ വായ്പ നൽകിയിരിക്കുന്നു കാർഷികേതര വായ്പ 7,68,000 രൂപയും പദ്ധതി വായ്പ 7,27,498 രൂപയും സാധാരണ വായമപകൾ 2,06,900 രൂപയും ഈ സഹകരണ സംഘം പഞ്ചായത്തിൻെറ മേഖലകളിൽ വിതരണം ചെയ്തിട്ടുണ്ട്. ഒററപ്പാലം പ്രാഥമിക കാർഷിക വികസന

സഹകരണസംഘം പഞ്ചായത്ത് അർത്തിയിൽ ആകെ വിതരണങ്ങൾ ചെയ്ത വായ്പ തുക 27,75,398 രൂപയാണ്ൻ.

ഗോകലേ ഗവൺൻെറ് ഹൈസ്കൂൾ സ്ററൂഡൻസ് സഹകരണ സംഘമാണ് പടായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന മറെറാരു സഹകരണസ്ഥാപനം20/7/1977ൽ പ്രവർത്തനം ആരംഭിച്ച ഈ സഹകരണ സ്ഥാപനത്തിൽ 3763 ബി ക്ലാസ്സ് ഷെയറുകളും 117 എ.ക്ലാസ്സ് ഷെയറുകളും പ്രവർത്തന മൂലധനമായി വരുന്ന സംഖ്യ 4348 രൂപയാണ്. 2500 രൂപയുടെ സർക്കാർ ഓഹരി ഈ സഹകരണ സ്ഥാപനത്തിന് ഉണ്ട്. 25,000 രൂപവരെ പരാവധി വായ്പ എടുക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. 600 രൂപ എസ്ററാബ്ലിഷ്മെൻറ് ചിലവുകളും 100 രൂപ കൻറിൻജൻസി ചിലവും വരുന്ന സ്ഥാപനം നടത്തുന്ന പ്രവർത്തനം ടെസ്ററ് ബുക്കുകളുടെയും സ്റേറഷനറി സാധനങ്ങളുടെയും വിതരണം ആണ്

സാധ്യതകൾ

പ്രാഥമിക സഹകരണ സംഘം അടക്കം സഹകരണ സംഘങ്ങളിൽ വായ്പയ്ക്ക് അപേക്ഷിക്കാൻ നിരവധി വ്യവസ്ഥകളും ഉപാധികളും പൂർത്തീകരിക്കേണ്ടിവരുമെന്നത് സാധാരണകാർക്ക് നിരവധി പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

ദുർബല ജനവിഭാഗങ്ങളെ ഉദ്ദേശിക്കുന്ന ഭവന നിർൻമ്മാണ പദ്ധതി വിരളമാണ്. ഇടത്തരം വരുമാനത്തിൽ പെടുന്നവരെയാണ് പ്രധാനമായും ഇത്തര ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഉൾകൊള്ളാൻ കഴിയുന്നത്. നിരവധി പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് വായ്പ ലഭിക്കാൻ ദീർഘ സമയം ആവശ്യമാണെന്നത്; സഹകരണ സംഘങ്ങളെ ആശ്രയിക്കാനമുള്ള താത്പര്യം ഇല്ലാതാക്കുന്നുണ്ട്. ഉയർന്ന പലിശ നിരക്ക് താഴ്ന്ന വരുമാനത്തിൽ പെട്ടവർക്ക് താങ്ങാൻ കഴിയാതെ വരുന്നു. വായ്പകളുടെ വ്യവസ്ഥകളും ഉപാധികളും ലഘൂകരിക്കാൻ കഴുയുമ്പോൾ ആണ് ദരിദ്ര ജന വിഭാഗങ്ങളെ സഹകരണ സംഘ പ്രസ്ഥാനവുമായി അടുപ്പിക്കാൻ കഴിനുന്നത്. പതിനെട്ട് വയസ്സ് പൂർത്തീകരിച്ച എതൊരാൾക്കും അയാൾ സഹകരണ സംഘം അംഗത്വം എടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അംഗത്വം നൽകാൻ വ്യവസ്ഥ ആവശ്യമാണ്.

വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന ചർച്ചകളെ പരിശോധിച്ചാൽ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാന സാധ്യതയെ ഗുണപരമായി ഉപയോഗിക്കാൻ കഴിഞ്ഞില്ല ന്നമ വ്യക്തമാക്കും. ഉൽപാദന വിതരണ മേഖലകളിൽ മാനവശേഷിയെ ഫലവത്തായി ഉപയോഗിക്കാൻ ഗ്രാമീണ മനുസ്സുകളിലേക്ക് ആവാഹിക്കാൻ ശക്തമായ പ്രവർത്തനം ആവശ്യമാണ് എന്ന് ചൂണ്ടിക്കാണിക്കപെടുന്നു.

പശുവളർത്തൽ ലാഭകരമാകാതിരിക്കാൻ പ്രധാനകാരണം പാൽ സംഭര വിതരണ രംഗത്ത് അപാകതയാണെന്ന് ഗ്രമ സഭകൾ ചർണ്ടിക്കാണിച്ചു. ക്ഷീര സഹകരണ സംഘം രൂപീകരിച്ച് പാലിൻെറ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാനും അതു വഴി ക്ഷീരോത്പാദനം വർദ്ധിപ്പിക്കാനും കഴിയും കാലിത്തീററയുടെ ഉത്പാദന വിതരണ മേഘലയുമായി ബന്ധിപ്പിച്ച് സഹകരണ പ്രസ്ഥാനത്തിന് നിരവധി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. കൊപ്ര സംസ്കരണത്തിൽ നിന്നും ലഭിക്കുന്ന പിണ്ണാക്കും പഞ്ചായത്തിലെ വിവിധ

അരിമില്ലുകളിൽ നിന്നും ശേഖരിക്കാവുന്ന തവിടും, മരച്ചീനി കൃഷി വ്യാപിപ്പിച്ച് മരച്ചീനിയും ഉപയോഗിച്ച് കാലിത്തീററ നിർമ്മാണ കേന്ദ്രം സഹകരണ മേഖലയിൽ ആരംഭിക്കാൻ സാധ്യത നിലനിൽക്കുന്നുള്ളു. ഇത്തരം പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞാൽ ക്ഷീരോത്പാദന രംഗത്ത് അൽഭുതങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തിന് കഴിയും.

ചെങ്കൽ കിരങ്കൽ തൊഴിലാളികൾ ധാരാളം ജോലിചെയ്യുന്ന മേഖലയാണ് പഞ്ചായത്ത് കാഞ്ഞിരത്താണി, പറകുളം മേഖലകളിൽ കാണുന്ന വിശാലമായ കരിങ്കൽ ശേഖരവും മററ് മേഖലകളിലെ ചെങ്കല്ലും ആധുനിക യന്ത്ര വൽക്കരണത്തിലൂടെ ഒരു വ്യവസായമായി വളർത്തികൊണ്ടുവരാൻ കഴിയും സഹകരണ പ്രസ്ഥാനത്തിലൂടെ ഇത്തരം യന്ത്രവൽക്കരണം നടത്തുമ്പോൾ സ്വകാര്യ വ്യക്തികളുടെ ചൂഷണ് ഇല്ലാതാക്കാൻ കഴിയും. പഞ്ചായത്തിൽ പ്രധാനോൽപന്നങ്ങളായ അടക്കയും നാളികേരവും ഭൂരിപക്ഷവും സൻകാര്യ വ്യക്തികളാണ് ഇന്ന് സംഭരിച്ച് സംസ്കരിക്കുന്നത്. ആ പ്രവർത്തനം പഞ്ചായത്തിന് പ്രധാനമായും നടക്കുന്നത്. അടക്ക പ്രാഥമിക സംസ്കരണ പ്രക്രിയ മാത്രമാണ് കേരളത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. രണ്ടാംഘട്ട സംസ്കരണം കാര്യമായി നടക്കുന്നത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാണ്. അടക്ക ഉൽപന്നമായ പാക്കുകൾക്ക് മാർക്കററായി കേരളത്തെ വളർത്തികൊണ്ടുവരാൻ ശ്രമിച്ചു വരുന്നു. നമ്മുടെ പഞ്ചായത്തിൽ അടക്കയുടെ സംസ്കരണവും ഉൽപന്നങ്ങളായി മാററലും നടത്തിയാൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ സഹായകരമായിരിക്കും സഹകരണ പ്രസ്ഥാനങ്ങൾക്ക് ആസൂത്രിതമായ പ്രവർത്തനം നടത്തിയാൽ ഈ രംഗത്ത് നേട്ടങ്ങൾ കൊയ്യാൻ കഴിയും.

കാൽകുലേററർ, റേഡിയോ, ഇലക്ട്രോണിക് വാച്ച്, കുട്ടികളുടെ കളികോപ്പുകൾ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് വലിയ മാർക്കററ് നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത്തരം സഹകരണ സംഘം സ്ഥാപിച്ച് വേണ്ടത്ര പരിശീലനം നൽകിയാൽ കേരളത്തിലെ ദിനേശ് ബീഡി സഹകരണ സംഘം പോലെ ഒരു ജനകീയ പ്രസ്ഥാനമായി അതിനെ മാററാൻ കഴിയും.

പലവ്യഞ്ജന കടകൾ കറിപൗഡറുകളുടെ നിർമ്മാണം തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ സാധ്യതയുള്ള മേഖലകളാണ്. പാടശേഖരം സമിതികൾ, കേരസംരക്ഷണ സമിതികൾ, കവുങ്ങ് സംരക്ഷണം എന്നിവയെ കൂടി സഹകരണ ശൃംഘലയുമായി കോർത്തിണക്കാൻ കഴിഞ്ഞാൽ ഉൽപാദനരംഗത്ത് കാര്യമായ നേട്ടമുണ്ടാക്കാൻ കഴിയും.

## 3.7 പട്ടിക ജാതി, പട്ടിക വർഗ്ഗം

കപ്പൂർ പഞ്ചായത്തിലെ ജനസംഖ്യയുടെ 1352% പട്ടിക ജാതി വിഭാഗത്തിൽ പെടുന്നു. വിവിധ പ്രദേശങ്ങളിലായും കോളനികളിലായും ആണ് ഇവർ താമസിക്കുന്നത്. ഈ വിഭാഗത്തിൽ പെടുന്ന 80 ശതമാനം പേരും ദാരിദ്ര്യ രേഖക്കു താഴെയുള്ളവരാണ്. പട്ടിക ജാതി വിഭാഗത്തിൻെറ അഭിവൃദ്ധിയെ കരുതി നിരവതി പദ്ധതികൾ നടപ്പിലാക്കിയ തായി രേഖകളിൽ കാണുന്നുവെങ്കിലും ഇവയുടെ ഫലം യഥാർത്ഥത്തിൽ അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല.

പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നത് കാർഷിക മേഖലയിലാണ്. കല്ലുവെട്ടു തൊഴിലാളികളും മുളകൊണ്ടുള്ള വസ്തുക്കൾ നിർമ്മിക്കുന്നവരും ഈ വിഭാഗത്തിൽ പെട്ടവരായുണ്ട്. ഈ പഞ്ചായത്തിലെ സർക്കാർ ജീവനക്കാരിൽ വളരെ ചരുങ്ങിയ ശതമാനമേ പട്ടിത ജാതിയിൽ പെടുന്നുള്ളൂ. വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളിൽ പട്ടിക ജാതിയിൽ പെടുന്ന കുട്ടികൾ ധാരാളമുണ്ടെങ്കിലും ഉന്നത നിലവാരം പുലർത്തി പഠനം പൂർത്തിയാക്കുന്നവരുടെ എണ്ണം വിരളമാണെന്ന് പറയേണ്ടിവരും. സാമീഹ്യ സാമ്പത്തിക രംഗങ്ങളഊലെ പുരോഗതിയിലൂടെ മാത്രമേ ഇതിനൊരു മാറ്റം വരുത്താൻ കഴിയുകയുള്ളൂ.

പട്ടിക ജാതിയിൽ പെട്ടവർ താമസിക്കുന്ന 35 കോളനികൾ ഈ പഞ്ചായത്തിലുണ്ട്. ഈ കോളനികൾ പലതും അടിസ്ഥാനാവശ്യങ്ങ നിറവേറ്റി കഴിഞ്ഞിട്ടില്ല. 29 കോളനികളേ വൈദ്യുതീ കരിക്കപ്പെട്ടിട്ടുള്ളൂ.

| | കോളനിയുടെ പേര് | വാർഡ് |
|---|---|---|
| 1 | കല്ലടത്തൂർ ചുള്ളപ്പടി | 1 |
| 2 | കല്ലടത്തൂർ പറയൽ | 1 |
| 3 | കല്ലടത്തൂർ മഠത്തിൽകുഴി | 1 |
| 4 | ചേക്കോട് പറമ്പേനി | 1 |
| 5 | കളത്തിൽ വളപ്പിൽ | 1 |
| | കോളനിയുടെ പേര് | വാർഡ് |
| 6 | കോലോത്ത് പറമ്പ് | 2 |
| 7 | വെള്ളാളൂർ ചേക്കോട്ടിപറമ്പ് | 2 |
| 8 | വെള്ളാളൂർ കോടിക്കുന്ന് | 2 |
| 9 | മാരിപ്പറമ്പ് | 2 |
| 10 | ചേക്കോട് ഒഴുക്കപ്പാറക്കുന്ന് | 2 |
| 11 | കണ്ണാന്തളിക്കുന്ന് | 3 |
| 12 | വേഴൂർ കുന്ന് | 3 |
| 13 | കിഴക്കേക്കര കുന്ന് | 4 |
| 14 | മണ്ണം കുന്ന് | 4 |
| 15 | മാടക്കാട് പറയൻ | 4 |
| 16 | കള്ളിക്കുന്ന് | 4 |
| 17 | മണ്ണം കുന്ന് | 5 |
| 18 | മാവറ പറയൻ | 5 |
| 19 | വാരിയത്തു പടി | 5 |
| 20 | പനാഞ്ചേരി | 6 |
| 21 | കാരോട്ടു പറമ്പ് | 6 |
| 22 | അക്കിത്തത്തിൻ പടി | 6 |
| 23 | അക്കിത്തത്തിൻ പടി പറയൻ | 6 |
| 24 | കൊള്ളനൂർ | 7 |
| 25 | ഞാവൽ കാട് | 7 |
| 26 | എറവക്കാട് കോളനി | 8 |
| 27 | വട്ടക്കുന്ന് രാജീവ് ദശലക്ഷം | 8 |
| 28 | വട്ടക്കുന്ന് നാല് സെൻറ് | 8 |
| 29 | കൊഴിക്കര കിഴക്കേക്കുന്ന് | 9 |
| 30 | ഉദിനം പറമ്പ് | 9 |
| 31 | കൊഴിക്കര പറയൻ | 9 |

32 അപ്പനത്തു കോളനി 10
33 പള്ളങ്ങാട്ടു ചിറ 10
34 തങ്ങൾ പടി 10

35 മയിലാടിക്കുന്ന് 11

പ്രശ്നങ്ങൾ

i. കാർഷിക രംഗത്തെ തളർച്ച ഈ വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികളെ തൊഴിൽ രഹിതരാക്കുന്നു.

ii. കോളനികളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

iii. അനാചാരങ്ങളും അന്ധവിശ്വാസ ങ്ങളും നിലനിൽക്കുന്നു.

iv. പരമ്പരാഗത വ്യവസായങ്ങൾ തകർന്നു പോയിരിക്കുന്നു.

v. മൂന്നാം വാർഡിലെ ഹരിജൻ വെൽഫയർ ഹോസ്റ്റൽ കുടിവെള്ള ക്ഷാമം മൂലം അടച്ചു പൂട്ടിയിരിക്കുന്നു.

vi. മദ്യപാനവും മയക്കുമരുന്നും ഒരു ശീലമാക്കിയ വളരെയധികം പേരുണ്ട്.

vii. ആരോഗ്യപരമായ ചുറ്റുപാടുകളല്ല പല വാസസ്ഥലങ്ങളിലുമുള്ളത്.

viii. ഗതാഗത സൗകര്യവും വൈദ്യുതി ക്ഷാമവും കോളനികൾക്ക് പ്രശ്നമാകുന്നു ണ്ട്.

ix. ഇന്ധനക്ഷാമം വളരെയധികം പ്രശ്നമാകുന്നു.

സാധ്യതകൾ

i. ഒന്നാം വാർഡിൽ ഒരു ഹരിജൻ വെൽഫയർ സ്ക്കൂൾ സ്ഥാപിക്കുന്നത് പട്ടിക ജാതി വിഭാഗത്തിൻെറ വിദ്യഭ്യാസത്തെ സഹായിക്കും.

ii. ഒരു ഹരിജൻ വെൽഫയർ സൊസൈറ്റി രൂപീകരിച്ച് പരമ്പരാഗത വ്യവസായങ്ങൾക്ക് സംരക്ഷണം നൽകാം.

iii. ഹരിജൻ വെൽഫയർ ഹോസ്റ്റൽ തൊഴിൽ സ്ഥാപനമാക്കി മാറ്റാം.

iv. വീടും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതിൻെറ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്താം.

v. ആരോഗ്യവകുപ്പിൻെറ സേവനം എല്ലാവർക്കും ലഭ്യമാക്കുന്ന രീതിയിൽ വാർഡുകളിലേക്ക് വ്യപിപ്പിക്കാൻ പഞ്ചായത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

vi. കല്ലുവെട്ടു തൊഴിലാളികളുടെ സംഘങ്ങൾ രൂപീകരിച്ച് അവർ വെട്ടയെടു ക്കുന്ന കല്ലിന് വിപണന സൗകര്യം ഉണ്ടാക്കുകയാണെങ്കിൽ അത് തൊഴിൽ സാധ്യതയും കല്ലിൻെറ ലഭ്യതയും വർദ്ധിപ്പിക്കും.

vii. പായ നെയ്ത്ത്, കുട നിർമ്മാണം എന്നിവ വനിതാ സംഘങ്ങളെ ഏല്പിക്കാവു ന്നതാണ്.

viii. പഠനത്തിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകുന്നതി നുള്ള ശ്രമം നടത്താവുന്നതാണ്. ഇതിനായി അഭ്യസ്ഥവിദ്യരായ യുവാക്കളുടെ ഒരു സംഘം രൂപീകരിക്കാം.

ix. ഒരു വാർഡിൽ ഒരു കേന്ദ്രം എന്ന നിലക്ക് അനൗപചാരിക വിദ്യഭ്യാസത്തിന് കേന്ദ്രങ്ങൾ ഉണ്ടാക്കാവുന്നതാണ്.

". കുടിവെള്ളം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ എന്നിവക്കായി പഞ്ചായത്ത് അടിയന്തിര ശ്രദ്ധ ചെലുത്തണം.

xxxi. ചിലവു കുറഞ്ഞ പുകയില്ലാത്ത അടുപ്പു കൾ സ്ഥാപിച്ചു കൊടുക്കാൻ ശ്രദ്ധ വേണം.

# വിഭവസമാഹരണം

നമ്മുടെ ഗ്രാമം അതീവ ഗുരുതരമായ ഒരു പ്രതിസന്ധിയിലാണ്. കാർഷികരംഗത്തും, വ്യവസായികരംഗത്തും നാം അനുഭവിക്കുന്ന മുരടിപ്പ് മുറിച്ചു കടന്ന് ഗ്രാമത്തിൻെറ മുഖച്ഛായ മാറ്റാൻ വിഭവങ്ങൾ സമാഹരിക്കാൻ പുതിയ മാർഗ്ഗങ്ങൾ നാം കണ്ടെത്താൻ ബാധ്യതപ്പെട്ടിരിക്കുന്നു.

കൃഷി ഭൂമി കൈമാറ്റ ഉത്പന്നമായി മാറ്റപ്പെടുന്ന ഒരു അവസ്ഥയിലാണ് നാം എത്തിയിരിക്കുന്നത്. ഭൂമി തുടർച്ചയായി തരിശിടുന്ന പ്രവണതയിലേക്ക് കർഷകർ എത്തിയിരിക്കുന്നു.

കാർഷിക ഉൽപന്നങ്ങളുടെ തുടർച്ചയായ വിലയിടിവും സർക്കാരുകളുടെ നിസ്സഹായവസ്ഥയും ഉൽപാദന രംഗത്ത് വർദ്ധിച്ചു വരുന്ന ചിലവും കാർഷികവൃത്തിയിൽ നിന്ന് ജനങ്ങളെ പുറകോട്ടടുപ്പിക്കുന്ന ഘടകങ്ങളാണ്. ഗൾഫ് മലയാളികൾ നാട്ടിലേക്കയക്കുന്ന പണത്തെ ആശ്രയിച്ച് മാത്രം ജീവിതം ചിട്ടപ്പെടുത്തുന്ന ഒരു തലമുറയുടെ സംസ്കാരം നാം സ്വീകരിച്ചു വരുന്നു.

വ്യവസായിക രംഗത്ത് കപ്പൂർ പഞ്ചായത്ത് വർഷങ്ങളായി യാതോരു നേട്ടവും ഉണ്ടാക്കിയിട്ടില്ല അഥവാ നമ്മുടെ പഞ്ചായത്തിൽ ചെറുകിട, വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല എന്ന താണ് പ്രശ്നം. രണ്ട് ക്രഷർ യൂണിറ്റുകളും നാമമാത്രമായി പ്രവർത്തിക്കുന്ന ചില ഫർണിച്ചർ യൂണിറ്റുകളുമാണ് വ്യവസായിക രംഗത്ത് നമ്മുടെ സമ്പത്ത്. നാമമാത്രമായ തൊഴിലാളികളെ മാത്രം ഉൾക്കൊള്ളാൻ കഴിയുന്ന യൂണിറ്റുകളാണ് ഇവ.

വ്യവസായിക രംഗത്ത് ഒരു കുതിച്ചു കയറ്റം ഉണ്ടാക്കാൻ ശ്രമകരമായ ഒരു അദ്ധ്വാനം ആവശ്യമാണ്. വ്യവസായിക സംരംഭകരെ തിരിച്ചറിയാൻ, പ്രോത്സാഹിപ്പിക്കാൻ നിരവധി ഘടകങ്ങളുടെ സംയുക്തമായ ശ്രമം ആവശ്യമാണ്.

ധനകാര്യസ്ഥാപനങ്ങൾ, വൈദ്യുതി ബോർഡ് എന്നിവയുടെ കലവറയില്ലാത്ത സഹായവും അനിവാര്യമാണ്. വായ്പ ലഭിക്കാനുള്ള പ്രയാസം, വൈദ്യുതി ലഭിക്കാനും, ലഭിച്ചാൽ വോൾട്ടേജ് പ്രശ്നം പരിഹരിക്കാനുള്ള പ്രയാസം എന്നിവ ഈ രംഗത്ത് പുതിയ സംരംഭകരെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളാണ്.

കാർഷിക വ്യവസായിക രംഗത്ത് നിലവിലുള്ള ഈ വെല്ലുവിളികൾ ഏറ്റെടുക്കാൻ ജനകീയാസൂത്രണത്തിനു കഴിയും. കാർഷികമായ ഉൽപാദന വർദ്ധനവ് ഉൽപാദന രംഗത്ത് നിലവിലുള്ള നഷ്ടം നികത്താൻ കഴിയണം. ശാസ്ത്രീയവും കൂട്ടായ്മയോടു കൂടിയതുമായ കൃഷി രീതികൾ അവലംബിച്ചും, ജലസംരക്ഷണ ശേഷി വർദ്ധിപ്പിച്ചും, മണ്ണൊലിപ്പ് തടയുന്നതിന്ന് മാർഗ്ഗങ്ങൾ സ്വീകരിച്ചും ജനകീയ പങ്കാളിത്തത്തോടെ ഈ രംഗത്ത് പുതിയ നീക്കങ്ങൾ നടത്താൻ കഴിയും. തൊഴിൽ സേനയുടെ രൂപീകരണം, ഉൽപന്നങ്ങളുടെ തൊഴിൽ സാധ്യത വർ ദ്ധിപ്പിക്കൽ എന്നിവ ഈ സംരംഭത്തിന് സഹായകരമാക്കും.

വ്യവസായിക രംഗത്ത് സ്ഥായിയായ ഒരു ചലനം സൃഷ്ടിക്കാൻ വിദേശ മലയാളികളുടെ സമ്പാദ്യവും, ധനകാര്യ സ്ഥാപനങ്ങളുടെ സഹായവും, തൊഴിൽ രഹിതരായ യുവാക്കളുടെ കായിക ശേഷിയും ചേർത്തു കൂട്ടായ ഒരു ശ്രമം നടത്തേണ്ടതാണ്.

ഇന്നു നമ്മുടെ പഞ്ചായത്തിലെ

പ്രധാന കൃഷികൾ കവുങ്ങ്, തെങ്ങ്, നെല്ല് എന്നിവയാണ്. വാഴ, കുരുമുളക് എന്നിവ പരിമിതമായി നാം ചെയ്തുവരുന്നു.

കവുങ്ങ്, തെങ്ങ് എന്നീ ദീർഘ കാല വിളകൾ കൃഷി ചെയ്യുമ്പോൾ തൈ ഉൽപാദന രംഗത്തെ അജ്ഞതകൊണ്ടും, അശാസ്ത്രീയ കൃഷി രീതി കാരണവും ലാഭകരമല്ലാതാക്കുന്ന സ്ഥിതി നിലവി ലുണ്ട്.

വിത്തുകൾ സംഭരിക്കുമ്പോൾ മാതൃ വൃക്ഷത്തിൻെറ ഗുണമേൻമകൾ പരിശോധിക്കപ്പെടാതിരിക്കുകയും തൈകൾ തമ്മിൽ അകലം ശാസ്ത്രീയാടിസ്ഥാനത്തിൽ പാലിക്കപ്പെടാതിരിക്കുക എന്നിവ ഉൽപന്നങ്ങളുടെ ഉൽപാദനത്തെ ദോഷക രമായി ബാധിക്കുന്നു.

വാഴ,പച്ചക്കറി,കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയുടെ കൃഷിരംഗത്ത് നാം സമീപകാലത്ത് വളരെ പുറകോട്ട് പോയിരിക്കുന്നു. ഇത്തരം കൃഷിയുടെ രംഗത്ത് വളരെ ദൂരം മുന്നോട്ട് പോകാൻ നാം നിർ ബന്ധിക്കപ്പെടുകയും ചെയ്യുന്നു. ഭൂമി തരിശിടുന്നത് ഒഴിവാക്കാൻ ജനകീയ സമിതികളുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാക്കുകയും വേണം. കാർഷികരംഗത്തെ പുരോഗതിക്ക് കൃഷിഭവനുകളുടെ സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്തുകയും വേണം. നിലവിലുള്ള കാർഷികവരുമാനം ഒരുവർഷത്തിനുള്ളിൽ ഇരട്ടിയാക്കാൻ കഴിയും. അതിന് നമ്മുടെ വിവിധ മേഖലകളുടെ വരുമാനത്തെക്കുറിച്ച് ഒരു ധാരണ ഉണ്ടാക്കണം. ഉദ്ദേശിച്ച പുരോഗതി കൈവരിക്കുമ്പോൾ വിഭവ സമാഹരണ രംഗത്ത് അതിൻെറ പ്രതിഫലനമുണ്ടാകും. കന്നുകാലികൾ കോഴിവളർത്തൽ എന്നിവയും ജീവിതോപാധിയായി സ്വീകരിക്കാവുന്ന താണ്. ഈ രംഗത്ത് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. പ സർക്കാർ ഗ്രാൻറുകൾക്ക് ഇന്നും ഭരണാധികാരികളെ സ്വാധീനിക്കേണ്ടതുണ്ട്. വിവേചനപൂർണ്ണമായ ഈ നിലപാട് മാറ്റിക്കൊടുക്കുന്നതിന്ന് നിയമ ഭേദഗതികൾ കൊണ്ടു വരണം. നികുതി പിരിക്കുന്ന മേഖലകളിൽ നിന്നുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ കഴിയണം. സ്റ്റാമ്പ് ഡ്യൂട്ടി, വാഹന നികുതി എന്നിവ മൂന്നും നാലും കൊല്ലങ്ങൾ കഴിഞ്ഞാണ് പഞ്ചായത്ത് വിഹിതം ലഭിക്കുന്നത്. ഇത് പഞ്ചായ ത്തിന്ന് ലഭിക്കേണ്ട വിഹിതം തെറ്റിക്കു കയും ചെയ ്യുന്നു. സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പിൽ പഞ്ചായത്തുകൾക്ക് ഫലപ്ര ദമായി ഇടപെടാൻ കഴിയണം. ഡ്യൂട്ടി വെട്ടിപ്പ് തടയുന്നതിന്ന് കരാറുകൾ റെജിസ്റ്റർ ചെയ്യുന്ന വ്യവസ്ഥ കർക്കശ മാക്കുകയും ജനകീയ സമിതികൾക്ക് പരിശോധിക്കാൻ കഴിയുകയും വേണം.

നിലവിലുള്ള നികുതിസമ്പ്രദായ ത്തിൽ യുക്തിസഹജമാക്കുകയും നികുതി കൊടുക്കുന്നത് വഴിപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്ക് നിർവ്വഹിക്കുകയാണ് ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും വേണം. ഇതിന് വാർഡുവികസന സമിതികൾ മുഖേന ബോധനവൽക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ വിവിധ വിഭാഗം നികുതികൾ നൂറുശതമാനം സമയപരിധിക്കുള്ളിൽ പിരിച്ചെടുക്കാൻ കഴിയുന്നില്ല. ജീവനക്കാരുടെ കുറവും ജനങ്ങളുടെ നിസ്സഹകരണവുമെല്ലാം ഇതിന്ന് കാരണങ്ങളാണ്. കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസാണ് ഏറ്റവും കൂടുതൽ വീഴ്ചവരുത്തുന്നത്. ലോൺ എടുക്കേണ്ട ആവശ്യമുള്ളപ്പോൾ മാത്രമേ ലൈസൻസിന് വേണ്ടി സമീപിക്കാറുള്ളൂ. ആ സ്ഥിതി മാറണം. കൂടാതെ തൊഴിൽനികുതി തൊഴിലെടുക്കുന്ന എല്ലാവർക്കും ബാധകമാക്കണം. ഇപ്പോൾ ഗവൺമെന്റ് ശമ്പളക്കാർ മാത്രമാണ് കൃത്യമായി

തൊഴിൽനികുതി അടക്കുന്നത്. കെട്ടിട നികുതി ഗവൺമെൻറിന്റെ നിർദ്ദേശങ്ങ ളുടെ പത്തിൽ ഒരുഭാഗം പോലും ഈടാ ക്കാൻ കഴിയുന്നില്ല. കച്ചവടസ്ഥാപനങ്ങൾ വാടകയുടെ നാലിൽ ഒന്ന് പോലും റിപ്പോർട്ട്
ചെയ്യാറി ല്ല. ഇതിൽ ഫലപ്രദമായി ഇടപെടാൻ കഴിയണം. പൊതുമുതൽ മുടക്കി റോഡ് നിർമ്മാണവും സംരക്ഷണവും നടത്തുമ്പോൾ അത് ഏറ്റവും കൂടുതൽ സൗകര്യം ലഭിക്കുന്നത് കച്ചവടക്കാർക്കാണ്. അതുകൊണ്ട് കച്ചവടസ്ഥാപനങ്ങളുടെ നികുതി വെട്ടിപ്പ് നടത്തുന്നത് വളരെ കുറ്റകരമാണ്. സർവ്വീസ് ടാക്സ് കൂടി പൂർത്തിയാക്കിയ കെട്ടിട നികുതി രംഗത്ത് അപാകതകൾ പരിഹരിച്ചുകൊണ്ട് ചെറിയ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. ഇതിന് ജനങ്ങളുടെ സഹകരണം വളരെ അത്യാവശ്യമാണ്.

വിനോദനികുതികൾ നമ്മുടെ പഞ്ചായത്തിൽ തീരെ ലഭിക്കുന്നില്ല
സിനിമാശാല നിർമ്മിച്ചുകൊണ്ട് പ്രശ്നപരിഹാരത്തിന് യുവാക്കൾ മുന്നോട്ട് വരണം. പഞ്ചായത്തിൽ ഒരു സിനിമാശാലക്ക് വളരെ സാധ്യതകൾ ഉണ്ട്. കലാകായിക വിനോദങ്ങൾ സംഘടിപ്പിച്ച് കൊണ്ട് സാമ്പത്തിക വരുമാനം ഉണ്ടാക്കണം.

നമ്മുടെ പഞ്ചായത്തിൽ കുമരനെല്ലൂരിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും കോഴിക്കരയിൽ അതിൻെറ ശാഖയും പ്രവർത്തിക്കുന്നു. കനറാ ബാങ്കിൻെറ ശാഖയും പഞ്ചായത്തിലുണ്ട് സ്വകാര്യ വ്യക്തികൾ നടത്തുന്ന ധനമിടപാട് സ്ഥാപനങ്ങളും ചരുങ്ങിയ തോതിൽ പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്ന് ശേഖരിക്കുന്ന നിക്ഷേപങ്ങളുടെ 75% നമ്മുടെ പഞ്ചായത്തിൽ തന്നെ വായ്പയായി അനുവദിക്കണം. പഞ്ചായത്തിന് നേരിട്ട് വായ്പ നൽകുന്നതിന്നും, പഞ്ചായത്തുകൾ ശുപാർശ ചെയ്യുന്ന വായ്പകൾ മതിയായ രേഖകളോടെ നൽകാൻ ബാങ്കുകൾ മുന്നോട്ട് വരണം. ഗൾഫ് മലയാളികളുടെ സമ്പാദ്യവും അഭ്യസ്ഥവിദ്യരുടെ കായിക ശേഷിയും സംഘടിപ്പിച്ച് പുതിയ സംരംഭങ്ങൾ വെട്ടിത്തുറക്കാൻ ബാങ്കുകൾ മുന്നോട്ട് വരണം. ഗൾഫ് നാടുകളിൽ നിന്ന് വരുന്ന പണം ഇന്ന് കെട്ടിട നിർമ്മാണത്തിനും വിവാഹാഘോഷങ്ങൾക്കും വേണ്ടി മാത്രമായി ധൂർത്തടിക്കുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലക്ക് പ്രത്യൽപാദന സംരംഭങ്ങൾ കണ്ടെത്തി അതിനെ വേണ്ടവണ്ണം തിരിച്ചു വിടണം. ഭവന നിർമ്മാണ രംഗത്തെയും വിവാഹം തുടങ്ങിയ ആഘോഷങ്ങളുടെയും മത്സരം അവസാനിപ്പിക്കണം. പഞ്ചായത്തിലെ വിവിധ ധനാഗമ മാർഗ്ഗങ്ങൾ പരിഷ്കരിക്കുന്നതോടൊപ്പം നമ്മുടെ പഞ്ചായിലെ മനുഷ്യ വിഭവം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. എലാഗ്രാമസഭകളിലും വിവിധ സംഘടനകൾ മനുഷ്യാധ്വാനം ഗുണം ചെയ്യാൻ തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്. സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അദ്ധ്വാനം സംഭാവന ചെയ്യുക എന്നത് വളരെമഹത്വരസമാകുന്നു.
കാഞ്ഞിരത്താണി പടിഞ്ഞാറങ്ങാടി റോഡിൽ നവംബർ ഒന്നിന് പുനരർപണ ദിനത്തിന് ആ പ്രദേശത്തെ ചെറുപ്പാക്കാർ കാണച്ച മാതൃക എടുത്തു പറണ്ടേതാണ്. നൂറുകണക്കിന് ചെറുപ്പക്കാർ കഠിനാദ്ധ്വാനം ചെയ്ത് മക്കാൽ കിലോമീറ്റർ റോഡ് 4 ദിവസം കൊണ്ട് പൂർത്തിയാക്കി. പതിനായിരക്കണക്കിന് ചിലവു വരുന്ന റോഡ് നിർമ്മാണം ശ്രമദാനമായി ഏറ്റെടുക്കാൻ ധൈര്യം കാണിച്ച ആ ചെറുപ്പക്കാരെ നാം മാതൃകയാക്കണം.

നാഷണൽ സേവിംഗ് സ്കീമുകളുടെ 25% അതാത് പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതിനാൽ മുഴുവൻ ആളുകളും ഈ പദ്ധതിയിൽ പങ്കാളികളകണം. വരുമാനം വർദ്ധിപ്പക്കുന്നതു പോലെത്തന്നെ പ്രധാന്യം ചലവു ചുരുക്കന്നതിലുമുണ്ട്. വളരെ

ദരിദ്രമായ നമ്മുടെ പഞ്ചായത്തിൽ ചിലവു ചുരുക്കൽ അത്യന്താപേക്ഷിതമാണ്.

പ്രത്യൽപാദനപരമല്ലാത്ത ചിലവുകൾക്കാണ് നമ്മുടെ വിഭവങ്ങൾ 102ിലവഴിക്കുന്നത് എന്ന തിരിച്ചറിയൽ ഉണ്ടായേ ണതിയാകൂ, പുയ റോഡുകൾ നിർമ്മിക്കാൻ ചിലവിടുന്ന അത്രതന്നെ പഴയവ സംരക്ഷിക്കാനും ചിലവിടേണ്ടി വരുന്നു എന്ന ഭയാനക സത്യം നാം മനസിലാക്കണം. വാർഡുകൾ തോറും പന്നായത്ത് റോഡുകൾ മണ്ണിട്ട് അറ്റകുറ്റപ്പണികൾക്കും പ്രതി വർഷം ലക്ഷക്കണക്കിന് രൂപ ചിലവിടുന്നു. ടാർ റോഡുകൾ പാച്ച് ചെയ്യുന്നതിന്നും, റീ ടാർ ചെയ്യുന്നതിന്നും നമ്മുടെ വരുമാനത്തിൻെറ 40_50% ചിലവഴിക്കുന്നു. ഇത് ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ ജന സഹകരണം കൊണ്ട് കഴിയും. പഞ്ചായത്ത് റോഡുകളുടെ കാനകൾ തടസപ്പെടുത്തുന്നത് പലപ്പോഴും അതിൻെറ ഉപഭോക്താക്കൾ തന്നെയാകും. തക്കസമയത്ത് തടസം നീക്കാത്തതിവാൽ റോഡ് കുത്തിയൊലച്ച് ഗതാഗത യോഗ്യമല്ലാതാകുന്നു. തൻമൂലം റോഡിൻെറ നഷ്ടം, വാഹനം റിപ്പയർ ചെയ്യുന്ന നഷ്ടം, ഇന്ധന നഷ്ടം എന്നീ ഇനങ്ങളിൽ ഉണ്ടക്കുന്ന മൊത്തം നഷ്ടം എന്നിവ നാം ചിന്തിക്കുന്നില്ല. പുതിയവ നിർമ്മിക്കുന്ന സമയത്ത് ജന ങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ട് ടാർ റോഡുകൾ ഗുണനിലവാരം കുറയുന്നു. തൻമൂലം രണ്ടോ മൂന്നോ കൊല്ലം കൂടുമ്പോൾ മാത്രം റിപ്പയർ ആവശ്യമായ റോഡുകൾ കൃത്യമായി നടക്കുന്നുണ്ടോ, അസംസ്കൃത വസ്തുക്കൾ ആവശ്യത്തിന് ചേർക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ ജനങ്ങൾ ശ്രദ്ധിക്കാറില്ല. അതിനു പകരം ടാർ കത്തിക്കാനും, കള്ളപ്പണിക്കും ജനങ്ങഎ കൂട്ടു നൽകുന്നു. ഇത് റോഡിൻെറ ആയുസ്സിനെ ബാധിക്കുന്നു. പെതുമുതൽ സംരക്ഷിക്കുന്നതിു പകരം അവ നശിപ്പിക്കുന്നതിന്ന് കൂട്ടു നിൽകുകയാണ നാം. ഇക്കാരണത്താൽ തെരുവു വിളക്കുകൾ, റോഡുകൾ, കെട്ടിടങ്ങൾ എന്നിവക്ക് വേണ്ടി ചിലവിടുന്ന ലക്ഷങ്ങളെക്കുറിച്ച് നമുക്ക് ബൊധ്യമില്ലാതെ പോകുന്നു. നമ്മുടെ പുരോഗതിക്കു വേണ്ടി ഉപയോഗിക്കേണ്ട പണമാണ് നാം തന്നെ നശിപ്പിക്കുന്നത് എന്ന് തിരിച്ചറിയുക.

ചിലവു ചുരുക്കലും പാഴ് ചിലവ് നിയന്ത്രിക്കലും പോലെ പ്രധാനമാണ്. നമ്മുടെ സ്ഥാപനങ്ങളെ പരമാവധി ഉപയോഗപ്പെടുത്താം ആരോഗ്യ രംഗത്ത് നാം ചിലവിടുന്ന സംഖ്യ ആ രംഗത്ത് ഏതെല്ലാം പുരോഗതി കൈവരിച്ചു എന്ന് വിലയരുത്തുന്നതോടൊപ്പം നില മെച്ചപ്പെടുത്തുന്നതിനുള്ള ഫലപ്രദമായ ഇടപെടലുകൾ നടത്തണം. അതിനുള്ള ആരോഗ്യ സമിതികൾ രൂപീകരിക്കണം. കാർഷക രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എത്രമാത്രം ഫലപ്രദമാണെന്ന് പരിശോധിക്കണം.

പ്രവർത്തനം മെച്ചപ്പെടുത്താൻ ജനകീയ സമിതികൾ ഇടപെടണം. വിദ്യാഭ്യാസ രംഗത്ത് ചിലവിടുന്ന സംഖ്യ ഉദ്ദേശഇച്ച നേട്ടം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും മറ്റും രക്ഷാകർതൃ സമിതികളും മാതൃ സംഘങ്ങളും ഫലപ്രദമായി പ്രവർത്തിക്കണം. വിവിധ ഭാഗങ്ങളിൽ നാം ചിലവിടുന്നത് ഉദ്ദേശിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്ന് ഉറപ്പു വരുത്തേണ്ട ചുമതല ജനങ്ങളിൽ നിക്ഷിപ്തമാണെന്ന് ബോധ്യപ്പെടണം.

എല്ലാ വിഭാഗത്തിലും പെട്ട, എല്ലാ രാഷ്ട്രീയ പാർട്ടികളുമുള്ള ഗ്രാമപഞ്ചായത്താണ് നമ്മുടേത്. എല്ലാ പാർട്ടികളും രജ്യത്തിനു വേണ്ടിയും, പുരോഗതിക്കു വേണ്ടിയും പ്രവർത്തിക്കുന്നു. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മഹത്തായ ആശയം സഫലമാക്കാൻ നമ്മുടെ പഞ്ചയത്തിൻെറ അവസ്ഥ കൂടി മനസ്സിലാക്കുന്നത് നല്ലതാണ്. വോട്ട് ചെയ്യുന്നതോടുകൂടി തൺെറ ചുമതല

അവസാനിച്ചിരിക്കുന്നു എന്ന ധാരണയിലാണ് നാ്. അധികാരം ഏൽകുക എന്നത് ഖജനാവിൻെറ താക്കോൽ ഏൽക്കുക എന്ന ചിന്തയിലാണ് നമ്മിൽ പലരും. നമ്മുടെ

| | വിവിധ പദ്ധതിയിൽ ലഭിച്ച തുക | | ചിലവുകൾ | |
|---|---|---|---|---|
| | 1991-92 | 1995-96 | 1991-92 | 1995-96 |
| JRY Gen SC | 5,32,090.00 | 3,76,692.00 | ——— | ——— |
| M.I | 9,121.00 | 8,971.00 | ——— | ——— |
| V.T.C | 1,22,292.00 | 1,37,221.00 | ——— | ——— |
| UNITED | 1,17,365.00 | 2,96,000.00 | ——— | ——— |
| Tax & Rates Stamp Duty | 3,29,910.00 | 6,24,527.50 | ——— | ——— |
| Grants(Others) | 3,00,337.00 | 4,05,600.00 | ——— | ——— |
| Total | 141,1,115.00 | 18,49,011.00 | 12,49,285.00 | 20,00,000(Expt) |

## ഉപസംഹാരം

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണെന്നു പറയാം. ഇതിന് കഴിയണമെങ്കിൽ ഭൗതിക ജീവിതത്തിൻെറ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ വർദ്ധിച്ച തോതിൽ ലഭ്യമാക്കണം. അഥവാ കാർഷിക വ്യവസായ മേഖലകളുടെ ഉത്പാദനത്തി ൻെറയും സേവനങ്ങളുടെയും ദ്രുതഗതിയിലു ള്ള വർദ്ധന വികസനത്തിന് ഒരു മുൻ ഉപാധിയായിത്തീരും. എന്നാൽ സാമ്പത്തിക വളർച്ച ഒരു ന്യൂനപക്ഷത്തിൻെറ ധനിക വത്കരണത്തിലേക്കും ഭൂരിപക്ഷത്തിൻെറ ദരിദ്രവൽക്കരണത്തിലേക്കും നയിച്ചാൽ പോര. സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കണം. സമ്പത്തിൻെറ ഉൽപാതനം മാത്രമല്ല, നീതിപൂർവകമായ വിതരണവും കൂടി വികസനത്തിന്അനുപേക്ഷണീയ മാണ്. അവസാനയി ഈ വികസനം സ്ഥായികൂടിയായിരിക്കണം. സാമ്പത്തിക വളർച്ച ഇന്നുകൈവരിച്ചാൽ മാത്രം പോര നാളെയും നിലനിൽക്കുമെന്ന് ഉറപ്പു വരുത്താൻ കഴിയണം. നമ്മുടെ പ്രത്യക്ഷവും പരോക്ഷവുമായ പ്രവർത്തന ഫലങ്ങളുടെ ഹ്രസ്വകാലവും ദീർഘകാലവുമായ പ്രത്യാഘാതങ്ങൾ കണക്കിലെടുത്തുകൊണ്ട് വേണം സാമ്പത്തിക വളർച്ചയുടെ തന്ത്രത്തിന് രൂപം നൽകേണ്ടത്. ചുരുക്കത്തിൽ വികസനമെന്നാൽ സ്ഥായിയും നീതിപൂർവകവുമായ സാമ്പത്തിക വളർച്ചയാണ്. ഈ കാഴ്ചപ്പാടിലൂടെ കേരളത്തിലെ വികസനാനുഭവത്തെ വിലയിരുത്താനാണ് ശ്രമിക്കേണ്ടത്.

നാം നടപ്പിലാക്കിയ വികസന പ്രക്രിയയുടെ ഏകവും പ്രകീർത്തിക്കപ്പെട്ട ഒരുവശമാണ് നീതിപൂർവമായ വിതരണത്തിൻെറ കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടം. താരതമ്യേന താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ജീവിത ഗുണ മേൻമ ജനങ്ങൾക്ക് ഉറപ്പു നൽകുന്നതിന് നമുക്കു കഴിഞ്ഞിട്ടുണ്ട്. ഈ പ്രതിഭാസത്തിന് പിന്നിലേക്ക് കടന്നാൽമൂന്നു കാരണങ്ങൾ നമുക്കു കാണാൻ കഴിയും. ഇതിൽ ഒന്നാമത്തേത് സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് പൊതു വിദ്യാഭ്യാസവും പൊതു ആരോഗ്യവും പൊതു വിതരണ സംവിധാനവും ഏതാണ്ട് സാർവത്രികമാക്കിയതാണ്. രണ്ടാമത്തേത് ഭൂപരിഷ്കരണമാണ്. തിരു _കൊച്ചി പ്രദേശത്ത് 19ാം നൂറ്റാണ്ടിൽത്തന്നെ ഈ ദിശയിലേക്കുള്ള മാറ്റങ്ങൾ കാണാമെങ്കിലും ഈ നൂറ്റാണ്ടിലെ കർഷക പ്രസ്ഥാനമാണ് ഭൂ ഉടമ ബന്ധങ്ങളിൽ സമൂല മാറ്റം വരുത്തിയത്. ഭൂപരിഷ്കരണം നാട്ടിൻ പുറങ്ങളിലെ സമ്പത്തിൻെറ വിതരണം കൂടുതൽ നീതിപൂർവകമാക്കിത്തീർത്തു. ജനജീവിതത്തിൻെറ സർവതലങ്ങളിലും ഇത് ഗാഢമായ സ്വാധീനം ചെലുത്തി. മൂന്നാമതായി ട്രേഡ് യൂണിയൻ പ്രസ്ഥാനം തൊഴിലാളികളുടെ, പ്രത്യേകിച്ച് അസംഘടിത മേഘലയിലെ തൊഴിലാളിക ളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിൽ വിജയിച്ചു.

ദീർഘ കാലത്തെ സാമൂഹ്യ, രാഷ്ട്രീയ പ്രക്രിയയിലൂടെയാണ് കേരളത്തിലെ സാമാന്യ ജനങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, കിടപ്പാടം, റേഷൻ ഭക്ഷണം തുടങ്ങി അടിസ്ഥാനാവശ്യങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞത് എന്ന് മുകളിൽ കൊടുത്ത ഹ്രസ്വ വിവരണത്തിൽ നിന്ന് വ്യക്തമാണ്. സാമൂഹ്യ പരിഷ്കരണം, പ്രസ്ഥാനങ്ങൾ മുതലായ സമ്മർദ്ദ ശക്തികളോട് പ്രതികരിച്ചു കൊണ്ടാണ് കേരളത്തി വികസന പ്രക്രിയയുടെ പല വശങ്ങളും രൂപപ്പെട്ടത്. എന്തായാലും സാമൂഹ്യ ക്ഷേമത്തിൻെറ

നിലവാരം പരിഗണിക്കുമ്പോൾ കേരളത്തിൻെറ അവസ്ഥ ശ്രദ്ധേയമായ ഒരു മാതൃക തന്നെയാണ്. താഴ്ന്ന സാമ്പത്തിക നിലവാരത്തിലും ജനസമാന്യത്തിൻെറ ജീവിത നിലവാരം ഉയർത്താമെന്ന് നാം തെളിയിച്ചിരിക്കുന്നു. ഇന്ത്യൻ ജനതക്ക് മുഴുവൻ അടിസ്ഥാവശ്യങ്ങളായ ആഹാരം, പാർപ്പിടം, വിദ്യാഭാസം തുടങ്ങിയവ ലഭ്യമാക്കുന്നതിന്ന് തടസ്ഥമായി നിൽക്കുന്നത് സാമ്പത്തിക പിന്നോക്കാവസ്ഥ മാത്രമല്ലെന്ന് വ്യക്തം.

എന്നാൽ സാമ്പത്തിക വിതരണത്തിൻെറ മേഖലയിൽ നിന്ന് സാമ്പത്തിക ഉത്പാദനത്തിൻെറ മേഖലയിലേക്ക് നീങ്ങുമ്പോഴാണ് വികസനത്തിൻെറ ദൗർബല്യം വെളിവാകുന്നത്. വിദ്യാഭ്യാസം, ആരോഗ്യാദി മേഘലകളിലുണ്ടായിട്ടുള്ള മുന്നോക്കം സാമ്പത്തിക വളർച്ചയിലുണ്ടായിട്ടില്ല. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുടനീളം കേരളത്തിൻെറ ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ താഴ്ന്നതായി തുടരുന്നു. 1995ൽ ഇന്ത്യാക്കാരൻെറ ശരാശരി പ്രതി ശീർഷ ഉത്പാദനം 7,060 രൂപ ആയിരുന്നപ്പോൾ കേരളീയൻേറത് 6,242 രൂപ മാത്രമായിരുന്നു.

1970കളുടെ മദ്ധ്യം മുതൽ ഒരു ദശാബ്ദക്കാലത്തിലേറെ കാർഷികോൽ പാദനത്തിൽ വർദ്ധനയേ ഉണ്ടായിട്ടില്ല. ഇതിനൊരു കാരണം ദീർഘ കാല വിളകളിലേക്കുള്ള മാറ്റമാണ്. ഇപ്പോൾ വീണ്ടും കാർഷികോൽപദനം ഉയർന്നു തുടങ്ങിയിട്ടുണ്ട് എന്നത് ആശ്വാസ കരമാണ്. എന്നാൽ ഓരോ വിളയുടെയും, ഉത്പാദനച്ചെലവുകളുടെയും വർദ്ധനവിനനുസൃതായി കാർഷിക മേഖലയിലെ ഉത്പാദന ക്ഷമത ഉയരാത്തത് കൃഷിയെ അനാകർഷകമാക്കി. വ്യവസായ രംഗത്തെ നില ഇതിലേറെ പരിതാപകരമാണ്.

90കളിൽ വളരെ തുച്ഛമായ വ്യവസായ വളർച്ചയേ കേരളത്തിലുണ്ടായുള്ളൂ. പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി മൂർച്ഛിച്ചു
കൊണ്ടിരിക്കുന്നു. എന്നാൽ ഇവയ്ക്കു പകരം ആധുനിക വ്യവസായങ്ങ ഒട്ടുണ്ടാകുന്നുമില്ല. വൻകിട വ്യവസായങ്ങളുടെ കാര്യത്തിലാണെങ്കിൽ കേന്ദ്ര പൊതു മേഖലയുടെയും, ദേശീയ കുത്തകയുടേയും നിക്ഷേപം താരതമ്യേന കുറവാണിവിടെ. വൈദ്യുതക്ഷാമം നിലവിലുള്ള വ്യവസായങ്ങൾക്കുപോലും ഭീഷണിയായിത്തീർന്നിരിക്കുന്നു. അപ്പോൾ പിന്നെ പുതിയ വ്യവസായങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ.
ഉത്പാദന മേഖലയിലെ മുരടിപ്പുമൂലം തൊഴിലില്ലായ്മ ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുന്നു. തൊഴിലെടുക്കാൻ കഴിവും സന്നദ്ധതയും ഉള്ളവരിൽ 1/5 പേർക്ക് തൊഴിലില്ല. എത്ര അന്വേഷി ച്ചാലും തൊഴിൽ ലഭിക്കില്ലായെന്നതിനാൽ പലരും . തൊഴിൽ തേടൽതന്നെ അവസാനിപ്പിച്ച് വീട്ടിൽ ചടഞ്ഞു കൂടുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വളരെ കുറവാണ്. വികസന രംഗത്തെ സ്ത്രീകളുടെ ഈ അദൃശ്യത മാത്രമല്ല നാനാ തരത്തിലുള്ള ലിംഗപരമായ വിവേചനവും കേരളപെരുമക്കു മുൻപിൽ ചോദ്യചിഹ്നങ്ങളായി നിൽക്കുന്നു.

രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ പ്രതിസന്ധി ഘട്ടത്തിൽ ഫലപ്രദമായി സാമ്പത്തിക മേഖലയിൽ ഇടപെടുന്നതിനുള്ള സംസ്ഥാന സർക്കാറിൻെറ കഴിവും കുറഞ്ഞു കൊണ്ടിരിക്കുകയാണോ എന്നത് സ്ഥിതിഗതികളുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. ധനകാര്യ ഞരുക്കം കേന്ദ്രത്തിനും മറ്റു സംസ്ഥാന സർക്കാരുകൾക്കുമെല്ലാം ബാധകമാണെ ങ്കിലും കേരളത്തിൻെറ കാര്യത്തിൽ ഇതിന്നു പ്രത്യേക പ്രസക്തിയുണ്ട്. സ്ഥാന നികുതി സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന്ന് പല പരിമിതികളും

കേരളത്തിനുണ്ട്. അതേ സമയം സാമൂഹ്യക്ഷേമ ആവർത്തന ച്ചെലവുകളുടെ ഭാരം മറ്റേതു സംസ്ഥാനത്തേക്കാളും കൂടുതലായി ചുമക്കേണ്ടതായും വരുന്നു. ഇതിൻെറ ഫലമായി റവന്യൂ കമ്മി വർഷം തോറും വർദ്ധിച്ചു വരുന്നു. വികസന പ്രവർത്തനത്തിന് മിച്ചം വെയ്ക്കാൻ വരുന്ന തുക കുറഞ്ഞു വരുന്നു. കേരളത്തിൻെറ പ്രതിശീർഷ പദ്ധതിച്ചിലവ് അഖിലേന്ത്യാ ശരാശരിയേക്കാൾ താഴ്ന്നതാണ്.

സർക്കാരിൻെറ ഈ ധനകാര്യ കുഴപ്പം ഏറ്റവും പ്രതികൂലമായി ബാധിച്ചിരിക്കുന്നത് സേവന_ക്ഷേമ പ്രവർത്തനങ്ങളെയാണ്. നമ്മുടെ നിലവിലുള്ള വിപുലമായ ആരോഗ്യ വിദ്യാഭ്യാസ സംവിധാനത്തെക്കുറിച്ച് നേരത്തേ സൂചിപ്പിച്ചുവല്ലോ. മാറി വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഇവയെ പുനഃസംവിധാനം ചെയ്യുന്നതിലും ഗുണ നിലവാരം ഉയർത്തുന്നതിനും വലിയ തോതിലുള്ള മുതൽ മുടക്ക് കൂടിയേ തീരൂ. ഇതിന് സർക്കാരിന് കഴിയുന്നില്ല. തത്ഫലമായി അതി വേഗത്തിൽ ഈ പൊതു സംവിധാനങ്ങളാകെ ദുർബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദ്രുത ഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പു വരുത്തിക്കൊണ്ടല്ലാതെ നാം അനുഭവിച്ചു കൊണ്ടിരുന്ന സാമൂഹ്യക്ഷേമ നിലവാരം നിലനിർത്തുക അസാദ്ധ്യമാണ്.

സാമ്പത്തിക വളർച്ചയുടെ പിന്നോക്കാവസ്ഥ മാത്രമല്ല നമ്മുടെ പ്രശ്നം. ഇന്നത്തെ സാമ്പത്തിക വളർച്ച സ്ഥായിയല്ല. വനം, സമുദ്ര സമ്പത്ത് തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണത്തിലധിഷ്ഠി തമാണ് ഇന്നത്തെ സാമ്പത്തിക പുരോഗതി. പ്രകൃതി സമ്പത്തിൻെറ അതി ദ്രുത ശോഷണം വലിയ പ്രശ്നമായിത്തീർ ന്നിട്ടുണ്ട്. വൻതോതിലുള്ള വന നശീകരണവും പരമ്പരാഗത ജലസംരക്ഷണ രീതികളുടെ വിനാശവും കാരണം വേനൽക്കാല വരൾച്ച സ്ഥിരം പ്രശ്നമായിത്തീർന്നിട്ടുണ്ട്. പരിസ്ഥിതി തകർച്ച നമ്മുടെ കൃഷിക്ക് ഏറ്റവും വലിയ ഭീഷണിയായിത്തീർന്നിരിക്കുന്നു.

സാമ്പത്തിക രംഗത്തെ അപകടകരമായ സ്ഥിതിവിശേഷം പ്രകടമാക്കാത്തതിന് മുഖ്യ കാരണം ഗൾഫ് മലയാളികളിൽ നിന്നുള്ള പണത്തിൻെറ വരവാണ്. ഇതിൻെറ ഫലമായി ജനങ്ങളുടെ ഉപഭോഗ നിലവാരം അതിവേഗം ഉയർന്നു. കെട്ടിട നിർമ്മാണത്തിലും, ഉപഭോഗ വസ്തുക്കളിലുമുള്ള അഭിനിവേശം നിമിത്തം ഗൾഫ് വരുമാനത്തിൻെറ ഗുണഫലങ്ങൾ ഉൽപാദന മേഖലക്ക് പ്രയോജനപ്പെടുത്താ ൻ കഴിയുന്നില്ല.

ഈ സ്ഥിതി വിശേഷം കൂടുതൽ ഗുരുതരമായി തീരുന്നതിനുള്ള സാധ്യതകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ നമ്മുടേതു പോലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ നില കൂടുതൽ പരുങ്ങലിലാക്കുന്നു. ലൈസൻസിങ്ങിൻേറയും മറ്റും ഉദാരവൽക്കരണംമൂലം വ്യവസായ നിക്ഷേപം കൂടുതൽ മുന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലേക്ക് ഒഴുകുന്നതിനുള്ള സാധ്യത ഏറിയിരിക്കുന്നു. റേഷൻ 'വിലക ൾ കുത്തനെ ഉയരുന്നതും നിയന്ത്രിത വിലകളിൽ അയവുവന്നിരിക്കുന്നതും മൂലം നിത്യോപയോഗ സാധനങ്ങളുടെ വില ഗണ്യമായി ഉയരുന്നു. അതേസമയം നമ്മുടെ ഉൽപ്പന്നങ്ങളുടെ വില ആനുപാ തികമായി ഉയരുന്നുമില്ല.

ഈ പ്രതിസന്ധി ഒരു സാമൂഹ്യ_ രാഷ്ട്രീയ വെല്ലുവിളിയാണ്. ഇതു തുടർന്നാൽ നാനാവിധ ശിഥിലീകരണ ജനാധിപത്യവിരുദ്ധ പ്രവണതകൾക്ക് നമ്മുടെ പ്രദേശം വിളനിലമായിത്തീരും. ആയതിനാൽ ജാതി, മത, രാഷ്ട്രീയ പരിഗണനകൾക്കതീതമായി

നാടിൻെറ നൻമയിൽ താത്പര്യമുള്ള ഏതൊരു പൗരൻെറയും കടമയാണ് ഇന്നത്തെ വികസന പ്രതിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണുകയെന്നത്. മുൻകാല അനുഭവങ്ങളെ വിമർശനബുദ്ധ്യാ പരിശോധിക്കുക, മാമൂൽ വിട്ട് ചിന്തിക്കുക, പുതിയൊരു പ്രവർത്തനശൈലി കരുപ്പിടിപ്പിക്കുക.

പ്രശ്നങ്ങളെല്ലാം നമുക്ക് പരിഹരിക്കാനാവില്ല, കാരണം ഇവയെല്ലാം നമ്മുടെ മാത്രം തനതു പ്രശ്നങ്ങളല്ല. ഏറിയും കുറഞ്ഞും രാജ്യമൊട്ടാകെ ഇത് ബാധകമാണ്. എന്നാൽ സാമ്പത്തിക വളർച്ചയിൽ പിന്നോക്കം നിൽക്കുന്ന പ്രദേശമെന്ന ഇന്നത്തെ അവസ്ഥയിൽ നിന്ന് കരകയറാൻ നമുക്ക് കഴിയണം. നമ്മുടെ സാമ്പത്തിക വളർച്ചക്ക് വേഗത കൂട്ടാനാകുമോ എന്നതാണ് അടിസ്ഥാന പ്രശ്നം.

നാം ഇന്നു നേരിടുന്ന വികസന വെല്ലുവിളികളെ ഇപ്രകാരം സംക്ഷേപിക്കാം.

1. പശ്ചാത്തല സൗകര്യ മേഖലയിൽ, പ്രത്യേകിച്ച് വൈദ്യുതി രംഗത്ത്, നേരിടുന്ന പ്രതിസന്ധിയെ യുദ്ധകാലാടിസ്ഥാനത്തിൽ എങ്ങനെ പരിഹരിക്കാനാവും ?

2. നമ്മുടെ വിഭവങ്ങൾക്കും തൊഴിൽ വൈദഗ്ദ്ധ്യത്തിനും അനുയോജ്യമായ വ്യവസായ മേഖലകളിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ എപ്രകാരം ആകർഷിക്കാൻ കഴിയും ?

3. പരമ്പരാഗത കുടിൽ വ്യവസായ മേഖലയുടെ ഉത്പന്നങ്ങൾക്ക് വൈവിധ്യവൽക്കരിക്കുന്നതാന്നും ആധുനികവൽക്കരിക്കുന്നതിന്നും, കമ്പോള ഞെരുക്കത്തിൽ നിന്ന് അവയെ രക്ഷപ്പെടുത്തുന്നതിന്നും മാർഗ്ഗമെന്ത് ?

4. കാർഷിക മേഖലയിലെ ഉത്പാദനവും ഉത്പാദനക്ഷമതയും എങ്ങിനെ ഉയർത്താം.?

5. തൊഴിലില്ലായ്മയുടെ രൂക്ഷത എങ്ങിനെ കുറയ്ക്കാം ?

6. വിദ്യാഭ്യാസ ആരോഗ്യ മേഖലകളുടെ ഗുണനിലവാരം എപ്രകാരം മെച്ചപ്പെടുത്താം?

7. സ്ത്രീകളെ വികസനപ്രക്രിയയിൽ എപ്രകാരം പങ്കാളികളാക്കാം ?

8. വികസന പ്രക്രിയയുടെ മുഖ്യധാരയിലേക്ക് പട്ടികജാതി, പട്ടികവർഗ്ഗക്കാർ തുടങ്ങിയവരെ എപ്രകാരം പൂർണ്ണമായും കൊണ്ടുവരാം ?

9. ദാരിദ്ര്യജന്യ രോഗങ്ങൾ, കുടിവെള്ള ക്ഷാമം, ഭവനരാഹിത്യം തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ദാരിദ്ര്യത്തിൻെറ തുരുത്തുകൾ എങ്ങനെ ഇല്ലാതാക്കാം ?

10. വിഭവശോഷണവും പാരിസ്ഥിതിക തകർച്ചയും നിയന്ത്രിച്ച് സ്ഥായിയായ ശവികസനപ്രക്രിയക്ക് എങ്ങനെ തുടക്കം കുറിക്കാം ?

പ്രശ്നങ്ങൾ ഇനിയുമേറെയുണ്ട്, എന്നാൽ അവ പരിഹരിക്കാൻ നമ്മുടെ കൈയിലുള്ള മാർഗ്ഗങ്ങൾ പരിമിതമാണ്. ആയതിനാൽ ആസൂത്രിതമായി നീങ്ങിയേ തീരൂ........